കരുണയും—

കുചേലവൃത്തവും.

ആര്യഭടൻ.

കരുണയും—

കുചേലവൃത്തവും.

ആര്യഭടൻ,

അമ്പലപ്പുഴ.

All rights reserved.

കരുണയും കുചേലവൃത്തവും.

അവതരണം.

മഹാകവി കുമാരനാശാൻ അവർകളുടെ കമനീയമായ കവിതാവ്യവസായത്തിന്റെ പരിണതഫലമാണ് "കരുണ". കൈരളിയെക്കൊണ്ടു കൈകാര്യം ചെയ്യിക്കുന്നാമാവായി വിജയിക്കുന്ന സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള അവർകൾ, രാമണീയകനിധിയായ ആ കരുണയെ പൊതുജനസമക്ഷം നഗ്നയാക്കിക്കാണിക്കുവാൻ ഉദ്യമിക്കുന്നു എന്നതു് സാഹിത്യോദ്യാനത്തിൽ സാദരം വിഹരിക്കുന്ന അസ്മാദ്ദശന്മാർക്ക് ദുസ്സഹമായ ക്ലേശത്തിനു കാരണമായിത്തീർന്നിരിക്കുന്നു. ലോകവൃത്തം ഗ്രഹിച്ചും ശാസ്ത്രതത്ത്വം അനുസ്മരിച്ചും കാവ്യജ്ഞശിക്ഷാപാടവം സമ്പാദിച്ചും അഗണ്യപുണ്യഫലമായ പ്രതിഭയെ ഉപലാളിച്ചും സമുല്ലസിക്കുന്ന മഹാകവികളിൽ നിന്ന് മഹനീയോദ്ദേശ്യത്തെപ്പുരസ്കരിച്ചു പ്രപൂതമാകുംവണ്ണം പ്രസരിക്കുന്ന കാവ്യതല്ലജങ്ങളെക്കുറിച്ചു വിമർശിക്കുവാൻ പുറപ്പെട്ടവർ ആ മഹാകവികളാൽ പ്രയോഗിക്കപ്പെട്ടിട്ടുള്ള രമണീയാർത്ഥപ്രതിപാദകങ്ങളായ ശബ്ദങ്ങളുടെ ഔചിത്യത്തേയും ഉദ്ദേശ്യപരിശുദ്ധിയേയും സന്ദർഭഗൗരവത്തേയും ശരിയായി ഗ്രഹിച്ചിരിക്കണമെന്നുമാത്രമല്ല, വ്യക്തിപരമായ ബഹുമതിയെ സമാശ്രയിച്ചും ഇരിക്കണമെന്നതു് ഇയ

വസരത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. കാവ്യജീവിത മായ വ്യംഗ്യത്തെ ആഹ്ലാദകതപംകൊണ്ടു വാച്യാതിശായി യാക്കുന്നതിനപുറമേ അതിനെ അനന്യസാധാരണമാകുംവ ണ്ണം ധർമ്മബോധത്തിന്നനുഗുണമാക്കിയിണക്കി രചിക്കപ്പെ ട്ടിട്ടുള്ള "കരുണ"യുടെ അന്തർവശത്തെ സ്പർശിക്കാതെയും അതിന്റെ വേധസ്സായ മഹാകവിയിൽ സപ്രമെങ്കിലും ബഹുമതി പ്രദർശിപ്പിക്കാതെയും ആണ് ബഹുമാന്യനായ സാഹിത്യപഞ്ചാനനൻ, ഒട്ടധികം സഹൃദയന്മാരാൽ ബഹു ജനസമക്ഷം ഉപഹരിക്കപ്പെടുന്ന "സഹൃദയ"മാസികയിൽ നിരൂപണം നിർവഹിക്കുന്നതു്.

സുരഭിലവും സുന്ദരവുമായ വീണപൂവിനാൽ വാ ഗ്ദേവതയെ സമാരാധിച്ചുംകൊണ്ട് അനുഗൃഹീതനായി സാഹിത്യപ്രപഞ്ചത്തിൽ പ്രത്യക്ഷപ്പെട്ട മഹാകവി കുമാര നാശാനെ, നാളതുതുടങ്ങി നാളിതുവരെ സവർണ്ണപണ്ഡിത ന്മാരാരുംതന്നെ വർഗ്ഗവിദ്വേഷം മൻനിറുത്തി കലുഷമായ നേത്രകോണംകൊണ്ടു നിരീക്ഷിക്കുന്നതായി എനിക്കറി യാൻ സാധിച്ചിട്ടില്ല. "കുമാരനാശാന്റെ കൃതികൾ വള രെ സുകുമാരങ്ങളാണെന്നും അവയെപ്പറ്റി ഉച്ചൈസ്വരം സ്തുതിക്കാനല്ലാതെ മറാക്കുമധികാരമില്ലെന്നും സവർണ്ണീയ രായ ചില സാഹിത്യമുംബകന്മാർ കലശൽകൂട്ടിക്കണ്ടിട്ട ണ്ട്. സമുദായഭിത്തി കെട്ടിപ്പൊക്കാതെ സാഹിത്യത്തിനു് ഉണ്ടെന്നു പറയുന്ന സൌഷ്ഠവം സാധിക്കുവാൻ സാധ്യമല്ലെ ങ്കിൽ അതു് ഒരുമാതിരി തൊട്ടാവാടിസ്സാഹിത്യമായിരി ക്കണം", എന്നുള്ള സാഹിത്യപഞ്ചാനനന്റെ പ്രസ്താവന

ത്തെ അസ്സകലുഷന്മാരാരുംതന്നെ വിസ്മയത്തോട്ടുകൂടിയല്ലാതെ ശ്രദ്ധിക്കുകയില്ല എന്നാണ് എന്റെ വിശ്വാസം. മൂടലവസ്ഥവായ സാഹിത്യോദ്യാനത്തിൽ വികസിച്ച മധുരമധു തുകുന്ന ആശാന്റെ കവിതാവാസന്തിയെ "തൊട്ടാവാടി"യായിക്കാണുന്നതു പഞ്ചാനനനാണല്ലോ എന്നുവെച്ചു സഹിക്കാവതാണോ? ആശാന്റെ കാവ്യതല്ലജങ്ങളെ സ്വാഗതം ചെയ്തു സ്വീകരിച്ചതും അനുപഹസനീയമായ അധിപ്രസരത്തോട്ടുകൂടിയവയാണ് അവയെന്നു സബഹുമാനം ശ്ലാഘിച്ചതും സാഹിത്യക്ഷേത്രത്തിൽ അവയെ സ്ഥിരപ്രതിഷ്ഠങ്ങളാക്കിയതും സവർണ്ണീയരല്ലെന്നും പ്രത്യുത സാഹിത്യസർവ്വസ്വവിത്തുകളായ സവർണ്ണരാണെന്നും ഉള്ള വസ്തുത അറിയാത്തവർ ഇന്നു കൈരളീസമാരാധകന്മാരുടെ ഇടയിൽ ആരുംതന്നെ ഇല്ലെന്നു പറഞ്ഞാൽ ആരും എതിർക്കുകയില്ല.

നിഷ്പക്ഷപാതവും സവിശേഷവുമായ പ്രശംസനം ചെയ്തുകൊണ്ട് "വീണപൂവി"നെ പ്രസാദബുദ്ധ്യാ ഭാഷാപോഷിണിയിൽ കൂടി സാഹിത്യസുഹൃത്തുകർക്കു പ്രദാനം ചെയ്തത് സുപ്രസിദ്ധസാഹിതീപൂജകനായ ബ്രഹ്മശ്രീ. സി. എസ്സ്. സുബ്രഹ്മണ്യൻപോറ്റി അവർകളാണല്ലോ. കേരളഭാഷാസാഹിത്യസമുദ്രത്തിന്റെ മുകര കാണുന്നതിന് ഭാഷാഭ്രഷ്ണാദി ഗ്രന്ഥങ്ങൾ കൊണ്ടു സേതുബന്ധനം ചെയ്തു സൌകര്യമുണ്ടാക്കിയ അഹേതുകകൃപാസിന്ധുവായ പണ്ഡിതകവിസാർവ്വഭൌമൻ എ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്, മഹാകവിയുടെ നളിനിയെ അവതരിപ്പിക്കുമ്പോൾ ഇങ്ങനെപറയുന്നു:—

"ഗതാനുഗതികത്വത്തേക്കാൾ നവനവോല്ലേഖകല്പനയിലാണ് കവികൾ അധികം ദൃഷ്ടി വെക്കേണ്ടതെന്ന് ഈ ഖണ്ഡകാവ്യം വായിക്കുന്നവക്ക് നല്ലവണ്ണം ബോധപ്പെടും. ഇക്കാലത്തെ കവിതാഗതി നോക്കുമ്പോൾ ഇതൊരു പുതിയ പ്രസ്ഥാനമാണെന്നതിനു സംശയമില്ല.

വാസനയുണ്ടെങ്കിൽ ആവലും അമ്പിളിയും വണ്ടും തണ്ടാരും, എല്ലാംകൂടി ഒന്നിച്ചും വെവ്വേറെയും അങ്ങുമിങ്ങും വെച്ചുകെട്ടാതെതന്നെ നല്ല അലങ്കാരങ്ങൾ ഉണ്ടാക്കാമെന്നും ആ പുതിയമോടികൊണ്ട് കവിതയ്ക്ക് ഭംഗിക്കുട്ടലല്ലാതെ കുറവുവരികയില്ലെന്നും ഈ ചെറിയകാവ്യം ധാരാളം കാണിച്ചിട്ടുണ്ട്. വാല്മീകി, വ്യാസൻ, കാളിദാസൻ മുതലായ മഹാകവികളുടെ കൃതികളിൽ ഗ്രഥമായിട്ടെങ്കിലും അന്തർഭവിക്കാത്ത ആശയങ്ങൾ ഉല്ലഭമായാലും കണ്ടാലറിയാത്തവിധം വേഷംമാറിയും സന്ദർഭത്തിന്നനുസരിച്ച് ഏറക്കുറവുവരുത്തിയും അവയെ പ്രയോഗിക്കേണ്ടതാണെന്ന് പലഘട്ടങ്ങളിലും ഇതു തെളിയിച്ചിട്ടുണ്ട്.

ഏതെങ്കിലും ഒരു പഴയ ഇതിവൃത്തം എടുത്ത് വല്ലപൊടിയും വച്ച് കുറച്ചൊന്നു മിനുക്കി ആദ്യവസാനം ഓരോ മംഗളവും ചേർത്ത് ചൊല്ലുന്നതല്ല കവിയുടെ മനോധർമ്മമെന്ന് ഈ കാവ്യത്തിന്റെ പുറമേയുള്ള ആകൃതികൊണ്ടുതന്നെ അറിയാവുന്നതാണ്. ഇതിലെ കഥാവസ്തു കല്പിതമാണെന്നുമാത്രമല്ല അതിന്റെ രീതിയും അസാധാരണമായിരിക്കുന്നു. സാധാരണക്കാർ രജോഗുണപ്രധാനമാണെന്നും ആ ഗുണത്തെ പോഷിപ്പിക്കുന്ന സാമഗ്രികൾ

കൊണ്ടുമാത്രം പുഷ്ടിപ്പെടുന്നതാണെന്നും കരുതി വണ്ണിച്ചു വരുന്ന ശൃംഗാരംതന്നെയാണ് ഇതിലെ സ്ഥായിയായ രസമെങ്കിലും പ്രാപഞ്ചികവ്യവഹാരങ്ങളിൽ നിന്നൊഴിഞ്ഞു് സതഃഗുണവൃത്തിയവലംബിച്ചുകൊണ്ടിരിക്കുന്ന നിലയിലും ആ അനുരാഗം വർദ്ധിക്കുന്നതായിട്ടാണ് കാണിച്ചിരിക്കുന്നത്. പരിശുദ്ധമായ അനുരാഗത്തിന്റെ അല്ലെങ്കിൽ കലർപ്പില്ലാത്ത ശൃംഗാരരസത്തിന്റെ സൂക്ഷ്മസ്ഥിതി ഗ്രഹിക്കുന്നതിൽ ഈ സംഗതി ഏറ്റവും ഉപയുക്തമായിട്ടുണ്ടെന്നു വേറേ പറയേണ്ടതില്ല.

കഥാവസ്തു പഴയതായാലും പുതിയതായാലും അതിന്റെ നിർവഹണം കാര്യമെല്ലാം സാധിച്ചു ഭരതവാക്യവുംകൂടി കഴിഞ്ഞമട്ടായിരിക്കണമെന്നു ഭാഷാകവികൾക്കല്ല സംസ്കൃതകവികൾക്കുംകൂടി പണ്ടേയുള്ളതാണ്. പണ്ടേതന്നെ വലിയ നിബ്ബന്ധമുള്ളതുപോലെയാണ് കണ്ടുവരുന്നതു്. സംഭോഗശൃംഗാരത്തെക്കാൾ വിപ്രലംഭശൃംഗാരത്തിനു് ആസ്വാദ്യത അധികമുണ്ടെന്നുള്ളതിൽ വാദമില്ലാതിരിക്കെ അർത്ഥമില്ലാത്ത ഈ നിബ്ബന്ധത്തിൽപെട്ടു് രസസ്ഫൂർത്തിക്കു വിശ്രാന്തിവരുത്തിക്കലോശിപ്പിക്കുന്നതു് അത്യാവശ്യമല്ലെന്നു ഈ കാവ്യത്തിലെ നിർവഹണം നമുക്കു മനസ്സിലാക്കിത്തരുന്നു."

കാവ്യത്തിന്റെ ജീവനിൽ ജീവനായ രസത്തെ അതിലും വിശിഷ്യരസങ്ങളിൽവെച്ചു് പ്രധാനമായ ശൃംഗാരരസത്തെ ഔചിത്യപൂർവം പ്രയോഗിക്കുന്നതിനുള്ള ആശാന്റെ അന്യാദൃശമായ നൈപുണ്യത്തെ മാത്സര്യദോഷം

തീണ്ടാതെ തമ്പുരാൻ തിരുമനസ്സുകൊണ്ടു വിവരിക്കുന്നതു് നിരുപകന്മാക്കു് ഏവക്കും പഠിക്കുവാനതകുന്ന പാഠമായിരിക്കുന്നു. സാഹിത്യരഹസ്യം അറിയുകയും അതിനെ ഔചിത്യപൂർവ്വം പ്രയോഗിക്കുകയും ചെയ്യുന്ന ഒരു ആര്യകവിയായിട്ടുമാത്രമല്ല, നവീനസാഹിത്യത്തിന്റെ ഒരു ഉത്തമ സംസ്ഥാപകനായിട്ടും ക്രിയാണു് മഹാകവി കുമാരനാശാനെ തമ്പുരാൻ സംവീക്ഷിക്കുന്നതെന്നുള്ളതും എടുത്തുപറയേണ്ടതായിട്ടുണ്ടു്.

"ഇന്നത്തെ ഭാഷാഭിമാനികളിൽ അഗ്രഗണ്യനും പണ്ഡിതകവിവര്യനും" എന്നു വിശ്രുതനായ ബ്രഹ്മശ്രീ ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകൾ ആശാന്റെ കവിതോദ്യമത്തെ മുൻനിറുത്തി ഇപ്രകാരം പറയുന്നു.:—

"ഭാവഗംഭീരങ്ങളും ആലോചനാമൃതങ്ങളുമായ കവനതല്ലജങ്ങളെക്കൊണ്ടു് കൈരളീദേവിയെ ചിരിതാത്ഥയാക്കുന്ന അപൂർവ്വം ചില അനുഗൃഹീതപുരുഷരത്നങ്ങളുടെ ഇടയിൽ ആശാനവർകൾക്കു് ഇതിനു വളരെമുൻപുതന്നെ ലബ്ധമായിട്ടുള്ള സ്ഥാനം എത്രമാത്രം ഉൽകൃഷ്ടവും ഉജ്ജ്വലവുമാണെന്നുള്ളതു് സകല സഹൃദയന്മാക്കും സർവ്വസമ്മതമായിട്ടുള്ള ഒരു തത്വമാകയാൽ അതിന്റെ പ്രകാശനത്തിനോ പരാമർശത്തിനോ ആയി ഞാൻ ഈ അവസരത്തിൽ ആരംഭിക്കുന്നതു് അക്ഷന്തവ്യമായ ഒരു അപരാധമായിരിക്കും.

നവനവോന്മേഷശാലിനിയായ പ്രജ്ഞയുടെ ഉത്ത

രോത്തരമായ ഉൽക്കഷ്ടത്തോട്ടുകൂടിയുള്ള പ്രതിഫലനമാ ണു് യഥാർത്ഥകലാകൗശലതയുടെ മാനദണ്ഡമെങ്കിൽ ആ പരീക്ഷയിൽ ആശാനവക്ഠംക്കു് സിദ്ധിച്ചിട്ടുള്ള വിജയം അനന്യസാധാരണമാണെന്നു് ആർക്കും നിസ്സംശയം പറയാം. ഓരോനാൾ പോകുന്തോറും ഈ മനോഹരമായ കുസുമ ത്തിന്റെ സൌഷ്ഠവവും സൌരഭ്യവും ഒന്നിനൊന്നു വളർന്നു വരുന്നു എന്നുള്ളതു് കേരളത്തിന്റേയും കേരളീയരുടേയും ഭാഗധേയപരിണാമമെന്നേ പറയേണ്ടതുള്ളൂ."

സാഹിത്യോദ്യാനത്തിലെ പുംസ്കോകിലമായ ഉള്ളൂ രിന്റെ ഈ കളാലാപം, ആശാന്റെ പരിപക്വമായ കാ വ്യത്തിന്റെ മധുരിമയുടെ മഹിമയെ ഉദ്ഗിരണംചെയ്യുന്നു. ആശാന്റെ കാവ്യങ്ങളെ പൊതുജനസമക്ഷം അവതരിപ്പി ക്കുന്നതിൽ കൌതുകം പ്രദർശിപ്പിച്ചിട്ടുള്ള വിമർശനപടുക്ക ളായ ആറ്റൂർ കൃഷ്ണപ്പിഷാരടി, നന്ത്യാർവീട്ടിൽ പരമേശ്വ രൻപിള്ള എന്നീ മഹാന്മാരും ഇവിടെ സ്മരണീയന്മാരാ ണു്. ഇവരിൽ ആരുംതന്നെ ആശാനെപ്പറ്റി "ഉച്ചൈ സ്തരം സ്തുതിക്കുന്നആശാന്റെ സവർണ്ണീയരായ സാഹിത്യ ചുംബകന്മാർ" അല്ലെന്നും, "സമുദായഭിത്തി കെട്ടിപ്പൊക്കാ തെ സാഹിത്യത്തിനുണ്ടെന്നുപറയുന്ന സൌഷ്ഠവം സാധി പ്പിക്കുവാൻ" പുറപ്പെട്ടവരല്ലെന്നും ഇയവസരത്തിൽ സാ ഹിത്യപഞ്ചാനനനെ സ്മരിപ്പിക്കുന്നതു് നിർമ്മത്സരന്മാരായ മഹാപണ്ഡിതന്മാരിലുള്ള ബഹുമതികൊണ്ടാകുന്നു.

വർണ്ണീയവ്യത്യാസം, മതവിദ്വേഷം മുതലായവ മുൻനിറുത്തി കലഹിച്ചുകൊണ്ടു് നാരകീയമായ ഏതോ

ഒരു ദശാന്തരത്തിലേയ്ക്കു പാഞ്ഞുപോകുന്ന ഭാരതീയജനതതിയെ സാഹോദര്യകാഹളം മുഴക്കി ഐക്യത്തിലേയ്ക്കു ക്ഷണിക്കുവാൻ ഹൃദയമുള്ളവരാസകലം സന്നദ്ധരാകുന്ന ഈ പാവനാവസരത്തിൽ, അലൌകികമായ ആഹ്ലാദവും ശാന്തിയും പുലർത്തുന്ന സാഹിത്യപ്രപഞ്ചത്തിൽ കടന്ന് അവിടേയും വർഗ്ഗീയവിദ്വേഷബീജം പാകിമുളപ്പിക്കുവാൻ ശ്രമിക്കുന്നതു് ധർമ്മദേവതയുടെ പേരിൽ കാണിക്കുന്ന അക്ഷന്തവ്യമായ അപരാധമാണ്. ജാതിസ്പർദ്ധയും മതദ്വേഷവും അകറ്റി, ആത്മാവിലുള്ള ഐക്യത്തെ വെളിപ്പെടുത്തി, ആഷ്സന്ദേശം ചരിതാർത്ഥമാക്കുന്നതിനവതരിച്ചിട്ടുള്ള ഒരു മഹനീയ സംഘത്തിന്റെ ആദർശനായകൻ എന്ന നിലയിൽ കേരളം ചുറ്റിസ്സഞ്ചരിച്ചുകൊണ്ടിരിക്കുന്ന എനിക്ക് പല പ്രസംഗമഞ്ചങ്ങളിൽ വെച്ചും സാഹിതീസമാരാധനത്തിനും സൌകര്യം ലഭിക്കാറുണ്ട്. കാളേജുകളിലും ഹൈസ്കൂളുകളിലും മറ്റും സാഹിത്യസമാജങ്ങളിൽ ക്ഷണിക്കപ്പെട്ടുമ്പോൾ ആഭരപൂർവ്വം ഞാൻ അവയിൽ സംബന്ധിക്കാറുമുണ്ട്. എന്നാൽ മഹാകവികളായ വള്ളത്തോൾ, ഉള്ളൂർ, ആശാൻ എന്നിവരുടെ കാവ്യങ്ങളെ അധികരിച്ച് പ്രവർത്തകന്മാരുടെ നിർദ്ദേശം അനുസരിച്ചു പ്രസംഗിക്കുവാൻ പ്രേരിതനാകുമ്പോൾ വർഗ്ഗീയവിദ്വേഷോദ്ദീപകമാകുമാറു് ഒറ്റവാക്കുപോലും ഉപയോഗിക്കാറില്ലെന്നുള്ളതിന് ബഃ സാഹിത്യപഞ്ചാനനൻ തന്നെയും സാക്ഷിയാണ്. സവർണ്ണരുടെ പ്രത്യേക ശ്രദ്ധയിൽ നടത്തപ്പെട്ടുന്ന സാഹിത്യസമാജങ്ങളിൽ ആശാന്റെ കവിതയെക്കുറിച്ചുതന്നെ പ്രസംഗിക്കുന്നതിനു ഞാൻ നിർബ്ബന്ധിതനാകാ

ുള്ള അവസരങ്ങളിലെല്ലാം അവരിൽനിന്നും ഞാൻ ആഗ്ര
ഹിക്കാത്തമാതിരിയിലുള്ള പ്രോത്സാഹനങ്ങളാണ് എനിക്കു
ലഭിച്ചുകൊണ്ടിരിക്കുന്നതെന്നുള്ള വസ്തുത സന്തോഷപൂർവ്വം
പ്രസ്താവിക്കുന്നതിന് ഈയവസരം ഞാൻ ഉപയോഗിച്ചു
കൊള്ളട്ടെ. ഇത്രയും തുറന്നുപറയുവാൻ ഞാൻ ഉദ്ദുക്ത
നായത് ആശാനവർകളുടെ കാവ്യതല്ലജത്തിന്റെ നേരേയു
ള്ള ബഹുമാന്യനായ സാഹിത്യപഞ്ചാനനന്റെ അവജ്ഞാ
ബുദ്ധിപ്രകടനത്തിനോട് എതിരിടുന്നതു വർഗ്ഗീയവിദ്വേഷ
ത്തിന്റെ കണികപോലും കരളിൽ കലർത്തിയുംകൊണ്ടല്ലെ
ന്നുള്ള പരമാർത്ഥം വ്യക്തമാക്കുന്നതിനുമാത്രമാണ്.

പണ്ഡിതനെന്നു വിശ്വസിക്കപ്പെടാവുന്ന വാസ
നാസമ്പന്നനായ ഒരു നല്ല കവിയാണ് രാമപുരത്തു വാര്യർ.
രണ്ടു നൂറ്റാണ്ടുകൾക്കു മുമ്പാണ് അദ്ദേഹം ജീവിച്ചിരു
ന്നത്. അന്നത്തെ അദ്ദേഹത്തിന്റെ വിദ്യാഭ്യാസസ്ഥിതി
ക്കും പരിസരങ്ങളിലുള്ള ജനങ്ങളുടെ മനസ്ഥിതിക്കും മതവി
ശ്വാസത്തിനും ആചാരാനുഷ്ഠാനസമ്പ്രദായങ്ങൾക്കും ഭാഷ
യുടെ വളർച്ചയ്ക്കും പൊതുവേയുള്ള രാഷ്ട്രീയബോധത്തിനും
അനുരൂപമായിട്ടേ അദ്ദേഹത്തിനു കവിതപ്രദർശിപ്പി
ക്കുന്നതിനു സാധിക്കയുള്ളൂ. ദാരിദ്ര്യമഗ്നനായ അദ്ദേഹം
ഏതാനും പദ്യങ്ങൾ എഴുതിയുണ്ടാക്കി, വയ്യത്തു് എഴുനെ
ള്ളിയിരുന്ന തിരുവിതാങ്കൂർ മഹാരാജാവു തിരുമനസ്സിനെ
മുഖംകാണിച്ചു് അടിയറ വെയ്ക്കുകയും മഹാരാജാവു തിരി
ച്ചെഴുനെള്ളുമ്പോൾ കടവിൽ ഹാജരായി നില്ക്കുകയും
തിരുമനസ്സിനാൽ സംവീക്ഷിതനും ബോട്ടിൽ കയറിക്കൊ

ള്ളുന്നതിനും ഒരു വഞ്ചിപ്പാട്ടുണ്ടാക്കുന്നതിനും ആജ്ഞാപിക്കുന്നതിനും ആവുകയും തന്റെ തൽക്കാലസ്ഥിതിക്കനുസരിച്ച കുചേലചരിത്രം തിരഞ്ഞെടുത്തു് കവിത എഴുതുകയും ചെയ്യുന്നു.

കുമാരനാശാനാകട്ടെ, ഒരു നോട്ടത്തിനുതന്നെ ലോകത്തിന്റെ സകലവശങ്ങളും കാണത്തക്കവണ്ണം, പരിഷ്കാരസൂര്യൻ നട്ടുച്ചയ്ക്കു് എത്തിക്കഴിഞ്ഞ ഈ ഇരുപതാംനൂറ്റാണ്ടിലാണു് ജീവിതം നയിക്കുന്നതു്. ബംഗാളത്തിലും മറ്റും താമസിച്ചു്, കാലസ്ഥിതിക്കനുസരിച്ച സംസ്കാരം സമ്പാദിച്ച മഹാചാര്യന്മാരുടെ കീഴിൽ ഉത്കൃഷ്ടസംസ്കൃതവിദ്യാഭ്യാസം ചെയ്തും വിവിധജാതിമതസ്ഥരായ മഹാന്മാരുമായി ഇടപെട്ടു പരിചയിച്ചും ഇംഗ്ലീഷുഭാഷാവിജ്ഞാനം ആർജ്ജിച്ചും മഹർഷി നാരായണഗുരുസ്വാമികളുടെ പരിപാവനസാന്നിദ്ധ്യം ആശ്രയിച്ചു് ആധ്യാത്മികാനുഭവികജ്ഞാനത്തിൽ അടിയുറച്ചും സമ്പൂർണ്ണവുമായ ഹൃദയവികാസത്തോടുകൂടിയാണു് അദ്ദേഹം സാഹിതീരംഗത്തിലിറങ്ങുന്നതു്. "ഭേദങ്ങളറ്റ പൊരുളിനെക്കാഹളമൂതി വാഴ്ത്തീടുന്ന" നാലു വേദങ്ങളുടേയും അനുശാസനമനുസരിച്ചു ജീവിക്കുവാൻ കടപ്പെട്ടിരിക്കുകയാണെങ്കിലും ഭേദത്തിൽ ഭേദം കല്പിച്ചു് പരസ്പരം അടിപിടികൂടി മുടിഞ്ഞുകൊണ്ടിരിക്കുന്ന ഭാരതീയജനതതിയാണു് ആശാന്റെ അവലോകനത്തിനു ലക്ഷ്യീഭവിക്കുന്നതു്. പാതാളത്തിൽ നിപതിച്ചുപോയ "വിണ്ണവർഗംഗ"യെക്കാളും അധഃപതനത്തിലെത്തിയിരിക്കുന്ന നിർമ്മല "ബ്രഹ്മവിദ്യ"യാണു് ആശാന്റെ പ്രതിഭാവിശേഷത്തെ സവിശേഷം സ്പർശി

ച്ചുകൊണ്ടിരിക്കുന്നതു്. സനാതനധർമ്മവും ബുദ്ധമതവും ഭാരതീയങ്ങളായ ഇതരമതപ്രസ്ഥാനങ്ങളും വിഭിന്നാദർശപരമ്പരകളോടുകൂടിയവയാണെന്നുള്ള വിശ്വാസത്താൽ അവയെ ആശ്രയിച്ചുനില്ക്കുന്ന ജനവിഭാഗം മൂലതത്ത്വങ്ങളും പ്രായോഗികധർമ്മങ്ങളും ഒന്നെന്നു ധരിക്കാതെ മാറാനും മറയാനും മറിയാനും മണ്ടുവാനും ബദ്ധാടോപം തുടരിച്ചുകൊണ്ടിരിക്കുമ്പോൾ അവരെ ക്രുദ്ധിയിണക്കി ഒന്നാക്കിനന്നാക്കുവാനുള്ള സ്നേഹമാംഗലികസംഗീതമാണു് ആശാനു് ആലാപം ചെയ്യുവാനുള്ളതു്. "എന്റെ സ്നേഹിതൻ നല്കുന്ന ഉപദേശം, തൊഴുത്തിൽ കുത്തിത്തുലഞ്ഞു തമ്മിലടിച്ചു തലകീറിത്താറുമാറായിക്കിടക്കുന്ന ഹിന്ദുസമുദായത്തിലെ ഭിന്നജാതികളുടേയും ആ ജാതികളോരോന്നിലും പെട്ട ഓരോ വ്യക്തിയുടേയും ഹൃദയകന്ദരത്തിൽ വേരുന്നേണ്ട കാലം ആസന്നമല്ല, അതിക്രാന്തമായിരിക്കുന്നേ എന്നു് അവരെ അനുസ്മരിപ്പിക്കുന്നതിനു സല്പമെങ്കിലും പ്രയോജകീഭവിക്കുമെങ്കിൽ ഈ ഗ്രന്ഥങ്ങളുടെ(ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ എന്നിവയുടെ) നിർമ്മാതാവു് കൃതകൃത്യനായി എന്നാണു് ഞാൻ വിചാരിക്കുന്നതു്". എന്നു് കാലദേശാവസ്ഥാവിലോകനവിചക്ഷണനായ കവി സാഭിപ്രായൻ ഉള്ളൂർ ബ്രാഹ്മണൻ, ആശാന്റെ കവിതാവ്യവസായോദ്ദേശ്യം മുൻനിർത്തി അഭിശംസിക്കുന്നതു് എത്ര പരമാർത്ഥമാണു്. ഈദൃശങ്ങളായ അവസരങ്ങളേയും ആവശ്യങ്ങളേയും ആദർശങ്ങളേയും അഭിമുഖീകരിക്കുകയും അവയോടു നിരന്തരം ഇടപെടുകയും ചെയ്തുകൊണ്ടു് ത്യാഗപൂർവ്വകം സാഹിത്യരംഗത്തിലിറങ്ങിയ മഹാകവി കുമാരനാശാനെയും

രാമപുരത്തു വാര്യരേയും തുലനം ചെയ്യുന്നതിനും അവരുടെ കാവ്യരത്നങ്ങളെ നിരൂപണപാഷാണത്തിൽ ഉരസി വില കല്പിക്കുന്നതിനും ആശാന്റെ കവിതയെ "തൊട്ടാവാടി" സ്സാഹിത്യമാക്കുന്നതിനും വിജ്ഞനെന്നു ഗണിക്കപ്പെട്ടുന്ന ശ്രീമാൻ നാരായണപിള്ള അവർകൾ ഈ ഘട്ടത്തിൽ തുനിഞ്ഞിറങ്ങിയതിൽ എനിക്ക് അദ്ഭുതവും വ്യസനവും തോന്നുന്നു. കുചേലവൃത്തം വഞ്ചിപ്പാട്ടിനേയും പരിണതപ്രജ്ഞനായ ആശാന്റെ അന്ത്യകൃതിയായ കരുണയേയും തുലനം ചെയ്തുകൊണ്ട് ഇത്തരം ഒരു വിമർശനത്തിനു പുറപ്പെട്ടതു് കൈരളീദേവിയെ സംബന്ധിച്ചേടത്തോളം അധിനായകത്വം വഹിക്കുന്നതായി വിശ്രുതിസമ്പാദിച്ച സാഹിത്യപഞ്ചാനനനാകയാൽ തന്നെയാണു് ഒഴിഞ്ഞുമാറാൻ നിവൃത്തിയില്ലാത്തവിധം ഒരു പക്ഷപാതി എന്ന നിലയിൽ ഇങ്ങനെ പൊതുജനസമക്ഷം ഞാൻ പ്രത്യക്ഷപ്പെട്ടുന്നതു്. എനിക്ക് കുചേലവൃത്തത്തിന്റെ നേരേ യാതൊരവജ്ഞയുമില്ല; എന്നല്ല അന്യാദൃശമായ ബഹുമതിയാണുള്ളതു്. എന്നാൽ കുചേലവൃത്തത്തേയും കരുണയേയും പിടിച്ചുകൊണ്ടു് സാഹിത്യവിമർശനമര്യാദയെ ലക്ഷ്യമാക്കി തുലനംചെയ്യുമ്പോൾ കുചേലവൃത്തത്തിനു കരുണയെ അപേക്ഷിച്ചു് അപകർഷമാണു് നേരിട്ടുന്നതെങ്കിൽ അതു്, പുരാതന കൈരളീ സമാരാധകനും അഭിവന്ദ്യനുമായ വാര്യരാശാന്റെനേരേ എനിക്കുള്ള അവമതിയുടെ ഫലമാണെന്നു ധരിക്കാതിരിപ്പാൻ വായനക്കാരോടു്, അനന്യപരതന്ത്രയായ സാഹിതീദേവിയെ മുൻനിറുത്തി സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

അവതാരകം.

കാവ്യകലയെ നിരൂപണം ചെയ്യുന്നതിനു പുറപ്പെടുമ്പോൾ സാഹിത്യശാസ്ത്രകർത്താക്കൾ വെട്ടിത്തെളിച്ചിട്ടുള്ള സരണിയെ അനുസ്മരിക്കുകയും അനുസരിക്കുകയും വേണ്ടിയിരിക്കുന്നു. ഭാരതീയ സാഹിത്യശാസ്ത്രകാരന്മാരിൽ പല അഭിപ്രായഭേദങ്ങളും പ്രസ്ഥാനഭേദങ്ങളും ഉണ്ടായിട്ടുണ്ടു് എങ്കിലും, കാവ്യപ്രകാശകാരനായ മമ്മട ഭട്ടാചാര്യരുടെ അഭിപ്രായത്തിനാണു് അവാചീനന്മാരും ആധുനികന്മാരുമായ പണ്ഡിതന്മാർ ബഹുമതി കല്പിച്ചുപോരുന്നതു് എന്നുള്ളതുകൊണ്ടു് അദ്ദേഹത്തെ പിന്തുടർന്നു് നിരൂപണം ആരംഭിക്കുന്നതു് ആദരണീയമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അദ്ദേഹം കാവ്യലക്ഷണത്തെ ഇങ്ങനെ നിർവചിക്കുന്നു:

"തദ്ദോഷൌ ശബ്ദാർത്ഥൌ
സഗുണാവനലംകൃതീ പുനഃക്വാപി".

ദോഷങ്ങളും ക്രൂരതയും ഗുണങ്ങളോടും അലങ്കാരങ്ങളോടും ക്രൂടിയും ഇരിക്കുന്ന ശബ്ദാർത്ഥങ്ങളാണു് കാവ്യം. ചിലേടത്തു് സ്ഫുടങ്ങളായ അലങ്കാരങ്ങളൊന്നുമില്ലെങ്കിലും കാവ്യതത്ത്വത്തിനു ഹാനിയില്ല എന്നാകുന്നു അനലംകൃതീപുനഃക്വാപി എന്ന അംശംകൊണ്ടു സാധിപ്പിക്കുന്നതു്. വേണ്ടത്ര ഗുണങ്ങളോടും അലങ്കാരങ്ങളോടും ക്രൂടിയതായാലും ദോഷമുണ്ടെങ്കിൽ കാവ്യം അനുപാദേയമായിത്തീരും എന്ന തത്ത്വത്തെ

സൂചിപ്പിക്കുവാനാണ് ലക്ഷണശരീരത്തിൽ ദോഷംക്രൂടാതെ എന്നു അംശത്തെ ആദ്യമായിത്തന്നെ കാണിച്ചതു്. ഗുണങ്ങൾ രസത്തിൽ നിത്യസംബന്ധേന ഇരിക്കുന്ന ധർമ്മങ്ങളാണ്. അലങ്കാരങ്ങളാകട്ടെ അപ്രകാരമുള്ളവയല്ല വീര്യശൌര്യാദികൾ ആത്മാവിലിരിക്കുന്നതുപോലെയാണ് ഗുണങ്ങൾ രസത്തിൽ ഇരിക്കുന്നതു്. അവ രസത്തിനുനേരിട്ട് ഉത്കർഷഹേതുക്കളായിത്തീരുന്നു. അലങ്കാരങ്ങൾ രസത്തിന്റെ അംഗഭൂതങ്ങളായ ശബ്ദാർത്ഥങ്ങളെ അലങ്കരിച്ചുകൊണ്ട് ആ ശബ്ദാർത്ഥങ്ങൾ മുഖേന ചിലപ്പോൾ രസത്തിനു് ഉത്കർഷം ഉണ്ടാക്കുന്നു. ഇതുകൊണ്ട് ഗുണങ്ങളും അലങ്കാരങ്ങളും തമ്മിലുള്ള വ്യത്യസ്തത വിശദമാകുന്നു.

കാവ്യത്തിനു് ഇങ്ങനെ ലക്ഷണം നിർവ്വഹിച്ചുകൊണ്ട് ആചാര്യൻ അതിനെ ഉത്തമം, മധ്യമം, അധമം എന്നു മൂന്നുതരത്തിൽ വിഭജിക്കുന്നു. അവയിൽ,

"ഇദമുത്തമമതിശയിനി
വ്യംഗ്യേ വാച്യാല്പനിർഭൂഭൈഃ കഥിതഃ".

വ്യംഗ്യരൂപമായ അർത്ഥം വാച്യത്തേക്കാൾ അധികചമത്കാരകാരിയാകുന്നു എങ്കിൽ അതാകുന്നു ഉത്തമകാവ്യം. അതിനെ ബുധന്മാർ ധ്വനി എന്നു പറയുന്നു.

"അതാദൃശി ഗുണീഭൂത—
വ്യംഗ്യം വ്യംഗ്യേ തുമധ്യമം".

വ്യംഗ്യം വാച്യാർത്ഥത്തേക്കാൾ ചമത്കാരകാരിയാകുന്നില്ലെങ്കിൽ അതു് ഗുണീഭൂതവ്യംഗ്യമെന്നും മധ്യമകാവ്യമെന്നും പറയപ്പെടുന്നു.

"ശബ്ദചിത്രം വാച്യചിത്ര—
മവ്യംഗ്യമവരംസ്മൃതം".

ശബ്ദാലങ്കാരത്തോടും അർത്ഥാലങ്കാരത്തോടും കൂടിയതും ശരിയായ നിലയിലുള്ള വ്യംഗ്യത്തോടുകൂടാത്തതും അധമ കാവ്യം എന്നു വിചാരിക്കപ്പെടുന്നു.

ഇതിൽ നിന്ന് വ്യംഗ്യപ്രധാനമായ കാവ്യമാണ് ഉത്തമകാവ്യം എന്നു വെളിവാകുന്നു. ഇതിനെ അനുക്രമിക്കുന്നതിനാണ് മഹാകവികളെന്നു നമ്മാലറിയപ്പെടുന്ന എല്ലാവരും ശ്രമിച്ചിട്ടുള്ളതു്. കുചേലവൃത്തത്തെ ഉത്തമ കാവ്യകോടിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പഞ്ചാനനന്റെ പരിശ്രമം ഈ നിലയിൽ പ്രശംസനീയംതന്നെയാണ്. അവിടവിടെ വാര്യർ ധ്വനിപ്പിക്കുന്ന അർത്ഥത്തെ വായനക്കാർക്കു വിവരിച്ചു കാണിച്ചുകൊടുക്കുവാൻ അദ്ദേഹം കാര്യമായി ശ്രമിക്കുന്നതുകൊണ്ടു് വ്യംഗ്യം എന്താണെന്ന് സാമാന്യമായിട്ടുള്ള ഒരു വിചാരണയെങ്കിലും ഇവിടെ ചെയ്യേണ്ടതു് ആവശ്യമാണെന്നു തോന്നുന്നു.

വാച്യം, ലക്ഷ്യം, വ്യംഗ്യം ഇങ്ങനെ അർത്ഥങ്ങൾ മൂന്നുവിധങ്ങളാണല്ലൊ. ഏതേതർത്ഥമാണോ അതതു ശബ്ദങ്ങൾക്ക് വൃദ്ധവ്യവഹാരാദികൾ മുഖേന കൈപ്പുമായ നിലയിൽ അറിയപ്പെടുന്നതു് അതതർത്ഥത്തെ വാച്യാർത്ഥ

മെന്നും, വാച്യാർത്ഥവുമായിട്ട സംബന്ധം സംഭവിക്കായ്ക യാൽ ആ അർത്ഥത്തെ തള്ളിയുംകൊണ്ട് അതിനോട സംബന്ധമുള്ളതായ ഏതൊരർത്ഥത്തെ പ്രസിദ്ധിയോ പ്രയോജനമോ മുൻനിറുത്തി കല്പിക്കുന്നുവോ ആ അർത്ഥത്തെ ലക്ഷ്യാർത്ഥമെന്നും, വാച്യമോ ലക്ഷ്യമോ ആയ അർത്ഥത്തിൽനിന്ന ഭിന്നമായി യാതൊരർത്ഥം പ്രതീതമാകുന്നുവോ ആ അർത്ഥത്തെ വ്യംഗ്യമെന്നും മമ്മടാദികളുടെ മതമനുസരിച്ച് ഇവിടെ ചുരുക്കിപ്പറയാം. സാഹിത്യശാസ്ത്രങ്ങളിൽ നിന്ന് ഇതിനുവേണ്ടി ദൃഷ്ടാന്തങ്ങളുദ്ധരിച്ചു വിവരിച്ച് ഗ്രന്ഥവിസ്തരം വരുത്തുന്നില്ല. എന്നാൽ വ്യംഗ്യപ്രാധനമായ നിലയിൽ കരുണയും കൃപാലുവൃത്തവും എങ്ങനെ ഇരിക്കുന്നു എന്ന് ഒന്നു പരിശോധിക്കുവാൻ ശ്രമിക്കാം.

വിമർശനം.

"അനുപമകൃപാനിധിയഖിലബാന്ധവൻശാക്യ–
ജിനദേവൻ,ധർമ്മരശ്മിചൊരിയുംനാളിൽ"

ഇവയാണ് കരുണയുടെ പ്രാരംഭത്തിലെ രണ്ടു വരികൾ. അന്യാദൃശമായ കാരുണ്യത്തിന് ഇരിപ്പിടമായും എല്ലാവർക്കും മിത്രമായും ഇരിക്കുന്ന ബുദ്ധദേവൻ ധർമ്മപ്രബോധം ചെയ്യുന്ന കാലത്തു് എന്നാണെല്ലൊ ഈ വരികളുടെ വാച്യമായ അർത്ഥം. ഇവയിൽ രശ്മി ചൊരിയുക എന്നും ദേവൻ എന്നും ഉള്ള പദങ്ങൾ വിന്യസിച്ചതുകൊണ്ട് സൂര്യപരമായിട്ടും ഒരർത്ഥം വ്യക്തമാകുന്നു. അനുപമകൃപാനിധി

എന്നും അഖിലബാന്ധവൻ എന്നും ഉള്ള വിശേഷണങ്ങൾ സൂര്യനിലും ചേർച്ചയുള്ള വയാണല്ലൊ. സൂര്യദേവൻ ശാക്യന്മാരുടെ കുലക്രൂടസ്ഥനാകയാൽ അവരിൽ ഹിതകാരി എന്ന നിലയിൽ ശാക്യൻ എന്നതു് സൂര്യദേവനു വിശേഷണമാക്കുന്നതു് വ്യുത്പത്തിവിരുദ്ധമല്ല.

"ശകവൃക്ഷപ്രതിച്ഛന്നം
വാസം യസ്മാത് പ്രചക്രിരേ
തസ്മാദിക്ഷ്വാകുവംശ്യാസ്തേ
ഭുവി ശാക്യാ ഇതിസ്മൃതാഃ".

ഈ ആഗമവചനമനുസരിച്ചു് ശാക്യന്മാരും സൂര്യനുമായിട്ടുള്ള ബന്ധം വ്യക്തവുമാണു്. ശകവൃക്ഷങ്ങൾകൊണ്ടു് (തേക്കിൻകാട്ടുകൊണ്ടു്) മറഞ്ഞുനിവസിക്കുകയാൽ ഇക്ഷ്വാകുവംശ്യന്മാരായ അവർ ശാക്യന്മാരെന്നു വിചാരിക്കപ്പെട്ടു എന്നാണു് ഈ ആഗമത്തിന്റെ അർത്ഥം. ഇതിനാൽ ശാക്യശബ്ദത്തിന്റെ അർത്ഥഗതിയും ശാക്യന്മാരും സൂര്യദേവനുമായിട്ടുള്ള ബന്ധവും വ്യക്തമാകുന്നുണ്ടല്ലൊ. ജയിക്കുന്നവൻ എന്നാണു് ജിനശബ്ദത്തിന്റെ വ്യുത്പത്തിസിദ്ധമായ അർത്ഥം. സൂര്യൻ ഇതരഗ്രഹങ്ങളെ അപേക്ഷിച്ചു് ഉത്കൃഷ്ടശാലിയാകയാൽ ജിനൻ എന്നതും സൂര്യദേവനിൽ വിശേഷണത്തോന സംബന്ധിക്കുന്നതിൽ അനുപപത്തിയില്ല. ശതപഥബ്രാഹ്മണത്തിൽ മുപ്പത്തിമൂന്നു ദേവന്മാരെ പരിഗണിക്കുന്നതിൽ സൂര്യനും ഉൾപ്പെട്ടുന്നുണ്ടു്. "ത്രയസ്ത്രിംശത് പതി" എന്നതിനു മുപ്പത്തിമൂന്നു ദേവന്മാരിൽ നായകൻ എന്നർത്ഥമാണു്. എട്ടു വസുക്കൾ, പതിനൊന്നു രുദ്ര

ന്മാർ, പന്ത്രണ്ടു് ആദിത്യന്മാർ, പ്രജാപതി, ഇന്ദ്രൻ എന്നിവരാണു് മുപ്പത്തിമൂന്നു ദേവന്മാർ. അവരിൽ പതി ഇന്ദ്രനാണെങ്കിലും സൂര്യൻ ദേവനാകുന്നു എന്നുള്ളതിൽ ഏതായാലും വിപ്രതിപത്തിക്കു വകയില്ല. അപ്രകൃതമായ ആ അർത്ഥത്തേയും പ്രകൃതമായ അർത്ഥത്തേയും ഉപമാനോപമേയഭാവത്തിൽ സംബന്ധിപ്പിക്കുമ്പോൾ ഉപമാലങ്കാരം ധ്വനിക്കുന്നു. ധമ്മം എന്ന ശബ്ദത്തിന്നു് ലോകം നിലനിറുത്തുന്നതു് (ധാരണാദ്ധമ്മ ഇത്യാഹുഃ.) എന്നർത്ഥമുള്ളതിനാലും സൂര്യന്റെ രശ്മികളിൽ ലോകം നിലനില്ക്കുന്നു എന്നുള്ളതിനാലും ധമ്മരശ്മി എന്ന പദം സൂര്യനെ സംബന്ധിച്ചെടത്തോളം ഏറ്റവും സംഗതാർത്ഥവുമാണു്. അനന്യാദൃശകാരുണ്യനിധിയും ലോകബന്ധുവുമായ ഭഗവാൻ സൂര്യൻ സ്വന്തരശ്മികളാൽ ചൊരിഞ്ഞു് ലോകാനുഗ്രഹം നിർവ്വഹിക്കുന്നതുപോലെ പരപ്രേരണയൊന്നും കൂടാതെതന്നെ കൃപാസിന്ധുവും ലോകബന്ധുവുമായ ഭഗവാൻ ബുദ്ധൻ ധമ്മം പ്രചരിപ്പിക്കുകയാണു് ചെയ്തതു്, എന്ന ഇവിടത്തെ ഉപമാലങ്കാരധ്വനി, ധമ്മപ്രണയികളായ സഹൃദയന്മാർക്കു് സമാഹ്ലാദജനകംതന്നെ. ആ ഉപമാലങ്കാരധ്വനിയിൽനിന്നു്, ഏറ്റവും കാരുണ്യത്തോടും പരസ്പരമൈത്രിയോടും ലോകഹിതാർത്ഥം ജീവിക്കുകയെന്നുള്ളതാണു് മനുഷ്യന്റെ കടമ എന്ന വസ്തുത ധ്വനിക്കുന്നു. ഇവിടെ അലങ്കാരധ്വനിയിൽനിന്നു് ലോകത്തിന്നു പൊതുവിൽ പാഠ്യവും ധമ്മപരവുമായ വസ്തുവാണു് ധ്വനിക്കുന്നതെന്നുള്ളതു് പ്രത്യേകം സ്മർത്തവ്യമാണു്.

ജിനദേവൻ=ജിനനാകുന്ന ദേവൻ. ദേവൻ=മേഘം. ഇങ്ങനെ അത്ഥത്തെ അംഗീകരിക്കുമ്പോൾ ഭഗവാനായ ജിനൻ മേഘംതന്നെ എന്നുള്ള അഭേദമാണ് കല്പിതമായിട്ടുള്ളതെന്നു വ്യക്തമാകുന്നു. ഏതാട്ടശമായ അഭേദകല്പനത്തിൽ നിന്ന് ഉപമയാണു വ്യഞ്ജിക്കുക. ആകയാൽ സന്തപ്തന്മാരുടെ അപേക്ഷയൊന്നും കൂടാതെതന്നെ അമൃതം ചൊരിഞ്ഞു കുളുമ്മ നല്കുന്ന മേഘം എന്നപോലെ അവശരായ ജനങ്ങളിൽ ധമ്മം പരത്തി ശാന്തിയും സമാധാനവും പുലത്തുകയാണ് ഭഗവാൻ ബുദ്ധൻ ചെയ്തത് എന്ന ഉപമ ഇവിടെ വ്യഞ്ജിക്കുന്നു എന്നു സിദ്ധമായി. ഈ വ്യംഗ്യത്തിൽനിന്ന്, എല്ലാവരും ലോകശാന്തിക്കായി ആരുടേയും ക്ഷണമില്ലെങ്കിലും ഇറങ്ങി പ്രവത്തിക്കേണ്ടതാകുന്നു എന്ന വസ്തുവും ധ്വനിക്കുന്നു.

"പ്രേമാവാസപ്രബോധപ്രഥിതവടിവൊട്ടം
നിന്നുസവ്വംഭരിക്കും
സീമാതീതാനുകമ്പാമൃതമഴപൊഴിയും
സദ്ധ്യാനം സാധുദൈവം."

എന്ന് മഹാകവിതന്നെ മറെറാരേടത്തു തൻെറ ഇഷ്ടദേവതയെ മേഘതേപന ഉല്ലേഖിച്ചതു സുത്തവ്യവും ഉല്ലത്തവ്യവുമാകുന്നു.

കരുണ, മൈത്രി, മുദിത, ഉപേക്ഷ എന്നീവൃത്തികളം മുഖേന മനശ്ശുദ്ധി സമ്പാദിച്ചുകൊണ്ട് നിവ്വാണം സാധിക്കുക എന്നുള്ളതാണ് ബുദ്ധഭഗവാൻെറ ആദർശസാരത്തിൻെറ സമുച്ചയം. ദുഃഖികളുടെ നേരെയുള്ള അലി

വാണ് കരുണ. സുകൃതികളിലുള്ള സ്നേഹമാമകുന്ന മൈത്രി. മുദിത എന്നുള്ളത് സുഖികളിലുള്ള സന്തോഷമാകുന്ന. പാപികളോട് സന്തോഷമോ ദ്വേഷമോ കാണിക്കാതെ ഇരിക്കുന്ന ഉദാസീനവൃത്തിയാണ് ഉപേക്ഷ. നിർവ്വാണം എന്നുള്ളത് നിത്യാനന്ദം സാക്ഷാത്കരിക്കുക എന്നതാണ്. ഈ ആദർശങ്ങളെ എടുത്തുപറയാതെ വ്യംഗ്യമര്യാദയിൽ ഗോപനം ചെയ്കയും ഉപഗ്രഹപ്രൻമുഖേന പ്രായോഗികങ്ങളാക്കിക്കാണിക്കയും ചെയ്തുകൊണ്ടാണ് മഹാകവി ഈ കാവ്യനിർമ്മാണം നിർവ്വഹിക്കുന്നത്. എന്നാൽ സഹൃദയഹൃദയങ്ങൾക്കുമാത്രം കാണത്തക്കവണ്ണം നിഗൂഢങ്ങളാക്കിവെച്ചിരിക്കുന്ന അവയെ അസാമാന്യ പ്രതിഭാപ്രസരത്തോടെ മഹാകവി ഈ രണ്ടു വരികളാൽ ധ്വനിപ്പിക്കുന്നു. അനുപമകൃപാനിധി എന്ന അംശംകൊണ്ട് കരുണ എന്ന ആദർശത്തെയും, അഖിലബാന്ധവൻ എന്ന അംശംകൊണ്ട് മൈത്രി എന്ന ആദർശത്തെയും, മോടിപ്പിക്കുക എന്ന അർത്ഥത്തോടുകൂടിയ ധാതുവിൽനിന്നു വ്യുത്പന്നമായ ദേവശബ്ദം കൊണ്ട് മുദിത എന്ന ആദർശത്തെയും, ശാക്യജിനൻ എന്ന ശബ്ദംകൊണ്ട് ഉപേക്ഷ എന്ന ആദർശത്തെയും, ധർമ്മരശ്മി ചൊരിയുന്നു എന്ന അംശംകൊണ്ട് നിർവ്വാണം നൽകുന്ന സമാധി എന്ന ആദർശത്തെയും ആണ് ധ്വനിപ്പിക്കുന്നത് എന്ന് ഇനി എടുത്തുപറയേണ്ടതില്ല.

"ധർമ്മമേഘമിമം പ്രാഹ—
സ്സമാധിം യോഗവിത്തമഃ
വർഷത്യേഷയതോ ധർമ്മാ—
മൃതധാരാസ്സഹസ്രശഃ".

എന്ന വിദ്യാരണ്യസ്വാമികളുടെ പ്രവചനം ഈ സമാധിപരമായ ധ്വനനത്തിന്റെ ഔചിതിയിൽ ഒരു സാധകവുമാണല്ലൊ. അനംഗചാപലം പ്രകടിപ്പിച്ചുകൊണ്ടിരുന്ന വാസവദത്തയിൽ "കാമേഷു മിഥ്യാചാരാട് വിരമാണി ശിക്ഷാപദം സമാദ്രിയെ" എന്ന പഞ്ചശീലനിർദ്ദേശത്തെ മുൻനിറുത്തി അശ്രദ്ധ പ്രകടിപ്പിച്ച ഭാഗം ഉപേക്ഷയുടെ ഉദാഹരണമാകുന്നു.

"സമയമായില്ലെന്നതാനിപ്പോഴും സ്വാമിനീ,യവൻ
വിമനസ്സായുരയ്ക്കുന്നു, വിഷമം" എന്ന് ഉപഗുപ്തസമീപത്തിൽ നിന്നു തിരിച്ചെത്തിയ തോഴിയും,

"ശോഭനകാലങ്ങളിൽ നീ ഗമ്യയായില്ലെനിക്കു, നിൻ
സൌഭഗത്തിൽ മോഹമാന്ന് സുഹൃത്തല്ല ഞാൻ"

എന്ന് അന്ത്യകാലത്തിൽ അന്തികത്തിലെത്തിയ ഉപഗുപ്തനും വാസവദത്തയോടു പറയുന്ന ഭാഗങ്ങളും പ്രസ്തുതാഭിപ്രായത്തെ ഏറ്റവും സാധൂകരിക്കുകയാണു ചെയ്യുന്നതു്. സമയമായില്ല, വിമനസ്സു്, ശോഭനകാലങ്ങളിൽ നീ ഗമ്യയല്ല, സൌഭഗത്തിൽ മോഹമാന്ന് സുഹൃത്തല്ല എന്നിങ്ങനെയുള്ള ഓരോ പദങ്ങളും ഉപേക്ഷ എന്ന ആഭാസത്തിന്റെ വ്യഞ്ജകങ്ങളാണെന്നു ഹൃദയസംവാദമുള്ള സഹൃദയന്മാരെ പറഞ്ഞറിയിക്കേണ്ടതുമില്ല.

"അറിയുന്നുണ്ടെങ്കിലും ഞാനകൃത്രിമപ്രണയത്തി–
ന്നുറവൊന്നു നിന്നുരംകൊമ്പിലൂറിനിന്നതും

മുറയോക്കുമ്പോളതുനിൻ മഹിതത്വമെന്നോർത്തു
നിറയുന്നുണ്ടെനിക്കുള്ളിൽ നന്ദിതാനുമേ;
പരമവിപത്തിങ്കലും പരിജനം നിന്നെവിട്ടു
പിരിയാതിങ്ങണഞ്ഞഹോ! പരിചരിച്ചു
ചൊരിയുമിക്കണ്ണുനീർനിൻ സ്ഥിരദാക്ഷിണ്യശീലത്തെ
യുരചെയ്യുന്നുണ്ടതും ഞാനോക്കുന്നുണ്ടെടോ,
നിയതംസ്നേഹയോഗ്യനീ",

ഈ ഭാഗങ്ങളും മൈത്രി എന്ന ആദർശത്തെ വിശദമായി ധ്വനിപ്പിക്കുകയാണല്ലൊ ചെയ്യുന്നതു്.

"അഖിലജന്തുദുഃഖവുമപാകരിക്കുന്നുബോധം
വികിരണം ചെയ്തിടുന്ന വിശ്വവന്ദ്യന്റെ
വാസപവിത്രങ്ങളാണിവാസരങ്ങളീ ഭൂവിൽ, നമ്മളും
വാസവദത്തേ, കരഞ്ഞാൽ വെടിപ്പല്ലെടോ",

എന്നുള്ള ഭാഗം ഭഗവാൻ ബുദ്ധന്റെ ജീവിതത്തിന്റെ നേരേയുള്ള ഉപഗുപ്തന്റെ 'മുദിത'യെ വ്യഞ്ജിപ്പിക്കുന്നു. കരഞ്ഞാൽ വെടിപ്പല്ല എന്ന നിഷേധം, മോദിക്കുകയാണു വേണ്ടതെന്ന വിധിയുടെ ഗമകമാണു്.

"അന്നനാസികാവികലമന്തരോഷ്ഠലീനദീന-
സ്വനമമ്മൊഴിയിതരശ്രാവ്യമല്ലഹോ!
അനുകമ്പകലർന്നതിശ്രാവകൻശ്രവിപ്പൂ, നമു-
ക്കന്നുമിക്കാമവനോതുമുത്തരങ്ങളാൽ".

"സാരമില്ലെടോ,നിൻനഷ്ടം, സഹജേ, നൊടിയിൽഗുരു-
കാരുണിയാൽ നിനക്കിന്നു കൈക്കലാമല്ലൊ.

ചോരനപഹരിക്കാത്ത ശാശ്വതശാന്തിധനവും
മാരനെയ്താൽ മുറിയാത്ത മനസ്സ്രോഭയും
കരയായ്ക, ഭഗിനീ, നീ"

എന്നിങ്ങനെയുള്ള ഭാഗങ്ങൾ കൊണ്ട് കരുണ എന്ന ആദർശത്തിന്റെ സജീവാവസ്ഥയെ കവി സവിശേഷം ആവിഷ്കരിക്കുന്നു.

"ശരണരതനങ്ങൾമൂന്നും ചെവിയിലോറുടനന്തഃ
കരണത്തിലണിഞ്ഞവൾ കാന്തിതേടുന്നു.
നിറഞ്ഞൂ തത്ക്ഷണമൊരു നവതേജസ്സു മുഖത്തിൽ,
മറഞ്ഞുപോയ് മുമ്പുകണ്ട ശോകരേഖകൾ.
പറയാവതല്ലാത്തൊരു പരമശാന്തിരസത്തി-
ന്നറവായവൾക്കതോന്നിയവളെത്തന്നെ".

ഇങ്ങനെ ഒട്ടധികം വരികൾ നിർവ്വാണാദർശപ്രദർശകങ്ങളായി കരുണയിൽ അവിടവിടെ കവി കാണിച്ചിരിക്കുന്നു.

അനുപമകൃപാനിധി എന്ന പദം ഒന്നാമതായി പ്രയോഗിച്ചത് ധർമ്മങ്ങളിൽ സർവ്വപ്രാധാന്യം ദയയ്ക്കാകുന്നു എന്ന പരമതത്ത്വത്തെ ധ്വനിപ്പിക്കുവാനാണ്.

"ശ്ലോകാർദ്ധേന പ്രവക്ഷ്യാമി
യദുക്തം ഗ്രന്ഥകോടിഭിഃ
ദയാസമം നാസ്തിപുണ്യം
പാപം ഹിംസാസമം നഹി".

എന്ന വ്യാസോക്തമായ ഹൈന്ദവസിദ്ധാന്തം ദയാരൂപ

മായ ധർമ്മത്തിന്റെ പാരമ്യത്തെ പ്രഖ്യാപനം ചെയ്യുന്നവല്ലോ. ഈ ധ്വന്യമാനമായ അർത്ഥം കരുണ എന്ന ഗ്രന്ഥനാമത്തിന്റെ ഔചിത്യത്തെക്കൂടി ധ്വനിപ്പിക്കുന്നു. അനുപമപദത്തിന്റെ ഉപാദാനം, അതീതജന്മത്തിൽ ക്ഷുത്തുനിമിത്തം കഠിനക്ലേശം അനുഭവിച്ചുകൊണ്ടിരുന്ന ഒരു ക്രൂരവ്യാഘ്രത്തിന്ന് സ്വശരീരത്തെ ഭക്ഷ്യമായി നൽകിയതും, അമ്പേറു വിഷമിക്കുന്ന ഒരു പക്ഷിയെ വിവിധക്ലേശങ്ങൾ സഹിച്ച് ഉജ്ജീവിപ്പിച്ചതും, അറുക്കുവാൻ കൊണ്ടുപോകുന്ന ആട്ടിൻകുട്ടത്തിൽപെട്ട നൊണ്ടിയായ ആട്ടിൻകുഞ്ഞിനെത്തല്ലുന്നതുകണ്ട് അതിനെത്താങ്ങിയെടുത്ത് യാഗശാലവരെ പാഞ്ഞെത്തി ആ സാധുജീവികൾക്കു പകരം അറുക്കുവാൻ തന്റെ പൊന്നോമൽ കണ്ണനാളം നീട്ടിക്കാണിച്ചതും മറ്റും ധ്വനിപ്പിക്കുവാനാണ്. കൃപാകരൻ എന്നോ കൃപാധരൻ എന്നോ മറ്റൊന്നും പറയാതെ കൃപാനിധി എന്നതന്നെ പ്രയോഗിച്ചത് ഭഗവാനിലുള്ള കൃപാസമ്പത്ത് നിഃശ്ശേഷം പരാർത്ഥമാണെന്നു ധ്വനിപ്പിക്കുവാനാണ്. അഖിലബാന്ധവൻ എന്ന പദം സകലജാതിമതസ്ഥന്മാരായ മനുഷ്യർക്കുമാത്രമല്ല സർവ്വപ്രാണികൾക്കും ഭഗവാൻ ബന്ധുവാകുന്നു എന്നു ധ്വനിപ്പിക്കുന്നു. ശാക്യജിനൻ എന്ന രാജകുലനാമത്തെ ഉപാദാനം ചെയ്തത് പ്രേതപവും സകലവിധ സുഖൈശ്വര്യങ്ങളും സാധുസംരക്ഷണത്തിനുവേണ്ടി സംത്യജിക്കേണ്ടതാകുന്നു എന്നു ധ്വനിപ്പിക്കുവാനാണ്. ധർമ്മത്തിന്നു രശ്മിയെ ഉപമാനമായി ഉപാദാനം ചെയ്തത് വിശ്വത്തിൽ നിന്നും അന്ധകാരം അകലണമെങ്കിൽ ധർമ്മംതന്നെ പ്രചരിക്കണം എന്നു ധ്വനിപ്പിക്കുവാനാകുന്നു.

ഇവിടെ ഭഗവാൻ ബുദ്ധനിൽ മഹാകവിക്കുള്ള രതിഭാവവും സവിശേഷം ധ്വനിക്കുന്നുണ്ട്. "ദേവമുനി ഗുരുനൃപ പുത്രാദിഗോചരാ രതിർഭാവഃ" (ദേവൻ, മുനി, ഗുരു, രാജാവ്, പുത്രൻ തുടങ്ങിയവരുടെനേരേയുള്ള രതി യാകുന്ന ഭാവം) എന്നാണല്ലോ ആലങ്കാരികന്മാർ ഭാവ ത്തിന്റെ ലക്ഷണം കല്പിക്കുന്നതു്. ഇങ്ങനെ അനന്യസാ മാന്യവും അനുപഹസനീയവുമായ അധിപ്രസരത്തോടെ ആലോചനാസുന്ദരവും ധർമ്മരശ്മിമഹിതവും ആയ ധ്വനി മാർഗ്ഗത്തിൽക്കൂടി സച്ഛന്ദം സഞ്ചരിച്ചു് സഹൃദയഹൃദയ ത്തിന്റെ അലൌകികാഹ്ലാദം നൽകുന്ന മഹാകവി കുമാ രനാശാന്റെ കരുണയെ വാര്യരുടെ കുചേലവൃത്തത്തി നോടു താരതമ്യപ്പെടുത്തി ഗുണദോഷവിവേചനം ചെയ്യാ നുതരം താല്പര്യം പ്രകടനാകാനും ശ്രമിക്കുന്നതുകണ്ടു് അസൂ യാദർദ്ദേവതയുടെ വിധേയനാകാതെ, സന്ദർഭം ഇങ്ങനെ ആയിപ്പോയല്ലോ എന്നുവെച്ചു് വൈമനസ്യത്തോടുകൂടി യാണെങ്കിലും, മഹാജനങ്ങളോടു സവിനയം ക്ഷമായാച നം ചെയ്തു് കുചേലവൃത്തത്തിൽ ഒന്നു പ്രവേശിച്ചുകൊ ള്ളട്ടെ.

"കെല്പോടെല്ലാജനങ്ങൾക്കും കേടുതീരുത്തക്കവണ്ണ—
മെപ്പോഴുമന്നദാനവും ചെയ്തു ചെഞ്ചെമ്മേ,
മുപ്പാരുമടക്കിവാഴും വൈക്കത്തുപെരുന്തൃക്കോവി—
ലപ്പാ! ഭഗവാനേ! പോററീ! മററില്ലാശ്രയം".

ഇവയാണു് കുചേലവൃത്തത്തിലെ ആദ്യത്തെ നാലുവരികൾ. എല്ലാ ജനങ്ങൾക്കും കേടുതീരുംവിധം ഇടവിടാതെ അന്നം

കൊട്ടത്തുംകൊണ്ട് ചെഞ്ചെമ്മേ മൂന്നുലോകവും അടക്കി കെല്പോടേ വാഴുന്ന വൈക്കത്തു പെരുംതൃക്കോവിലപ്പാ! പോറ്റീ! ഭഗവാനേ! അങ്ങല്ലാതെ എനിക്കു വേറേ ആരും ആശ്രയമില്ല. ഇതാണല്ലോ ഈ വരികളുടെ അർത്ഥം. വൈക്കത്തു ക്ഷേത്രത്തിൽ വെച്ച് സർക്കാർ വകയായിട്ടും മറ്റും ചിലപ്പോൾ ചില വലിയ സദ്യകൾ നടന്നുവരാറുള്ളതുകൊണ്ടായിരിക്കണം അന്നദാനവും ചെയ്യു എന്നിങ്ങനെ കവി പറയുന്നതു്. അന്നദാനം ചെയ്യുകൊണ്ടിരിക്കുന്ന പോറ്റീ! നീയല്ലാതെ എനിക്കാശ്രയമില്ല എന്നു പറയുന്നതുകൊണ്ടു് വൈക്കത്തെ സദ്യയില്ലെങ്കിൽ കവിയുടെ കാര്യം കുഴപ്പത്തിലാകുമായിരുന്നു എന്നും വ്യക്തമാകുന്നു. ഈ അർത്ഥങ്ങളൊക്കെ വ്യംഗ്യമര്യാദയെ അപേക്ഷിക്കാതെതന്നെ വെളിപ്പെടുന്നവയാണു്; അതിരിക്കട്ടെ, ഇതിൽ പ്രതിപാദിതമായ അർത്ഥം ആസ്വാദ്യമോ സ്വീകാര്യമോ ആണോ എന്നു് സഹൃദയന്മാർതന്നെ തീർമാനിക്കേണ്ടതാണു്. അന്നം കിട്ടിയാൽ മനുഷ്യരുടെ കുറവും കുറവും തീർന്നുപോകും എന്ന നിലയിലുള്ള അർത്ഥത്തെ പ്രതിപാദിക്കുന്ന ശബ്ദം രമണീയാർത്ഥപ്രതിപാദകവും ധർമ്മബോധകവുമായ കാവ്യമാകുമോ? ഊട്ടുനടത്തി വൈക്കത്തുള്ളവരുടെ കേടുതീർക്കുന്നു എന്നു പറയുന്നതു് മുപ്പാരുമടക്കി വാഴുന്ന ഭഗവാനിൽ ഉത്കൃഷ്ടത്തേയോ പ്രത്യുത അപകൃഷ്ടത്തേയോ ഉളവാക്കുന്നതു്?. എല്ലാജനങ്ങൾക്കും എന്നതിനു് ലോകത്തിലുള്ള എല്ലാജനങ്ങൾക്കും എന്നോ അതല്ല വൈക്കത്തുള്ള എല്ലാ ജനങ്ങൾക്കും എന്നോ അർത്ഥം?. രണ്ടായാലും അനുപപത്തിയാണു് തോന്നുക. എന്തുകൊ

ണ്ടെന്നാൽ ലോകത്തിലൊട്ടാകെ എന്നതിനു പ്രസക്തി യില്ലല്ലൊ. വിവിധജാതിമതസ്ഥർ നിവസിക്കുന്ന വൈക്ക ത്തെ ഹിന്ദുജനവിഭാഗത്തിൽതന്നെ ഏതാൻ ചില ജാതി ക്കാക്കുമാത്രമേ ആ ഉടുപ്പ് അനുഗ്രഹകരമായിരിക്കുന്നുള്ളു എന്നുള്ളതുകൊണ്ട് വൈക്കത്തുള്ള എല്ലാജനങ്ങൾക്കും എന്നു പറഞ്ഞാലും പ്രസക്തിയില്ല.

ഇഷ്ടദേവതയിലുള്ള രതിയെ കവി വ്യഞ്ജിപ്പിക്കു ന്നതു് വായനക്കാരിലും താദ്ശവികാരം ഉളവാകട്ടെ എന്നു ള്ള അനുഗ്രഹബുദ്ധികൊണ്ടാണല്ലൊ. കേവലം ലൌകി കങ്ങളും നിസ്സാരങ്ങളുമായ ഇങ്ങനെയുള്ള ഭാവനകൾ ചെയ്യുവാനാണ് ഒരു കവിയുടെ വാഗ്വിലാസം ഉപയുക്ത മാകുന്നതെങ്കിൽ അതു് അനുകരണീയവും അഭിനന്ദനീയ വും ആയിരിക്കുമോ? ആഹാരം, നിദ്ര മുതലായവ മനുഷ്യ ക്കെന്നല്ല, പശുക്കൾക്കുപോലും സാധാരണമാണ്.

"ആഹാരനിദ്രാഭയമൈഥുനാദി
സാമാന്യമേതത് പശുഭിർന്നരാണാം".

എന്നാണല്ലൊ ആപ്തവചനം. അങ്ങനെയിരിക്കേ ആഹാ രമാണ് മനുഷ്യന്റെ കേടുതീർക്കുവാനുള്ള ദിവ്യസാധന മെന്ന ലാഘിഷുമായ ആശയം പ്രകടിപ്പിച്ചതു് ഒരു മഹാ കവിയെ സംബന്ധിച്ചെടത്തോളം വ്യസനഹേതുകമാണെ ന്നു പറയാതെ കഴികയില്ല.

എല്ലാജനങ്ങൾക്കും എന്നതിനു് വൈക്കത്തുള്ള ചിലർക്ക് എന്ന ലക്ഷണയാ അർത്ഥമെടുക്കുമ്പോൾ നിഷിദ്ധ

ലാക്ഷണികം എന്നു പറയപ്പെട്ടു നേയാർത്ഥദോഷം നേരിട്ടുന്നു. സകല ജീവരാശികൾക്കും രക്ഷനൽകുന്നതു സർവ്വേശ്വരനാകുന്നു എന്നുള്ള മതസിദ്ധാന്തമാണു് ഇവിടെ വിവക്ഷിച്ചിട്ടുള്ളതു് എന്നുപറഞ്ഞു് ഒഴിയാമെന്നുവെച്ചാൽ അവിടെയും നിവൃത്തിയില്ല. സകല ജീവരാശികൾക്കും എന്നതന്നെ പറയണം. ആയർത്ഥത്തിൽതന്നെയാണു് എല്ലാജനങ്ങൾക്കും എന്നു പറഞ്ഞതു് എന്നാണെങ്കിൽ അപ്പോഴും മുമ്പുപറഞ്ഞ നേയാർത്ഥദോഷം നേരിട്ടുന്നു. മാത്രമല്ല, അതോ വിവക്ഷിതം ഇതോ വിവക്ഷിതം എന്ന സംശയം ഉളവാകുന്നതിനാൽ സസന്നിശ്ചയം എന്ന ദോഷവും നേരിട്ടുന്നു. അതിശയോക്തി എന്ന യവനികകൊണ്ടു മറയാമെന്നു പറയാമെന്നുവെച്ചാലും ഇച്ഛാമാത്രംകൊണ്ടു സർവ്വലോകനിർമ്മാണവൈചിത്ര്യം പ്രദർശിപ്പിക്കുന്ന സർവ്വേശ്വരന്റെപേരിൽ അതും അപരാധാരോപമായിട്ടേ തീരൂ.

കെല്പോട്ട്, ചെഞ്ചെമ്മേ എന്നു രണ്ടുപദങ്ങളും ഇവിടെ അർത്ഥവിവക്ഷകൂടാതെ പ്രയോഗിക്കപ്പെട്ടവയാകയാൽ നിരർത്ഥകം എന്ന ദോഷം നേരിട്ടുന്നു. അന്നദാനവും എന്ന സമുച്ചയവും ഇവിടെ നിരർത്ഥകമാണു്. ഇങ്ങനെ ഗുണദോഷപരീക്ഷണം തുടങ്ങുമ്പോൾതന്നെ മഹാകവി കുമാരനാശാൻ വാഗ്ദേവതയുടെ അനുകർത്താവായിരുന്നില്ലെന്നു സ്പഷ്ടമാകുന്നു; യഥാവസരം സ്പഷ്ടമാകയും ചെയ്യും.

മഹാകവി കുമാരനാശാൻ കരുണയിൽ ഒതുക്കിവെച്ചിട്ടുള്ള ആദർശങ്ങളെയാണു് ആദ്യത്തെ രണ്ടുവരികളും

കൊണ്ടു സൂചിപ്പിക്കുന്നതു് എന്നു പറഞ്ഞിട്ടുണ്ടല്ലൊ. എന്നാൽ ഉപഗുപ്തൻമുഖേന ആ ആദർശങ്ങളെ പ്രായോഗികങ്ങളാക്കിക്കാണിക്കുന്ന വിധം അധികരിച്ചു് സ്വല്പം ഒന്നു വിചിന്തനം ചെയ്തുകൊള്ളട്ടെ.

ഉപേക്ഷ:— ആരെല്ലാം എന്തെല്ലാം ധർമ്മോപദേശങ്ങൾ എത്രതന്നെ ചെയ്താലും അധർമ്മങ്ങളിൽ നിന്നു് അല്പം പോലും പിന്തിരിയാതെ കഴിഞ്ഞുകൂടുന്ന ഒരുതരം പാപചാരികളുണ്ടു്. അവരെ ഉടനടി ഹിംസിക്കുകയാണു് ചിലരുടെ തന്ത്രം. അടുത്തുവന്ന കാമരൂപിണിയായ താടകയെ ശ്രീരാമൻ ക്രൂരമെയ്തു കൊലചെയ്തു. കാമാർത്തയായി സമീപിച്ച ശൂർപ്പണഖയെ സഹോദരനായ ലക്ഷ്മണനെക്കൊണ്ടു് മൂക്കും മുലയും ഛേദിപ്പിച്ചു വികൃതയാക്കി. ശ്രീകൃഷ്ണൻ തന്റെ മാതുലനെ

> "കംസനെമഞ്ചത്തീന്നു നിക്കാതംവഴിദൂരത്തിട്ടു
> ഹിംസിച്ചിട്ടുംവൈരമൊടുങ്ങാഞ്ഞിട്ടൊടുക്കം
> സംസത്തിങ്കലിട്ടിഴച്ചു"

എന്നു കൂചേലവൃത്തകാരൻ പറയുമ്പോലെ ചെയ്തു. കരുണാനിധിയായ ഭഗവാൻ ബുദ്ധന്റെ ആദർശം അങ്ങനെയല്ല. പാപികളോടു സന്തോഷമോ ദ്വേഷമോ കാണിക്കാതെ ഉദാസീനതയവലംബിക്കുവാനാണു് ഭഗവാൻ ആദേശിക്കുന്നതു്. ആ ഭഗവത്സന്ദേശത്തെ ഉപഗുപ്തൻ എത്ര ഭംഗിയിലാണു് പ്രായോഗികമാക്കിത്തീർക്കുന്നതെന്നു് ചിന്തിച്ചുതന്നെ അറിയണം. മനുഷ്യരെ മാത്രമല്ല, സകലപ്രാണി

കളേയും ആകഷ്ടിച്ച് തന്റെ ആജ്ഞയ്ക്ക് കീഴടക്കുന്ന ഒന്നാണ് പ്രേമവികാരം. അതാകട്ടെ, അപഥത്തിൽ കൂടി പ്രസരിക്കുകയാണെങ്കിൽ അതിന്റെ ഭയങ്കരത എത്ര മാത്രമെന്നുള്ളതിന് ലോകം ഇന്നും പൊതുവിൽ സാക്ഷ്യം വഹിക്കുന്നു. അങ്ങനെയുള്ള പ്രേമദേവതയെ ഏറ്റവും ഭയങ്കരമായ ഒരു അപഥത്തിൽ കൂടി സത്വരം സഞ്ചരിപ്പിക്കുന്നതിനുതകുംവിധം അസാധാരണശക്തിയോടുകൂടിയ ഒരവസരത്തെ ഉപഗുപ്തന്റെ മുന്നിൽ പ്രകൃതി അവതരിപ്പിക്കുന്നതും ആ പരീക്ഷണത്തിൽനിന്ന് ഉപേക്ഷ എന്ന ആദർശത്തെ മുൻനിറുത്തി ഉപഗുപ്തൻ വിജയിക്കുന്നതും ഒന്നാമത്തെ രംഗത്തിൽ സാഹിത്യസുധ ചൊരിഞ്ഞുകൊണ്ട് മഹാകവി തുറന്നുകാണിക്കുകയാണ് ചെയ്തിരിക്കുന്നത്.

കരുണാവരുണാലയനായ ഭഗവാൻ ബുദ്ധൻ സോത്സാഹം ധർമ്മപ്രചരണമഹോത്സവം ആഘോഷിക്കുന്ന ആ മഹനീയ സന്ദർഭത്തിൽ, ഭഗവാൻ സൂര്യൻ പടിഞ്ഞാറു ചാഞ്ഞു് തരുനിരയിൽക്കൂടി മഞ്ഞയും ചുവപ്പും കലർന്ന രശ്മികഠംതുകി, അകലെ പൂമരം പൂത്തതുപോലെ മണ്ണുളതയോടെ പ്രശോഭിക്കുന്ന ഒരു സായന്തനസന്ധ്യാവസരത്തിൽ, സുപരിഷ്കൃതയെന്ന വിശ്രുതിനേടിയ ഉത്തരമധുരയിലെ ഉത്തരോപനഗരിയിലുള്ള സുവിശാലസുന്ദരമായ രാജവീഥിയുടെ കിഴക്കരികിൽ, നീലിമകോലുന്ന അംബരത്തെ ചുംബിക്കുമാറുയർന്ന ഒരു വെണ്മണിമാളികയുടെ തെക്കേമലർമുറ്റത്തിൽ, അകത്തിരിക്കുന്ന ആളിനെ രാജപാതയിൽക്കൂടിക്കടന്നുപോകുന്ന ആർക്കും കാണത്തക്ക വണ്ണം പൊക്കം കുറഞ്ഞതും വ്യാളിമുഖംവെച്ചുതീർത്തു വള

ഞ്ഞവാതിലോടുകൂടിയതുമായ മതിൽക്കെട്ടിനുള്ളിൽ, മിന്നു ന്ന പൂങ്കുലപ്പട്ടതൊങ്ങൽ ചുഴലവും തൂങ്ങുന്ന ഒരു പൊ ന്നശോകത്തുക്കറ്റക്കുടയുടെകീഴിൽ, മനോഹരമായ മാർ ബിംകല്ലുകൊണ്ടു പണിത ഒരു ഭദ്രാസനത്തിന്റെ ചരി ഞ്ഞ പാർശ്വത്തിൽ, മട്ടമലർവിതറി പരിമളധോരണി തുകുന്ന പട്ടുതലയിണയിൽ മെല്ലേ തെല്ലൊന്നുചാഞ്ഞും, പൊൻകസവാനു വിലസുന്ന പൂമ്പട്ടിനെ കാർകൂന്തിരക ളുടെ ഉപരിയിലായി ഒരുവശത്തൊതുക്കിയും, രത്നക്കല്ലൊ ളിതിരളുന്ന പൂങ്കമ്മൽ പ്രകാശിപ്പിച്ചും, മുല്ലമാലചാർത്തിയ കരിവാർമുകിൽക്രന്തൽ തെല്ലൊന്നു വെളിക്കാക്കിയും, അതി ന്നടിയിലായി കസ്തൂരിപ്പൊട്ടതൊട്ട് കാന്തിചിന്തുന്ന സുന്ദര മുഖചന്ദ്രനെ പുറത്തുകാട്ടിയും, തൈക്കളർകാറേററിളകിയ തങ്കപ്പുങ്കജം പണിയുന്ന വലംകാൽ ഇടത്തുതുടക്കമ്പിൽ ക യറിവെച്ചു പതുക്കെപ്പതുക്കെച്ചലിപ്പിച്ചും, രാമച്ചംകൊ ണ്ടു നിർമ്മിച്ച പരിരമ്യമാകുമണിവിശറി പനിനീരിൽമുക്കി തോഴിയെക്കൊണ്ടു തരിവള കിലുങ്ങുമാറു ഭംഗിയിൽ വീശി ച്ചുംകൊണ്ട് " കഞ്ജബാണൻതന്റെ പട്ടംകെട്ടിയ രാജ്ഞി പോലൊരു മഞ്ജുളാംഗി "—" മതിമോഹിനി "—അതാ ഇരിക്കുന്നു. ഹാ! എന്തൊരു ലാവണ്യതരംഗതരളിതമായ തരംഗിണിയാണത്!. ദുർഭരമായ നിതംബഗുരുതനിമിത്തം സുരലോകത്തിലേയ്ക്കുയരുവാൻ കഴിയാതെ കുഴങ്ങുന്ന രംഭ യായിരിക്കുമോ അവളെന്ന് അവലോകകവിലോചന ങ്ങൾക്ക് ആശങ്കയങ്കുരിപ്പിക്കുന്ന ആ കൊണ്ടൽവേണീമ ണിയാരു?. മധുരാനഗരിയിലെ ആബാലവൃദ്ധം സ്ത്രീപുരു ഷന്മാരൊരുപോലെ അറിയുന്ന ഗണനീയ ഗണികാസുന്ദരി വാസവദത്തയല്ലേ അത്? അതേ, അവർ തന്നെ.

"ഇളംതെന്നൽതട്ടിമെല്ലെയിളകിച്ചെറുതരംഗ–
ച്ചുളിചേരുംമൃദുചേലച്ചോലയിൽനിന്നും
വെളിയിൽവരുമച്ചാരുവാമേതരപദാബ്ജംപൊൻ–
തളകിലുങ്ങുമാറവൾചലിപ്പിക്കുന്നു".

മൃദുവായ ചേലച്ചോലയിൽനിന്നും വെളിയിൽ പ്രകാശിച്ചു് പൊൻതളകിലുങ്ങുമാറു ചലിക്കുന്ന ആ കോമളവാമേതര ചരണകമലം ഏതൊരു ധീരധീയുടെ ഹൃദയസരസ്സിനെയാണു ചലിപ്പിക്കാത്തതു്!

"പാടലകോമളമായപാദതാരുംപരംഭത്ത–
മാടിയയവാന്ന ചാരുനരിയാണിയും
കാഞ്ചനകിങ്കിണിയണിത്തളകൾതൻമൃദുകിണ–
ലാഞ്ഛനരമ്യമാംപുറവടിയുംപൂണ്ടു"

പരമ സൌകുമാര്യം പരസ്യം ചെയ്യുന്ന അവളുടെ ഈ ഗീതാദികലാവിദ്യാപ്രദർശനത്തിൽ മനമിളകിക്കളിക്കാത്ത മനുഷ്യരുണ്ടാകുമോ?.

"വിശ്വാമിത്രപരാശര പ്രഭൃതയോ
വാതാംബുപർണ്ണാശനാ–
സ്തേപിസ്ത്രീമുഖപങ്കജം സുലലിതം
ദൃഷ്ട്വൈവമോഹംഗതാഃ
ശാല്യന്നം സഘൃതം പയോദധിയുതം
യേ ഭുഞ്ജതേമാനവാ—
സ്തേഷാമിന്ദ്രിയ നിഗ്രഹോ യദിഭവേദ്
വിന്ധ്യഃ പ്ലവേത്സാഗരേ".

എന്നു ഭർതൃഹരി പറയുന്നതു് എത്ര പരമാർത്ഥമാണു്. രംഭാസഹവർത്തിനിയായ മേനകയുടെ സുഷമയും ആട്ടവും പാട്ടും കണ്ടും കേട്ടും മതിമയങ്ങിയ വിശ്വാമിത്രമഹർഷിയിൽ നിന്നു് ശകുന്തള ഉളവായതും മറ്റും ഈയവസരത്തിൽ സ്മരിക്കുന്നതായാൽ പ്രസ്തുത പ്രസ്താവനത്തിൽ അവാസ്തവശങ്കയ്ക്കോ അനൌചിത്യദോഷാരോപണത്തിനോ സംഗതിയുണ്ടാവുകയില്ല.

ആ മറിമാൻമിഴി ഭാസുരാംഗി വാസവദത്ത കരവല്ലിയിലുള്ള കളിച്ചെണ്ടു ചുഴറ്റിക്കൊണ്ടും കുണ്ഡിതമാന്ത കൊണ്ടും ആരുടെയോ വരവിനെ സോത്കണ്ഠം പ്രതീക്ഷിക്കുകയും ഇടയ്ക്കിടെ പ്രതീക്ഷിക്കുകയും ചെയ്യുന്നു. ആ നോക്കൊന്നുനോക്കുക!

> "ഇടതുന്നിമകവുത്തു മിനുത്തുള്ളിൽമദജലം
> പൊടിയും മോഹനനേത്രം പ്രകൃതിലോലം
> പിടഞ്ഞുമണ്ടിനില്ക്കുന്നു; പിടിച്ചുതുനീർത്തിളങ്ങും
> സ്ഫടികക്കുപ്പിയിലിട്ട പരൽമീൻപോലെ".

ഇങ്ങനെ ഒരു നേത്രഭംഗിയും നിരീക്ഷണവിലസിതവും എവിടെ ആരുകണ്ടിട്ടുണ്ടു്! കരുണാവിധാതാവായ ദിവ്യകവികോകിലമേ, സുലോചനവിലോകനപരമരാമണീയകത്തെക്കുറിച്ചു് ഇതരമഹാകവികൾക്കാക്കുംതന്നെ കഴിഞ്ഞിട്ടില്ലാത്തവിധത്തിൽ ഉല്ലേഖനചാതുരി കാട്ടുന്ന ഈ നാലു വരികളെക്കണ്ടിട്ടെങ്കിലും അങ്ങയുടെ ലോകോത്തരകവിതപത്തെ സമാദരിക്കുവാൻ മനസ്സുവരാത്ത സഹൃദയന്മാരു

ണ്ടല്ലോ എന്നോത്ത് എന്നിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന അശ്രുധാര യശശ്ശരീരനായ അങ്ങയുടെ ചരണകമലപ്രക്ഷാളനത്തിന്നുപകരിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

അതിരിക്കട്ടെ, നാം വാസവദത്തയുടെനേരേതന്നെ തിരിയുക. ആ ചട്ടലചഞ്ചരീകവിലോചന, ലോചനാസേചനകമായ വാർമിഴിയുഴിയുന്നത് ആരുടെനേരേയാണെന്നു നോക്കുക. ഔചിത്യബോധം വഴിഞ്ഞൊഴുകുന്ന കളമൊഴിയായ തോഴിയുടെനേരേയാണെന്നു തോന്നുന്നു. അതേ. അതാ ആ തോഴി തൊഴുകൈയോടെ അരികത്തണയുന്നു. സുകുമാരകളേബരനും സുമതിയുമായ ഉപഗുപ്ത സന്യാസിയെ സ്വവസതിയിലേയ്ക്കു സാദരം ക്ഷണിക്കുന്നതിന് വാസവദത്തയാൽ, മുമ്പു പലതവണ എന്നപോലെ ഇപ്പോഴും നിയുക്തയായ തോഴിയാണ് ആ തിരിച്ചെത്തുന്നത്. തോഴിയെക്കണ്ട ഉടൻതന്നെ

"ഫലിച്ചിതോ സഖി, നിന്റെ പ്രയത്നവല്ലരി, രസം
കലർന്നിതോ ഫലം? ചൊല്ല, കനിയായിതോ?
എനിക്കു സന്ദേഹമില്ലയിക്കുറി,യോക്കിലപ്പൂമാൻ
മനുഷ്യനാണല്ലോ നീയും ചതുരയല്ലോ".

എന്നിങ്ങനെ ത്വരയാൽകൊണ്ട് വാസവദത്ത തുടൻചോടിക്കുന്നു.

"സമയമായില്ലെന്നു താനിപ്പോഴും സ്വാമിനീ,യവൻ
വിമനസ്സായുരയ്ക്കുന്നു വിഷമം"

എന്ന തോഴി ഉത്തരംപറയുന്നു. മധുരാപുരിയിലെ സൌന്ദര്യദേവത അതുകേട്ട കുണ്ഠിതയാവുകയും ചെറൊന്നു ചൊടിച്ചു് പുരികം മുളിച്ചു് കളിച്ചൈണ്ടു വലിച്ചെറിയുകയും ചെയ്യുന്നു. തുടന്നുപറയുന്നു,

"സമയമായില്ലപോലും സമയമായില്ലപോലും
ക്ഷമയെന്റെ ഹൃദയത്തിലൊഴിഞ്ഞുതോഴീ!"

എന്നും മറവും. അനുരാഗപരവശന്മാരായ കോടീശ്വരന്മാർ കാൽത്തളിരുകളിൽ നിത്യം കനകാഭിഷേകം ചെയ്യുതൊഴുതുകൊണ്ടുനിന്നിരുന്നാൽത്തന്നെയും കനിഞ്ഞൊന്നു കടാക്ഷിപ്പാൻ മടിക്കുന്ന വാസവദത്ത—മധുരാനഗരിയിലാസകലം സൌന്ദര്യസൌരഭ്യധോരണിപരത്തുന്ന വാസവദത്ത—ആ "ചകിതഹരിണീപ്രേക്ഷണ"—ആണു് ഉപഗുപ്തനെ സ്വവസതിയിലേയ്ക്കു ക്ഷണിക്കുന്നതും അദ്ദേഹത്തിനെക്കാണുവാൻ മുട്ടിയുഴറുന്നതും. ഉപഗുപ്തനാകട്ടെ, ആഷ്മനോഭാവത്തെത്തന്നെയും ഇളക്കിമറിക്കുവാൻപോരുന്ന ആ മദനമോഹിനിയുടെ ക്ഷണം സ്വീകരിക്കാതെ ഉപേക്ഷ എന്ന ആദർശം മുൻനിറുത്തി ധീരതയുടെ പരമാവധിയിൽ എത്തി വിജയിച്ചരുളുന്നു. ഉപേക്ഷാദർശം എന്തെന്നറിയാതെ കഴിഞ്ഞുകൂട്ടുന്നവർക്ക് ഉണ്ടാകാവുന്ന അനർത്ഥം, പണക്കാരനായ ചെട്ടിയാരുടെ വരവും തൊഴിലാളിത്തലവന്റെ വധവും വെളിപ്പെടുത്തുന്നു. ഇങ്ങനെ അതിമനോഹരവും അനുകരണീയവുമായ മാതൃകാജീവിതം കാണിച്ചുകൊണ്ടു് പ്രേമത്തിന്റെ അപഥപ്രസരണത്തെ

ത്തടയുവാനും ധർമ്മപഥത്തിൽക്കൂടിത്തന്നെ സഞ്ചരിക്കുവാനും മഹാകവി പൊതുവിൽ ആഭിമുഖ്യം കാണിക്കുന്നു.

കരുണ:— നവീന വൈശ്രവണനെന്ന നിലയിൽ വന്നുചേർന്ന ചെട്ടിയാരെത്തന്നെ സമാരാധിക്കുകയാണു സമുചിതമെന്നു വിശ്വസിക്കുകയും പവിത്രമിത്രമായിക്കഴിഞ്ഞുകൂടിയ തൊഴിലാളിത്തലവനെ, ധനദാഹപ്രേരണനിമിത്തം കൃത്രിമമായി വധിക്കുകയും ചെയ്ത വാസവദത്തയെ— വിധിജ്ഞനായ ന്യായാധിപൻ വധദണ്ഡാർഹയിവളെന്നു വിധിച്ചതനുസരിച്ച് രാജഭടന്മാരാൽ

"കരചരണശ്രവണനാസികകുചമുറിച്ചു ഭ്രൂ—
നരകമാം ചുടുകാട്ടിൻ നടുവിൽ" തള്ളപ്പെട്ട വാസവദത്തയെ—കേവലം അനന്യശരണയും ദയാർഹയുമായിപ്പോട്ടപ്പെട്ടന്ന ആ പൂമുട്ടമേനിയാളെ—അനുഗ്രഹിക്കുന്നതിനും അവളുടെ ജീവിതനാടകത്തിന്റെ അന്തിമരംഗത്തെ മംഗളപര്യവസായിയാക്കിത്തീർക്കുന്നതിനും ഉപഗുപ്തൻ ഓടിയെത്തുന്നതൊന്നു കാണുകതന്നെവേണം. ഇതാ കവി കാണിക്കുന്നു.

"തടിതിയങ്ങിതാപാരംചാരുവായ് പ്രാംശുവായ് നിഴൽ
പടിഞ്ഞാറുവീശുമൊരുഭാസുരാകൃതി
നടയ്ക്കാവുടേവരുന്നു, ഭാനുമാനിൽനിന്നുകാറിൽ
കടപൊട്ടിപ്പുറന്നെത്തും കതിരുപോലെ
പാവനമാംമുഖപരിവേഷമാന്മുഗ്ധയുവ-
ഭാവമോട്ടുംക്രമേഴുംവാർമിഴികളോട്ടും"

ക്രൂടിയെത്തുന്ന ഈ ഉപഗുപ്തൻ വാസവദത്തയ്ക്കുനാല്പ,
നമുക്കും പുണ്യദർശനൻതന്നെയാണു്. അദ്ദേഹം അടുത്തെ
ത്തുന്നതും കണ്ണീർ പൊഴിച്ചുകൊണ്ടിരിക്കുന്ന തോഴിയെ
നോക്കി "ഭദ്രേ, ഈ ആപത്തിലകപ്പെട്ട പ്രിയജനം വാസ
വദത്തതന്നെയാണോ? ഞാൻ ഉപഗുപ്തനാണു്". എന്നി
ങ്ങനെ അലിഞ്ഞുഴറിച്ചോദിക്കുന്നതും ആരെ അനുകമ്പി
തരാക്കുകയില്ല? ഞാൻ ഉപഗുപ്തൻ എന്ന അമൃതമയി
യായ ആ പഞ്ചാക്ഷരി കേട്ട് പെട്ടെന്നു് ഒന്നണഞ്ഞതു
പോലെ വാർമിഴിമിഴിക്കുകയും പൊൽക്കണ്ണീർ പൊഴിക്കു
കയും സങ്കടനിവേദനം ചെയ്യുകയും ചെയ്യുന്ന ദീനദീന
യായ വാസവദത്തയോടു് ഉപഗുപ്തയുവയോഗി പ്രശാന്ത
ഗംഭീരമായി ഇങ്ങനെ ഉപദേശിക്കുന്നു. "സരളശീലയായ
വാസവദത്തേ, ഭവതിയുടെ അരികിൽ വന്നുചേരുന്നതിനു
താമസിച്ചുപോയി എന്നു ധരിക്കരുതു്. ഞാൻ താമസി
ച്ചിട്ടില്ല. എത്തേണ്ടുന്ന അവസരത്തിൽതന്നെയാണു്
എത്തിയതു്. എന്നെ ഉദ്ദേശിച്ചു സപ്തപ്തംപോലും വ്യസ
നിക്കരുതു്. സൌഭാഗ്യലക്ഷ്മി നൃത്യമാടിക്കൊണ്ടിരുന്ന ഭവ
തിയുടെ ശോഭനകാലങ്ങളിൽ വന്നുചേരുന്നതിനു് ഞാൻ
ഒട്ടും അവകാശിയായിരുന്നില്ല. സൌന്ദര്യത്തിൽ വ്യാമോ
ഹിക്കുന്ന ഒരു സുഹൃത്തല്ല ഈ ആഢ്യൻ. എന്റെ
ജീവിതത്തിനുനേരേ ഭവതിയിൽനിന്നും അകൃത്രിമമായ ഒരു
പ്രണയരസം ഉറവെടുത്തു പ്രവഹിച്ചിരുന്നു എന്നു ഞാൻ
അറിയുകയും അതു ഭവതിയിൽ തങ്ങിക്കിടക്കുന്ന മഹനീയ
ഗുണമാണെന്നു കരുതി നന്ദി പ്രദർശിപ്പിക്കുകയും ചെയ്യുന്നു.
ഭവതിയെ ഈ വിഷമാവസരത്തിലും വിട്ടുപിരിയാതെ

ഈ പരിചാരിക പരിചരിക്കുന്നതും കണ്ണുനീർ ചൊരിയുന്നതും ഭവതിയുടെ സുസ്ഥിരമായ ദാക്ഷിണ്യമെന്ന സൌശീല്യം അതുല്യമെന്നു പ്രഖ്യാപനം ചെയ്യുന്നതായി ഞാൻ വിശ്വസിക്കുന്നു. നിശ്ചയമായും ഭവതി സ്നേഹയോഗ്യയാണ്. പക്ഷേ, കർമ്മദോഷത്തിന്നധീനയായി ഭയാനകമായ പാപകൃത്യം പ്രവർത്തിച്ചു. കഷ്ടംതന്നെ! ധനത്തിനോടുള്ള അപാരതൃഷ്ണയും സൌന്ദര്യാതിരേകംനിമിത്തമുള്ള ദുർവ്വാരമായ ഗർവ്വും ഭവതിയെ വഞ്ചിച്ചുകളഞ്ഞു. അന്തഃകരണം അത്യന്തം ചപലം; ലൌകികസുഖാനുഭവങ്ങൾ നവംനവങ്ങളായി വന്നുചേരുന്നതിനാൽ ശക്തിയേറുന്നവ; എന്താണു ചെയ്യുക! അവിദ്യ ജയിക്കുന്നു. അതിരിക്കട്ടെ, ഈ അത്യാഹിതത്തെ ഭവതി ഒരനുഗ്രഹമായിക്കരുതണം. എന്തുകൊണ്ടെന്നുപറയാം. ധനാധികതയുടെ അസ്ഥിരതയും സീമാതിഗാമിയായ സൌന്ദര്യം പ്രസവിക്കുന്ന അസ്വസ്ഥതയും ഇതിനാൽ പ്രത്യക്ഷീഭവിച്ചുവല്ലൊ. ഭവതിയുടെ ഭൌതികദേഹത്തിന്നു നേരിട്ട ഈ നഷ്ടം ഒട്ടുംതന്നെ ക്ലേശഹേതുകമല്ല. കള്ളന്മാർക്ക് അപഹരിക്കാൻ കഴിയാത്ത അനശ്വരവും അനഘവുമായ ശാന്തി എന്ന രത്നവും, പ്രപഞ്ചവിജയിയായ പഞ്ചബാണന്റെ ബാണങ്ങൾകൊണ്ടു വ്രണിതമാകാത്ത മാനനീയ മാനസസൌഭാഗ്യവും, ജഗദ്ഗുരുവായ ശാക്യജിനദേവരുടെ കരുണാസരണിയിൽനിന്ന് ഈനിമിഷംതന്നെ ഭവതിക്കു കരഗതമാകുമല്ലൊ. സോദരീ, എന്തിനു കരയുന്നു? എന്തിനു ഭീരുത കാണിക്കുന്നു? അഷ്ടാംഗമംഗളമാർഗ്ഗത്തിലെ നിത്യപഥികനായ പരമഗുരുപാദരുടെ പരിപാവനമായ

ചരണസരോരുഹം ചിരകാലമായിത്തുടച്ചുകൊണ്ടിരിക്കുന്ന ഈ കൈകൊണ്ട് ഞാൻ ഭവതിയുടെ വാർനെറ്റി തലോടാം. ഉടനടി ശാന്തിയുണ്ടാകും". എന്നിങ്ങനെ ഹാർദ്ദമായി ഉപദേശിച്ചു് സന്ദേഹവും സന്താപവും നിർശ്ലേഷം അകറ്റി ചിത്തശുദ്ധിയുളവാക്കി വാർനെറ്റിയിൽ കൈവെച്ചനുഗ്രഹിച്ചു് അധ്യാത്മനിവ്വാണസുധ സമാസ്വദിപ്പിക്കുന്നു. ഇങ്ങനെയുള്ള മൂദ്വലകോമളപദവിന്യാസങ്ങൾമുഖേന സാഹിതീദേവതയുടെ മഞ്ജുളശിഞ്ജിതം വ്യഞ്ജിപ്പിക്കുന്ന ഈ വിവരണംകൊണ്ടു് കരുണ എന്ന ആദർശത്തെ ഉപഗ്രഹിപ്പിനെക്കൊണ്ടു് അനുഷ്ഠിപ്പിച്ചു കാണിക്കുന്നതുകണ്ടു കൌതുകം ഉൾക്കൊള്ളുവാൻ പുരുപുണ്യപരിപാകംവന്നവക്കില്ലാതെ കഴിയുമോ?

മൈത്രി:— ഇനി നമുക്കു് മൈത്രി എന്ന ആദർശത്തിന്റെ പ്രായോഗികതയെ ഉപഗ്രഹിപ്പിൻമുഖേന എങ്ങനെ സാധിപ്പിക്കുന്നു എന്നു നോക്കാം. വല്ലവരും ലോകാനുഗ്രഹബുദ്ധിയോടുകൂടി വല്ല നന്മയും ചെയ്യുകയാണെങ്കിൽ അവരുടെനേരേ മിക്കവാറും ജനങ്ങൾക്കു് പ്രദ്വേഷബുദ്ധിയുളവാകുന്നതായിക്കാണുന്നു. സ്വയം പരോപകാരപരമായി യാതൊന്നും ചെയ്യുവാൻ മനസ്സോ ശേഷിയോ ഇല്ലെങ്കിലും, സന്മനസ്സോടെ യഥാശക്തി നന്മചെയ്യുന്നവരെത്തടയുന്ന താട്ടശന്മാരെക്കൊണ്ടുള്ള ശല്യം ചില്ലറയൊന്നുമല്ല. മഹാകവിതന്നെ അത്തരക്കാരെനോക്കി ഒരവസരത്തിൽ ഇങ്ങനെ പറയുന്നു.

"പണ്ടേയുണ്ടു മനുഷ്യനിഗ്രണപുരോ—
ഭാഗിതപ,മദ്ദിഗ്രണം
കണ്ടേറുന്ന വിവേകശക്തി യതിനെ—
ക്കൊന്നില്ല യിന്നോവരെ
മിണ്ടേണ്ടാ കഥ, ഹന്ത! യിന്നിതു വെറും
മൂഢ്തപമോ മോഹമോ
വണ്ടേ, നീ തുലയുന്ന വീണയി വിള—
ക്കും നീ കെടുക്കുന്നതേ".

ഇങ്ങനെയുള്ള നീചമനസ്ഥിതി നീങ്ങുന്നില്ലെങ്കിൽ ലോകം മാംഗല്യികാവസ്ഥയെ പ്രാപിക്കുകയില്ല; നിശ്ചയം. നന്മ ചെയ്യുന്നവരുടെപേരിൽ മൈത്രി പ്രകടിപ്പിക്കുകയാണെങ്കിൽ അതു് അവക്കു് ഒരു പ്രോത്സാഹനവും മൈത്രി കാണിക്കുന്നവക്കു് സത്തുകളാകാനുള്ള ഒരു സുന്ദരപഥവും ആകുന്നു. അതുകൊണ്ടാണു് ഭഗവാൻ ബുദ്ധൻ മൈത്രിയെ, ആരാധ്യങ്ങളായ ആദർശങ്ങളിൽ ഒന്നായിപ്പരിഗണിച്ചിട്ടുള്ളതു്. അതിനെ എത്രയും വൈചിത്ര്യത്തോടുകൂടി ഉപഗുപ്തൻ പ്രായോഗികമാക്കിക്കാണിക്കുന്നു. ഒരാചാരയായിക്കഴിഞ്ഞുകൂടിയ വാസവദത്ത, അവളുടെ ഔദ്ധത്തിന്റെ ഭീമമായ ഫലം അനുഭവിക്കുന്നതിനിടയിൽ അവളിൽതങ്ങിയ സദ്ഗുണങ്ങളോർത്തു് "നിയതം സ്നേഹയോഗ്യനീ" എന്നു പ്രശംസിക്കുന്നതു് ഏറ്റവും ശ്രദ്ധാർഹമാണു്. ഒരാചാരപ്രയുക്തിയുള്ളവരിൽപോലും കാണുന്ന സദ്ഗുണങ്ങളെ നോക്കിക്കൊണ്ടു് സ്നേഹയോഗ്യതയെക്കുറിക്കുന്ന ഉപഗുപ്തൻ, മൈത്രിയെ എത്ര സമഞ്ജസമായ നിലയിലാണു് പ്രയോഗിച്ചുകാണിക്കുന്നതു്!.

മുദിത:— സുഖം അനുഭവിക്കുന്നവരെ നോക്കി സന്തോഷിക്കാൻ പറയുന്ന ഒരു മനസ്ഥിതി മനുഷ്യനു ലഭിക്കുമെങ്കിൽ അവൻ ജീവിതചാരിതാർത്ഥ്യം പൂർണ്ണമായി സാധിച്ചു എന്നുതന്നെ വിശ്വസിക്കാം. ആ മനസ്ഥിതി അത്രയും മഹത്വമുള്ള ഒന്നാണു്. അതിനെത്തന്നെയാണു് മുദിത എന്നു പറയുന്നതു്. എന്നാൽ പ്രായേണ ജനങ്ങളുടെ ഹൃദയം അന്യന്മാരുടെ സുഖസ്ഥിതി കാണുമ്പോൾ എരിപൊരികൊള്ളുകയാണു്. ആരെങ്കിലും സുഖം അനുഭവിക്കുമ്പോൾ, ഈ വിശ്വമന്ദിരത്തിൽ അത്രയുംപേരെങ്കിലും അഴൽ കൂടാതെ കഴിയുന്നവല്ലൊ എന്നുള്ള സന്തോഷത്തോടുകൂടെ വർത്തിക്കുകയാണെങ്കിൽ അത്തരത്തിലുള്ള സ്വയം സ്വാസ്ഥ്യം അനുഭവിക്കുവാനുള്ള ഒരു വലിയ രംഗമാകുന്നു. നിത്യകല്യാണമായ നിർവ്വാണം അനുഭവിച്ചുകൊണ്ടു് ലോകത്തെ അനുഗ്രഹിക്കുന്ന ഭഗവാൻ ബുദ്ധനെ നോക്കി ഉപഗുപ്തൻ ചരിതാർത്ഥനാകുന്നതു കാണുക. ശ്മശാനഭൂവിൽ വെച്ചു കണ്ണുനീർ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന വാസവദത്തയോടു് ഉപഗുപ്തൻ പറയുന്നു:— "സകലജന്തുക്കളോടേയും ഒരുപോലെ കരുണയും കൃപയുമാവു് വിജ്ഞാനം പുലർത്തുന്ന ലോകൈകവന്ദ്യനായ എന്റെ ഗുരുപാദർ ജീവിക്കുന്നതുകൊണ്ടു് പരിശുദ്ധങ്ങളായിത്തീർന്നിരിക്കുന്നവയാണു് ഈ ഓരോദിവസങ്ങളും. നാം കരയുന്നതു ശരിയല്ല. പാപകർമ്മം ചെയ്യുവോയതുകൊണ്ടു് നീ മലിനയായിപ്പോയി എന്നോ നിനക്കു് ഇനി ശുഭമുണ്ടാകുവാനിടയില്ലെന്നോ നീ സംശയിക്കേണ്ടാ" എന്നും മറ്റും. ഇങ്ങനെ ഉപദേശരത്നങ്ങൾ ചൊരിയുന്നതു് ഭഗവദ്ഗുണങ്ങളെ സംസ്മരി

ച്ചുകൊണ്ടുള്ള ആമോദഭ്രമോദയത്തോടുകൂടെയാകയാൽ ഉപഗുപ്തൻ മുദിതയെ പ്രയോഗിച്ചുകാണിക്കുന്നതു് ഏറ്റവും അഭിനന്ദനീയമായ വിധത്തിലാണിരിക്കുന്നതു്.

ഇങ്ങനെ ആദർശങ്ങളെ അവയുടെ നാമത്തിൽ വിവരിക്കാതെ വ്യംഗ്യമര്യാദയിൽ പ്രകാശിപ്പിക്കുകയും ഒരു മഹിതവ്യക്തിയിൽകൂടി അവയെ പ്രയോഗിച്ചു കാണിക്കുകയും ചെയ്യുന്ന സുശിക്ഷിതപടുതയോടുകൂടിയ മഹാകവിയുടെ വ്യവസായത്തിൽ മോദിക്കുവാൻ കഴിയുന്നില്ലെങ്കിലും ഖേദിക്കുന്നതു ശരിയല്ല.



ഉത്തരണം.

"കുചേലവൃത്തത്തിന്റെ അധിപ്രസരം കരുണയിൽ കാണ്മാനുണ്ടോ, കരുണ എത്രമാത്രം സ്വതന്ത്രമാണു്, ഇങ്ങനെ ചില വിചാരങ്ങൾ പ്രസംഗവശാൽ ഇവിടെ വേണ്ടിയിരിക്കുന്നു. കരുണയുടെ നിർമ്മാതാവിന്റെ ഉള്ളിൽ കിടന്നിരുന്ന കുചേലവൃത്തം, സഞ്ചിയിൽ സംഭൃതമായ പൂച്ചയെപ്പോലെ ഒരിടത്തെങ്കിലും തല വെളിയിൽ കാട്ടിയിട്ടുള്ളതിനു സ്പഷ്ടമായ ദൃഷ്ടാന്തമുള്ളതു് ആദ്യം ഉദ്ധരിച്ചുകൊള്ളട്ടെ. കുചേലസന്ദർശനത്തിൽ ശ്രീകൃഷ്ണനുണ്ടായ ബാഷ്പോദ്ഗമം വർണ്ണിക്കുമ്പോൾ "ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളൂ" എന്നു വായ്പർ ചോദിക്കുന്നു. വാസവദത്ത ഭസ്മീഭവിച്ചശേഷം ഉപഗുപ്തനുണ്ടായ ബാഷ്പധാരയെ

"ഉൽക്കടശോകതിക്തമല്ലോക്കിലന്നായനാംബു
ദുഃഖസത്യജ്ഞാനധീരൻ കരകയില്ല"

എന്നാശാൻ വർണ്ണിക്കുന്നു. ഇവിടെ ഒരേ ആശയം അന്യ ഥാ പ്രതിപാദിതമായി എന്നല്ലാതെ പറയുവാനില്ല".

ഇങ്ങനെ കുചേലവൃത്തത്തിലെ അധിപ്രസരം കരു ണയിലില്ലെന്നും കരുണ കുചേലവൃത്തത്തിന്റെ ഒരു അന്യ കരണം മാത്രമാണെന്നും തെളിയിക്കുവാൻ മി: പി. കെ. പരിശ്രമിക്കുന്നതു കാണുമ്പോൾ പരിഹാസമല്ല വ്യസന മാണ് എനിക്കുളവാകുന്നതു്. എന്താണാവോ അധിപ്രസ രത്തിനു പഞ്ചാനനൻ വിവക്ഷിക്കുന്ന അർത്ഥം? കവിത ത്തിന്റെ അനുപഹസനീയവും അനഗ്ലവുമായ പ്രവാഹം എന്നാണ് വിവക്ഷിതമെങ്കിൽ അതു് കരുണയിൽ കു കവിഞ്ഞ നിലയിൽതന്നെ പദംപ്രതി കളിയാടുന്നു എന്നു് കഴിഞ്ഞ എന്റെ നിരൂപണങ്ങൾ കൊണ്ടു വിശദമായി ട്ടുണ്ടു്. പോരെങ്കിൽ പിന്നാലെ തുടരുന്ന നിരൂപണങ്ങൾ കൊണ്ടു കൂടുതൽ വിശദമാകയും ചെയ്യും.

കുചേലവൃത്തവും കരുണയും ഭിന്നങ്ങളായ കാവ്യ ങ്ങളാകയാലാണ് കുചേലവൃത്തത്തിന്റെ അധിപ്രസരം കരുണയിൽ കാണ്മാനുണ്ടോ എന്നു ഞാൻ ചോദിച്ചതു് എന്നു പി. കെ. സമാധാനം പറയുമെങ്കിൽ ചോദ്യംതന്നെ അസംഗതമാണെന്നു പറയേണ്ടിയുംവരും. കുചേലവൃത്ത ത്തിലെ അധിപ്രസരം കരുണയിലുണ്ടു് എന്നാണു വിവ ക്ഷിതമെങ്കിൽ അതു് അസംഭാവ്യവുമാണല്ലൊ.

കരുണ ഒരു സ്വതന്ത്രമായ കാവ്യമല്ലെന്നും കുചേലവൃത്തത്തിന്റെ ഒരു അനുകൃതിമാത്രമാണെന്നും പി. കെ. സമർത്ഥനം ചെയ്യാൻ ശ്രമിക്കുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ എന്നൊന്നു ചിന്തിക്കാം.

"അന്തണനെക്കണ്ടിട്ടസന്തോഷംകൊണ്ടോ തസ്യൈന്യം
ചിന്തിച്ചിട്ടുള്ളിലുണ്ടായ സന്താപംകൊണ്ടോ
എന്തുകൊണ്ടോ ശൌരികണ്ണുനീരണിഞ്ഞു, ധീരനായ
ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ള".

എന്ന കുചേലവൃത്തത്തിലെ വരികളിലെ ആശയത്തെത്തന്നെയാണ്

"ആ മഹാന്റെ കണ്ണിൽനിന്നച്ചാമ്പലിലൊരശ്രുകണ-
മാമലകീഫലംപോലെയടർന്നുവീണു.
ഉൽക്കടശോകതിക്തമല്ലോക്കിലന്നയനാംബു,
ദുഃഖസത്യജ്ഞനധീരൻ കരകയില്ല".

ഇങ്ങനെ ആശാൻ അന്യഥാ പ്രതിപാദിച്ചിട്ടുള്ളതു് എന്നും അതുകൊണ്ടു് ആശാൻ വാര്യരെ അനുകരിക്കുകയാണു ചെയ്തിട്ടുള്ളതു് എന്നും ആണല്ലൊ പി. കെ.യുടെ സമർത്ഥനം. എന്നാൽ വാര്യരുടേയും ആശാന്റേയും ആശയം ഒന്നാണോ? ആശയത്തിനെന്നല്ല കവിതയത്തിനുതന്നെയും ഐക്യമുണ്ടോ? എന്നു്, പി. കെ. പറയുംപോലെ "ഇങ്ങനെ ചില വിചാരങ്ങൾ പ്രസംഗവശാൽ ഇവിടെ വേണ്ടിയിരിക്കുന്നു". ധർമ്മസമുച്ചയത്തിൽ സർവ്വപ്രാധാന്യം അർഹിക്കുന്ന മഹനീയമായ ആശയമാണു് കരുണ. ആശാന്റെ

ആശയത്തിൽ വിശ്രമിക്കുന്നതു് ആ ആദർശമാകുന്നു. അതു കൊണ്ടാണു് പ്രസ്തുത കാവ്യത്തിന്റെ ഒന്നാമത്തെ വരിയിൽ ഒന്നാമത്തെ പദമായി "അനുപമകൃപാനിധി" എന്നു് കരുണയെ ഉൾക്കൊള്ളിച്ചതു്. ആ കരുണയുടെ പ്രായോഗികതയെ സ്പഷ്ടീകരിക്കുകയാകുന്നു ഉപഗുപ്തന്റെ കണ്ണുനീർക്കണത്താൽ നിവ്വഹിക്കപ്പെടുന്നതു്. ഈ നിവ്വഹണം കാവ്യത്തിന്റെ കരുണ എന്ന നാമത്തെ സഹൃദയസമക്ഷം സമർത്ഥമാക്കുവാൻ പ്രശകുതവുമാണു്. അഴലിൽ അകപ്പെട്ടു് ആരും തുണയില്ലാതെ ഉഴലുന്ന പാവങ്ങളിൽ ജാതിയും മതവും ഗണിക്കാതെ അലിവു കാണിക്കുക എന്നുള്ളതാണു് കരുണ. ഇങ്ങനെയുള്ള കരുണയുടെ പ്രസരിപ്പോട്ടുകുടിയ ഉപഗുപ്തനെയാണു് ആശാന്റെ ആശയം വീക്ഷിക്കുന്നതു്. "പതിതകാരുണികൻ" എന്നു് ഉപഗുപ്തനെ അഭിസംബോധനം ചെയ്യുവാൻ ആശാൻ പ്രേരിതനായതും അതുകൊണ്ടുതന്നെ. ഇങ്ങനെയാണു് ആശാന്റെ ആശയവിജൃംഭണം.

ഇനി പ്രസ്തുത വരികളിൽ പദംപ്രതി ആശാൻ അടക്കിവെച്ചിരിക്കുന്ന ആശയങ്ങളെ അന്വേഷിക്കേണ്ടതാണു്. "ആ മഹാന്റെ" എന്നിങ്ങനെ ഉപഗുപ്തനെ "ആ" എന്ന ചുട്ടെഴുത്തുകൊണ്ടു ചൂണ്ടിക്കാണിക്കുന്നതു്, ആകഷ്ണീയത നശിച്ചു് അനന്യശരണയായി കാരുണ്യ ലേശമെങ്കിലുമുള്ള ആരുടേയും മുഖം കാണാതെ ചുടുകളത്തിൽക്കിടന്നൊരിപൊരികൊള്ളുന്ന വാസവദത്തയെ അന്വേഷിച്ചോടിയെത്തി കരുണത്തേൻമഴ ചൊരിഞ്ഞു്

അവളെ സംതൃപ്തയാക്കി അന്യയാത്ര പറഞ്ഞ പതിതകാരുണികൻ എന്ന സവിശേഷാഭിസന്ധിയോടുകൂടിയാകുന്നു. ഈ അഭിസന്ധിയെ സവിശേഷം ധ്വനിപ്പിക്കുകയാണു് "മഹാൻ" എന്ന പദപ്രയോഗം ചെയ്യുന്നതു്.

"അവാപ്തവ്യാന്യവാപ്താനി
യസ്യസവ്വ്വാണിദേഹിനഃ
പരോപകാരവ്യസനീ
സ മഹാനിതി കഥ്യതേ."

ഇതാണു് മഹാൻ എന്ന ശബ്ദത്തിന്റെ ശാസ്ത്രീയമായ അർത്ഥം. (യാതൊരാളിന്നു് ജീവിതവിജയത്തിനുതകുന്ന തത്ത്വങ്ങളും സിദ്ധിച്ചുകഴിഞ്ഞിരിക്കുന്നുവോ പരോപകാരവ്യസനിയായിക്കഴിഞ്ഞുകൂടുന്ന ആ ആളാണു് മഹാൻ എന്നു പറയപ്പെടുന്നതു്.) അതുകൊണ്ടു് മഹച്ഛബ്ദപ്രയോഗത്തിനു് ഇവിടെയുള്ള ഔചിത്യവും പ്രസ്പഷ്ടമായല്ലൊ. "കണ്ണിൽനിന്നു്" എന്നിങ്ങനെ സുസുന്ദരനായ ഉപഗുപ്തന്റെ കണ്ണിനെക്കുറിച്ചു് ചെന്താമരയോടോ മറേറാ ബന്ധിപ്പിക്കാതെ പറഞ്ഞതു് പ്രകൃതത്തിൽ സൌന്ദര്യപ്രതീതിയുണ്ടാക്കുന്നതുകൊണ്ടു് ആവശ്യമില്ലെന്നു കണ്ടിട്ടാകുന്നു. "അച്ചാമ്പലിൽ" എന്നു് ചാമ്പലിനെ "ആ" എന്ന ചുട്ടെഴുത്തുകൊണ്ടു ചൂണ്ടിക്കാണിക്കുന്നതു് മധുരയിലെ മുഖ്യമായ സൌഭാഗ്യത്തിന്റെ സ്മാരകദംബം എന്ന പൂർവ്വോക്തവൈശിഷ്ട്യത്തെക്കൂടി സ്മരിപ്പിക്കുവാനാകുന്നു. "അശ്രുകണം" എന്ന ശബ്ദത്തിനു് ശാസ്ത്രമുദ്ദേശ്യമാ അശ്രുക്കൾ എന്നു ബഹുവചനം സിദ്ധമാണു്. ആ ബഹുവച

ത്തെത്തടയാനാണ് "ഒരു" എന്ന സംഖ്യാവാചകം വി
ശേഷണമായിക്കൊട്ടത്തിട്ടുള്ളതു്. "ആമലകീഫലമപോ
ലെ" എന്നു് അശ്രുകണത്തെ ആമലകീഫലത്തിനോടു്
ഉപമിച്ചതു്, കാളിദാസാദികളാൽ സവിശേഷം ആദൃത
മായ ഉപമാലങ്കാരത്തെ പ്രയോഗിച്ചുകൊണ്ടു് സഹൃദയ
ഹൃദയത്തിന്നു് ആഹ്ലാദമുളവാക്കാമല്ലൊ എന്നു കരുതി
മാത്രമല്ല, ശോകതികതമല്ല എന്നു് അടുത്ത വരിയിൽ പറ
യാൻപോകുന്ന അശ്രുകണത്തിന്റെ നൈർമ്മല്യത്തെ വ്യ
ഞ്ജിപ്പിക്കുന്നതിനും തദ്ദ്വാരാ മുനിവിഷയകവും കവിഗ
തവുമായ രതിഭാവത്തിന്റെ ധ്വനിയിൽ സർവ്വോത്തരമാ
യ സാമഞ്ജസ്യം ഉളവാക്കുന്നതിനും മറ്റുമാകുന്നു. അശ്രു
കണത്തിന്റെ വീഴ്ചയെ അടന്നുകൊണ്ടു് എന്ന വിശേഷി
പ്പിച്ചതു് കണ്ണിൽ പിന്നീടു് കണ്ണീരിന്റെ സംബന്ധമി
ല്ലായ്കയേയും തന്മുഖേന മുനിയിലുള്ള നിസ്സംഗതയേയും
ധ്വനിപ്പിക്കുവാനാണു്. ആ നയനാംബു ഉത്കടശോക
തികതമല്ല എന്നുള്ള വാക്യത്തിൽ ശോകത്തിന്നു് ഉത്കടം
എന്ന വിശേഷണം കൊടുത്തതിലും ഒരു പ്രത്യേകതയു
ണ്ടു്. നയനാംബു ശോകതികതമല്ല എന്നുമാത്രം പറ
ഞ്ഞാൽ അസംഭവശങ്കയുണ്ടാവും. ശോകത്തിന്റെ ഛാ
യയെങ്കിലുമില്ലെങ്കിൽ ആത്തജനത്തിന്റെ നേരേ ഹൃദയ
ത്തിൽ അലിവുണ്ടാകുമെന്നോ കണ്ണുനീർക്കണം ഉളവാകു
മെന്നോ സംഭാവ്യമല്ല. അതുകൊണ്ടാണു് ഉത്കടശബ്ദ
ത്താൽ വിശേഷിപ്പിച്ചതു്. പാമരസാധാരണമായി ഒ
ഴിയാത്ത വ്യസനത്തിന്നു് ഉപഗുപ്തൻ വിധേയനായിരുന്നി
ല്ലെന്നും ആ കണ്ണുനീർക്കണം കരച്ചിലിന്റെ ലാഞ്ഛന

മല്ലെന്നും ശോകച്ഛായയുടെ വിശേഷ്യമായ കരുണയുടെ പരിണാമഫലമാണെന്നും ധ്വനിപ്പിക്കുകയാണ് ആ പ്രത്യേകത. ഈ ധ്വന്യമാനമായ അംശത്തെ കവച്ചുപ്പറത്തായി

"കരുതാംമറെറാന്നല്ലതു "കരുണ"തൻകയത്തിലേ
പരിണതോജ്ജ്വലമുകതാഫലമല്ലാതെ."

എന്നിങ്ങനെ ഉല്ലേഖഭംഗിയോടെ ആശാൻതന്നെ വിശദമാക്കുന്നുമുണ്ട്. "ഓക്കുകിൽ" എന്ന പദം ഉപയോഗിച്ചതിൽ ചിന്താജഡന്മാർ തത്പാവഗതിയില്ലാതെ വല്ലതും പറഞ്ഞാൽ ഞാൻ അതിന്ന് ഉത്തരവാദിയല്ലെന്നാണ് ആശാന്റെ ആശയം എന്നു വിശ്വസിക്കാം. സ്മൃമാണമായ ആ അംശത്തെയാണ് "ദുഃഖസത്യജ്ഞനധീരൻ കരകയില്ല" എന്ന വരികൊണ്ടു വിവരിക്കുന്നതു്. ദുഃഖസത്യജ്ഞൻ എന്നും ആ എന്നും ഉള്ള വിശേഷണങ്ങൾ ഇവിടെ സാഭിപ്രായങ്ങളാകുന്നു. ദുഃഖസത്യം അറിയുന്നവൻ കരയുകയില്ലല്ലൊ. ധീരൻ എന്നാൽ ബുദ്ധസന്യാസിയാണ്. ധീരശബ്ദത്തിന്നു പണ്ഡിതൻ, ധൈര്യവാൻ, അചഞ്ചലൻ, ബലവാൻ, വിനീതൻ, ബുദ്ധിവൃത്തിയുടെ പ്രേരകനായ ചിദാത്മാവു്, ബൌദ്ധസന്യാസി എന്നിങ്ങനെ വിവിധങ്ങളായ അർത്ഥങ്ങളുണ്ടെങ്കിലും പ്രകരണബലം മുഖേന ഇവിടെ ബൌദ്ധസന്യാസി എന്ന അർത്ഥമത്രേ സ്വീകാര്യമായിട്ടുള്ളതു്. പ്രകൃതം അതാണല്ലൊ. എന്നാൽ പ്രസ്തുതനായ ധീരനെച്ചൂണ്ടുന്ന ആ എന്ന വിശേഷണം, പരമരാമണീയകധാമമായിരുന്ന വാസ

വടത്തെയുംപോലും എത്രതന്നെ പണിപ്പെട്ടിട്ടും സ്വല്പ മെങ്കിലും വ്യാമോഹിപ്പിക്കുവാൻ കഴിയാത്തവണ്ണം അത്ര യും ഉയർന്ന മനസ്ഥിതിയോടുകൂടിയവൻ എന്നാണ് കാണി ക്കുന്നത്. ഈ അംശവും കരയായ്മയുടെ കാരണത്തെ തെ ളിയിക്കുന്നു.

ഇങ്ങനെ തുടങ്ങിയ ഏതൊരു വ്യംഗ്യമര്യാദയെ, ഏതൊരു ശബ്ദാർത്ഥഘടനാപ്രവീണതയെ, ഏതൊരു ധ മ്മമർമ്മജ്ഞതയെ, ഏതൊരാശയത്തെ ആണ് വാര്യരിൽ നിന്നു കവർന്നെടുത്ത് മഹാകവി കുമാരനാശാൻ അന്യഥാ പ്രതിപാദിച്ചിട്ടുള്ളതു് എന്നു പഞ്ചാനനൻതന്നെ പറയേ ണ്ടതാണ്.

ഇനി നാം വാര്യരുടെ അരികിലേയ്ക്ക് ഒന്നു പോ വുകതന്നെ.

"അന്നണനെക്കണ്ടിട്ട സന്തോഷംകൊണ്ടോ തന്വ്യദൈന്യം
ചിന്തിച്ചിട്ടുള്ളിലുണ്ടായ സന്താപംകൊണ്ടോ
എന്തുകൊണ്ടോ ശൌരികണ്ണുനിരണിഞ്ഞു, ധീരനായ
ചെന്താമരക്കണ്ണനറിഞ്ഞോ കരഞ്ഞിട്ടുള്ളൂ".

ആശാൻ ആശയം പകർത്തുവാനാശ്രയിച്ചു എന്നു പഞ്ചാനനനാൽ ആശ്വാസപൂർവ്വം വിശ്വസിക്കപ്പെട്ടുന്ന കുചേലവൃത്തത്തിലെ കവിതാഭാഗങ്ങളാം ഇവയാണല്ലൊ. അന്നണനെക്കണ്ടിട്ട ശ്രീകൃഷ്ണൻ കണ്ണുനീരണിഞ്ഞു. അതു് സന്തോഷംകൊണ്ടോ സന്താപംകൊണ്ടോ എന്നു കവി സന്ദേഹിക്കുകയും ശ്രീകൃഷ്ണൻ കരഞ്ഞിട്ടില്ലാത്ത ആളാ

യതുകൊണ്ട് സന്താപംകൊണ്ടല്ല, സന്തോഷംകൊണ്ടു തന്നെയാണ് എന്ന് ഉടൻതന്നെ തീർമാനിക്കുകയും ചെയ്യുന്നു. സന്തോഷംകൊണ്ടു കണ്ണുനീരണിയാവുന്ന ഒരു ധീരനു സന്താപംകൊണ്ടും കണ്ണുനീരണിയാവുന്നതാണെന്ന വസ്തുത വായർ സ്മരിക്കുന്നതേ ഇല്ല. കരയുകയില്ല എന്നതിനെ സാധിപ്പിക്കാൻ ചെന്താമരക്കണ്ണൻ എന്ന പദം ശക്തവുമല്ല. ഇങ്ങനെയുള്ള അവസരങ്ങളിൽ കവികർമ്മം തത്പനിഷ്ണയത്തിൽ ആശ്രമമാണ് ശരണം.

"അയാചിതാരം നഹി ദേവമദ്രി—
സ്സുതാം പ്രതിഗ്രാഹയിതും ശശാക".

(നിങ്ങളുടെ പുത്രിയെ എനിക്കു ധർമ്മദാരങ്ങളാക്കുന്നതിന് അനുവദിക്കണമെന്ന് ആവശ്യപ്പെടായ്കയാൽ ശിവനെക്കൊണ്ടു പുത്രിയെ സ്വീകരിപ്പിക്കുവാൻ ഹിമവാൻ ശക്തനായില്ല.) എന്നു പറയുന്ന കാളിദാസമഹാകവിക്ക് ഹിമവാന്റെ അശക്തത തെളിയിക്കുവാനുള്ള ആശ്രമം,

"അന്നം കന്യാ തഥാ വിദ്യാ
അനർത്ഥിഭ്യോ ന ദീയതേ".

(അന്നം, കന്യക, വിദ്യ എന്നിവയെ യാചിക്കാത്തവർക്കു കൊടുക്കരുതു്) എന്നുള്ളതാണ്. ഉപഹൃഷ്ടൻ കരകയില്ല എന്നതിനെ ഓരോ പദംകൊണ്ടും ആശ്രമത്തെ സ്മരിപ്പിച്ചുകൊണ്ട് ആശാൻ തെളിയിക്കുന്നതു നോക്കുക. ശ്രീകൃഷ്ണൻ കരഞ്ഞിട്ടില്ല എന്നു തെളിയിക്കാൻ വായർക്കുള്ള ആശ്രമം ഏതാണ്? പ്രത്യുത, ശ്രീകൃഷ്ണൻ കരഞ്ഞിട്ടുണ്ടെന്നു തെളി

യിക്കാൻ ഗണനീയന്മാരായ പൂവ്കവികളുടെ പ്രവചന ങ്ങളും ധാരാളമുണ്ടുതാനും.

"ഒറ്റയ്ക്കെത്തന്നിൽനീ വെണ്ണവെച്ചീട്ടമ്പോൾ
മറ്റേറയ്ക്കെക്കണ്ടിട്ട കേഴുമല്ലൊ
മൂത്തവൻ കൈയിൽനീ വെണ്ണവെച്ചീട്ടമ്പോ—
ളാത്തനായ് നിന്നുഞാൻ കേഴുമ്പോലെ" എന്നും

"ഉണ്ണിക്കിടാവുമപ്പോഴരൽപൂണ്ടുനി—
ന്നുള്ളുകലുങ്ങെക്കരഞ്ഞുനിന്നാൻ
കണ്ടൊരുപിള്ളർ കളിക്കുന്നതുംകണ്ടു
കണ്ണുനീർ മെയ്യിലൊഴുക്കിമേന്മേൽ".

എന്നും മറ്റുമുള്ള കൃഷ്ണഗാഥയിലെ ചില വരികൾ നോക്കുക. "ചിന്തിച്ചിട്ടുള്ളിലുണ്ടായ" എന്ന അംശത്തിലെ ഉള്ളിൽ എന്ന പദത്തിന്റെ അനാവശ്യകതയും സ്മരിക്കേണ്ടതാണു്, അതിരിക്കട്ടെ; കൃഷ്ണനു് അന്തണനെക്കണ്ടിട്ടുള്ള സന്തോഷം ചില്ലറയല്ല. കൃഷ്ണൻ കണ്ണുനീരണിഞ്ഞതു് അന്തണനെക്കണ്ടിട്ടുതന്നെയാണു്. അതുമുണ്ടല്ലൊ കൃഷ്ണനു് അന്തണഭക്തി.

"അന്തണരിലേകനെന്നാൽ കഴിഞ്ഞു, കൃഷ്ണനെത്രയും
ജന്തുവായ ജളനേയും പ്രസാദിപ്പിക്കും;
എന്തായാലും ചെന്താമരക്കണ്ണനെന്നെക്കാണുന്നോരം
സന്തോഷിക്കും സൽക്കരിച്ചയയ്ക്കയും ചെയ്യും".

എന്നിങ്ങനെ കുചേലനെക്കൊണ്ടു വാഴ്ത്തിപ്പറയിക്കുന്നതും

ഇവിടെ ശ്രദ്ധേയമാണ്. "എത്രയും ജന്തുവായ ജള"നായാലും ബ്രാഹ്മണജാതിയിൽപെട്ട ഒരുവനാണെങ്കിൽ അവനെക്കണ്ടാൽപിന്നെ കൃഷ്ണന്റെ കഥയൊന്നും പറയാനില്ല. ആശ്ചര്യം!

ബ്രാഹ്മണ ഉന്മേധാവിതപം പുലർന്നതോട്ടുകൂടി ഭൌതികമായും ആധ്യാത്മികമായും ഉയരുവാൻ മാർഗ്ഗമില്ലാതെ തളർന്നവീണ ഭാരതാംബയുടെ സന്തപ്തബാഷ്പധാരയേറ്റു, തങ്ങളുടെ ചെറുസങ്കേതങ്ങളിൽ ഒളിഞ്ഞിരിക്കുവാൻ നിർവ്വാഹമില്ലാതെ വെളിക്കുവന്ന് വളഞ്ഞുപുളഞ്ഞുഴലുന്ന ഭ്രുനാഗങ്ങളെന്നപോലെ വിഷമിക്കുന്ന ലക്ഷോപലക്ഷം പാവങ്ങളെക്കണ്ടു കുണ്ഠിതത്തോടെ കരാഞ്ചലത്തിൽ തുലികയേന്തി സൌഹിത്യമേറുന്ന സാഹിത്യരംഗത്തിൽ ഇറങ്ങി ജാതരോഷം ജാതിരാക്ഷസനോട്ട് എതിരിടുകയും "ലോകസേവയ്ക്കായി" ഉപയുക്തനെപ്പോലുള്ള "പതിതകാരുണികരാം" മാതൃഭ്രുസുതന്മാരെ ആഹ്വാനം ചെയ്യുകയും ചെയ്യുന്ന മഹാകവി കുമാരനാശാൻ, ജളജന്തുവായ അന്ധനിൽ ഭക്തികൊണ്ടു സന്തോഷം പ്രകടിപ്പിക്കുന്ന ഒരാളിൽ കൌതുകം തഴച്ച് എന്തൊക്കെയോ പറയുന്ന വാര്യരെത്തീണ്ടാൻ ചെല്ലുമെന്നു വിശ്വസിച്ച പഞ്ചാനനനെക്കുറിച്ച് എനിക്കുണ്ടാകുന്ന വ്യസനം സവിശേഷംതന്നെ എന്നു ഞാൻതന്നെ സമ്മതിച്ചുകൊള്ളട്ടെ.

പഞ്ചാനനൻ കുചേലവൃത്തത്തെ പൂച്ചയോട്ടപമിച്ചതു് ആലോചനാപൂർവ്വകമായാലും അല്ലെങ്കിലും നമുക്കു ചിന്താർഹമാണ്. തന്റെ സങ്കേതത്തിലും പരിസരങ്ങ

ളിലുമുള്ള താഴ്ന്ന ജീവികളെക്കൊന്നതിന്നു കയാണ് പൂച്ച യുടെ ജോലി. ബ്രാഹ്മണർമ്മേധാവിത്വം വാപിളക്കു ന്നത് ദയാഹ്മാംവണ്ണം താഴ്ത്തപ്പെട്ടവരെ വിഴുങ്ങുവാൻ മാത്രമാണെങ്കിൽ അതിനെപ്പുകഴ്ത്തുന്ന ആശയഗതിക ളോടുകൂടിയ കുചേലവൃത്തം, പൂച്ചയുടെ ഉപമേയവസ്തുവാ കട്ടെ എന്നാഗ്രഹിക്കുന്നതിൽ അനൌചിത്യദോഷം പറ യാനില്ല.

ഒന്നു തീച്ചയാണ്. മഹാകവി കുമാരനാശാൻ കുചേലവൃത്തവും വായിച്ചിട്ടുണ്ടായിരിക്കണം. കാവ്യപ്രകാ ശകാരൻ പറയുന്നതുപോലെ കാവ്യത്തിന്റെ ഉത്പത്തി ക്കുള്ള ഹേതുവിൽ കാവ്യപാരായണംകൊണ്ടുള്ള പാടവവും ഒരംശമാണല്ലോ. അതുകൊണ്ട് സുപ്രസിദ്ധമായ കുചേല വൃത്തവും ആശാൻ വായിച്ചിരിക്കണമെന്നുള്ളതു നിശ്ചയം തന്നെ. എന്നാൽ വായനക്കാരുടെ ആശയത്തോട് ബലമായൊ ന്നെതിരിടണമെന്നല്ലയോ ആശാന്റെ പ്രത്യാശ എന്നു ശങ്കിക്കുവാൻ ഇടം കാണുന്നുണ്ട്. എങ്ങിനെ എന്നു പറയാം. അന്തണനെക്കണ്ടിട്ടു കണ്ണുനീർവാർക്കുന്നവനും

> "കംസനെമഞ്ചത്തീന്നുന്തിക്കാതംവഴിദൂരത്തിട്ടു
> ഹിംസിച്ചിട്ടും വൈരമൊടുങ്ങാഞ്ഞിട്ടൊടുക്കം
> സംസത്തിങ്കലിട്ടിഴച്ചു"

എന്നിങ്ങനെ അമ്മാവനെ മഹാസദസ്സിൽവെച്ചു് നിസ്സ ങ്കോചം തല്ലിക്കൊന്ന് മൃതശരീരത്തെ വലിച്ചിഴച്ച ക്രോധാ വിഷ്ടനും ആയ ഒരു ധീരനാണല്ലോ കുചേലവൃത്തം മുഖേന

ആശാന്റെ ചിന്തയുടെ വിഷയമാകാവുന്നതു്. വായനക്കാരുടെ ഈ ധീരനെക്കണ്ടുകൊണ്ടിരിക്കവേയാണു്, മൈത്രീ കരുണാ മുദിതോപേക്ഷകളുടെ ഭാവനകളാൽ ചിത്തസംസ്കാരം സാധിച്ചും "ആനന്ദനിർവ്വാണംചെയ്യും കാമധേനുവാം ധ്യാനം ഗ്രഹിച്ചും" പരമശാന്തിസമ്പന്നതയോടെ പതിതപരിരക്ഷണത്തിനായി ചുടലക്കളത്തിലും പാഞ്ഞു ചെല്ലുന്ന ഉപഗുപ്തധീരനെ മഹാകവി നമ്മെച്ചൂണ്ടിക്കാണിച്ചുതരുന്നതു്. "ആ ധീരൻ കരകയില്ല" ഇങ്ങനെ ചുട്ടെഴുത്തുപയോഗിച്ചിട്ടുള്ളതു് വായർ മുഖേന ചിന്താവിഷയീഭൂതനായ ഈ ധീരൻ കരയുമെന്നു കാണിക്കാനാണു്. ഈ ധീരൻ കരയുകതന്നെ ചെയ്യുവല്ലോ. ഇപ്രകാരം വായരുടെ ആശയത്തെ ആശാൻ എതിർക്കുകയാണു ചെയ്തതു് എന്നു കണ്ടിട്ടായിരിക്കുമോ "ആ ധീരൻ" എന്ന കരുണയിലെപ്പാഠത്തെ തിരുത്തി 'ജ്ഞാനധീരൻ' എന്നാക്കിത്തീർക്കുവാൻ പഞ്ചാനനധീരൻ വ്യാപൃതനായതു്! ആ ധീരൻ എന്നു് അത്ഥഗൌരവത്തോടുകൂടിയ ആശാന്റെ പ്രയോഗത്തിൽ പാഠാന്തരംചെയ്തതു് വിവക്ഷിതവിരുദ്ധമാകയാൽ അക്ഷേപാർഹമാണു്. ആശാന്റെ കാവ്യത്തിൽനിന്നു് ഒരു പദമെന്നല്ല ഒരക്ഷരംപോലും മാറുന്നതു സൂക്ഷിച്ചുവേണ്ടതാണു്. ഇതുയും കൊണ്ടു് ആശാന്റെ ആശയത്തിനും വായരുടെ ആശയത്തിനും പ്രകൃതത്തിൽ യാതൊരു ഐകരൂപ്യവുമില്ലെന്നും വായരുടെ ആശയത്തെ ആശാൻ അന്യഥാ പ്രതിപാദിച്ചിട്ടില്ലെന്നും അന്യഥാ പ്രതിപാദിക്കുക എന്നതിനു് അബദ്ധമെന്നു ധ്വനിപ്പിക്കുക എന്നാണു് അത്ഥമെങ്കിൽ കുറവമില്ലെന്നും വിശദമായെന്നു വിശ്വസിക്കുന്നു.

ഉപേന്ദ്രന്റെ ഒറ്റ അശ്രുകണത്തെ "ബാഷ്പധാരയും" ശരീരമാസകലം അണിയത്തക്കവണ്ണം പൊട്ടിപ്പുറപ്പെട്ട വാര്യരുടെധീരന്റെ അശ്രുധാരയെ "ബാഷ്പോദ്ഗമം" മാത്രവും ആക്കി മറിച്ചുകാണിച്ചതു് ആജ്ജവത്തിന്നനുഗുണമല്ല. കരകയില്ല എന്നും ധീരൻ എന്നും രണ്ടുശബ്ദങ്ങൾ കരുണയിൽ കണ്ട ഉടനെ "ധീരനായചെന്താമരക്കണ്ണനുണ്ടോകരഞ്ഞിട്ടുള്ളൂ" എന്ന വാര്യരുടെ കവിതാഭാഗത്തിലെ ധീരശബ്ദത്തേയും കരഞ്ഞിട്ടുള്ള എന്ന ശബ്ദത്തേയും സ്മരിക്കുകയും ആശാന്റെ ഉള്ളിലുള്ള കുചേലവൃത്തപ്പൂച്ച തലപൊക്കിയതാണതെന്നു ധരിക്കുകയും ചെയ്തു ഘോരനാദം മുഴക്കിയ പഞ്ചാനനൻ കുചേലവൃത്തത്തെ പ്രശംസിക്കുന്ന അവസരത്തിൽ;—

"പണ്ടൊരിക്കൽപാണ്ഡവമഹിഷിയുടെശാകോദന-
മുണ്ടു; ഞാനിന്നു ഭവാന്റെ പൃഥുകംതിന്നു;
രണ്ടുകൊണ്ടുമുണ്ടായോണം സുഖവുംതൃപ്തിയുംകീഴി-
ലുണ്ടായിട്ടില്ലൊരിക്കലുമെനിക്കുസഖേ!"

എന്ന കുചേലവൃത്തപദ്ധതിലെ പണ്ടൊരിക്കൽ എന്നും ഉണ്ടായ് എന്നും സഖി എന്നും ഉള്ള പദങ്ങൾ കണ്ടഉടനേ

"പണ്ടൊരുപൂച്ചയുമെലിയുംതങ്ങളി—
ലുണ്ടായ്വന്നുസഖിത്വമൊരുനാൾ"

എന്ന കുഞ്ചൻനമ്പ്യാരുടെ "എലിയും പൂച്ചയും" എന്ന കവിതാംശത്തിലെ രണ്ടുവരികളിൽ പണ്ടൊരുനാൾ ഒരു പൂച്ചയും എലിയുംതങ്ങളിൽ സഖിത്വമുണ്ടായ്വന്ന എന്ന്

അനപായഘടനചെയ്യുകൊണ്ട് അതിലെ പണ്ടൊരുന്നാൾ, ഉണ്ടായി, സഖി എന്നീ ശബ്ദങ്ങളെ സ്മരിക്കുകയും വാര്യരുടെ ഉള്ളിലിരുന്ന നന്ദ്യാരുടെ "എലിയും പൂച്ചയും" തല പൊക്കിയതാണതെന്നു ധരിക്കുകയും ചെയ്യ ഗജ്ജിക്കാഞ്ഞതു് "വൈക്കത്തു പെരുംതൃക്കോവിലപ്പാ! ഭഗവാനേ! പോററി! മററില്ലാശ്രയം" എന്ന പ്രാത്ഥന വാര്യരിൽ ഫലിച്ചതുകൊണ്ടായിരിക്കാം.

കുചേലവൃത്തത്തിന്റെ പ്രാരംഭത്തിലെ "കെല്പോട്ട്" എന്ന ശബ്ദം കണ്ടു് "കെല്പോട്ട നിന്നു കളിക്കുമല്പോ" എന്ന കൃഷ്ണഗാഥാഭാഗത്തേയും

"മണ്ണതിന്നു മകനെന്നു കേട്ടിട്ടമ്മ കോപിച്ചപ്പോ—
ളുണ്ണിക്കൃഷ്ണൻ വാപിളർന്നിട്ടലകീരേഴും"

എന്ന കുചേലവൃത്തപദ്യാംശം കണ്ടു്

"മണ്ണതിന്നീടിനാൻ കണ്ണനെന്നിങ്ങനെ
തിണ്ണംപോയ്ചെന്നിട്ട ബാലകന്മാർ",
"വാപിളർന്നീട്ടനീയെന്നവം ചൊല്ലുയാൽ
വാപിളർന്നീടിനാൻ ബാലനപ്പോഠം"

എന്ന കൃഷ്ണഗാഥാഭാഗങ്ങളേയും സുപരിചയത്തോടേ ഓർത്തുകൊണ്ടു് കെല്പോട്ട്, മണ്ണതിന്നു, വാപിളർന്നു എന്നിവയൊക്കെ വാര്യരുടെ ഉള്ളിൽ കിടന്നിരുന്ന കൃഷ്ണഗാഥപ്പൂച്ചയുടെ തലപൊക്കലാണെന്നു പ്രഘോഷിക്കാഞ്ഞതും കുചേലവൃത്തകർത്താവിന്റെ അനുഗ്രഹീതത തന്നെ.

പിന്നെയും മി: പി. കെ. പറയുന്നു:— "കുറേക്കൂടി സൂക്ഷിച്ചുനോക്കിയാൽ വാര്യരുടെ പ്രതിപാദനരീതിയിൽ കാണുന്ന ഒരു വിശേഷം അദ്ദേഹം വളരെ അനുകരിച്ചിട്ടുണ്ടെന്നു കാണാവുന്നതാകുന്നു. സാഹിത്യകലയിൽ പല സമ്പ്രദായങ്ങളുണ്ടെന്നു പറയേണ്ടതില്ലല്ലൊ. ചിലരുടെ ലക്ഷ്യം വർണ്യവസ്തുവിന്റെ മാതൃകീകരണമാണ്. അവർ നിസ്സാരങ്ങളായ വിവരങ്ങളെ വകവെയ്ക്കാറില്ല. മറ്റുചിലരുടെ ലക്ഷ്യം പ്രതിപാദ്യവിഷയത്തെ യഥാതഥമായി പ്രകൃതികമായി (പ്രകൃതി എങ്ങനെയോ അതുപോലെ) വർണ്ണിക്കണമെന്നാണ്. ഇക്കൂട്ടർ സപ്പല്പങ്ങളായ വിവരങ്ങൾപോലും വർണ്യവസ്തുവിന്റെ പൂർണ്ണപ്രതീതി യഥാതഥമായി ജനിപ്പിക്കുവാൻ അങ്ങീകരിക്കുന്നവരാണ്. വാര്യർ പലടത്തും യാഥാതഥ്യത്തെ ആദരിച്ചുകാണുന്നുണ്ട്. ഉദാഹരണത്തിനു കുചേലന്റെ പുറപ്പാടിൽ,

> "കാലത്തെഴുന്നേറ്റു കുളിച്ചുത്തുവന്ന പതിയുടെ
> കാലിണവന്ദിച്ചു പൊതി കയ്യിൽ കൊടുത്തു,
> ക്ലേശകുതൂഹലം കൂടയുമെടുത്തിട്ടുനു—
> ക്ലേശയായപതിയോടു യാത്രയുംചൊല്ലി."

എന്നു വർണ്ണിച്ചിരിക്കുന്നതു നോക്കുക. വഴിയാത്രയ്ക്കു പുറപ്പെടുന്നവൻ കുളിച്ചാലെന്തു കുളിച്ചില്ലെങ്കിലെന്ത്? ഊണു കഴിച്ചാലെന്തു കഴിച്ചില്ലെങ്കിലെന്ത്? എന്നുള്ള ഉദാസീനതയില്ലാതെ ആചാരനിഷ്ഠനായ ഒരു ബ്രാഹ്മണന്റെ പ്രതീതിക്കു കവി മേൽ പറഞ്ഞ വിവരങ്ങൾ പ്രസ്താവിച്ചിരിക്കുന്നു. ഊണു കഴിച്ചുവന്ന കുചേലന്റെ ആഹാരകാര്യ

ത്തിന് കവി മൗനമവലംബിക്കുന്നു. അതുകൊണ്ട് വെറും വയറോടുകൂടിയായിരുന്ന യാത്രയെന്നും കുടുംബത്തിലെ ദാരിദ്ര്യം അതു മികച്ചിരുന്നു എന്നും ധ്വനിപ്പിക്കയുംചെയ്തിരിക്കുന്നു. ഇനി ഒരു സംഗതി കുചേലന്റെ കൂടയാണ്. പ്രകൃത്യാ വഴിയാത്രക്കാരന് ഒരു കുടയുണ്ടായിരിക്കുമെന്നുള്ള സങ്കല്പത്തിന്മേൽ അധ്വനീനരൂപപ്രതീതിക്കു യഥാതഥമായി കൂടക്കൂടി ഇവിടെ സംഘടിപ്പിച്ചിരിക്കുകയാണ്. ഇതുപോലെ പദ്മനാഭസ്വാമിക്ഷേത്രവർണ്ണനയിൽ ഒറ്റക്കല്ലുമണ്ഡപം, ഗരുഡധ്വജം, തിരുമുറ്റം, മതിൽക്കെട്ട്, നാലമ്പലം മുതലായ വിവരങ്ങൾ സൂക്ഷ്മമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നതും പ്രസ്താവയോഗ്യമാകുന്നു. ഇതിനാണു യഥാതഥവർണ്ണനം എന്നു ഞാൻ നാമകരണം ചെയ്യുന്നത്. എന്നാൽ മാതൃകീകരണത്തിനും വാര്യർ മുതിർന്നിട്ടുണ്ട്. മാത്താണ്ഡവർമ്മ മഹാരാജാവിനെപ്പറ്റിയുള്ള പ്രശംസ അതിനുദാഹരണമാണ്.

> "മാത്താണ്ഡമഹീപതീന്ദ്രൻ വെറുതെയോജയിക്കുന്നു
> മാലോകരെ, മന്നരായാലിവണ്ണംവേണം."

എന്നുംമറ്റുമുള്ള ഭാഗങ്ങൾ നോക്കുക. ആ മഹാരാജാവിനു വല്ല ദോഷങ്ങളുമുണ്ടായിരുന്നെങ്കിൽ അതെല്ലാം കവി നിഗരണം ചെയ്തിരിക്കുന്നു. അവിടെ യഥാതഥത്വമില്ല. കുചേലവൃത്തത്തിലെ യഥാതഥരീതി ആശാനെ വളരെ ആകർഷിച്ചുകാണുന്നു.

"ഉത്തരമധു(ഥു?)രാപുരിക്കുത്തരോപാന്തത്തിലുള്ള
വിസ്തൃതരാജവീഥിതൻ കിഴക്കരികിൽ."

ഇത്യാദി കഥോപക്രമംതന്നെ നോക്കുക. വാസവദത്ത യുടെ വാസസ്ഥാനം മഥുരാപുരിയായിരുന്നു എന്നു പറ ഞ്ഞാൽ മതിയാകുമായിരുന്നു. ആ നഗരിയുടെ വടക്കു വശത്തു രാജപാതയുടെ കിഴക്കുവശത്തായിരുന്നു എന്നുള്ള വിവരങ്ങളും സപ്രസങ്കല്പത്തെ യഥാതഥമായി പ്രതിപാ ദിക്കുവാൻ ഗ്രന്ഥകർത്താവു വിസ്തരിച്ചിട്ടുള്ളതാണ്. ഇതു കൊണ്ടു പ്രബന്ധത്തിനു വല്ല ചമൽക്കാരവും കൂടിയിട്ടു ണ്ടെന്നു പറയുവാനില്ല. ഇനിയൊരുദാഹരണം നോക്കുക. വാസവദത്തയുടെ ഭവനത്തിലേയ്ക്കു വരുന്ന വണിഗ്വരനെ വർണ്ണിക്കുമ്പോൾ അയാളുടെ കിന്നരി വച്ച പാദുകകളും, പട്ടുതലപ്പാവു്, വൈരക്കല്ലുകടുക്കൻ, അങ്ഗുലീയങ്ങൾ, കൗശേയവസ്ത്രം, പൊന്നരഞാൺ മുതലായ അലങ്കാരവി ശേഷങ്ങളും വിവരിക്കപ്പെട്ടിരിക്കുന്നതു് വേശ്യയെ വശ്യയാ ക്കുവാൻ ഉപകരിക്കുന്നതാകയാൽ ഉചിതംതന്നെ. എ ന്നാൽ ഈ ആവേശം അവിടെ വിശ്രമിക്കാതെ അയാൾ വന്ന കാളവണ്ടിയിലും വണ്ടിക്കാളകളിലും കൂടി വ്യാപിച്ചു കാണുന്നു.

"ആനതാഗ്രമായ കൊമ്പിൽ പൂവണിഞ്ഞും തിരയിന്മേൽ
ഫേനപിണ്ഡംപോലെ പൊങ്ങുംപോഞ്ഞൂതുള്ളിച്ചും
കിലുകിലെക്കിലുങ്ങുന്ന മണിമാലയാന്ദോളനം
കിലുക്കിയും കുതിച്ചാഞ്ഞു താടയാട്ടിയും"

ഇത്യാദി യാഥാതഥ്യവ്യവസായം നോക്കുക. ഇങ്ങനെ യഥതഥവർണ്ണനാപ്രസക്തി "കരുണ"യിൽ പലെടത്തും കാണുന്നുണ്ട്. ചിലെടത്ത് അതുകൊണ്ടു സാരസ്യവും മറു ചിലടത്ത് അമിതമായി വലിച്ചുനീട്ടുകമൂലം, വൈയത്ഥ്യവും വൈരസ്യവും തോന്നുന്നുണ്ട്".

ഇതുയുംകൊണ്ട്, വാര്യരുടെ ആശയത്തെ മാത്രമല്ല പ്രതിപാദനരീതിയെക്കൂടി ആശാൻ അനുകരിക്കുന്നു എന്നും എന്നാൽ വാര്യരെ അനുകരിച്ചുകൊണ്ടു വിജയിക്കുന്നു എന്നല്ല, വേണ്ടാതെ വലിച്ചുനീട്ടി വൈയത്ഥ്യവും വൈരസ്യവും ഉളവാക്കി അപജയിക്കുന്നു എന്നുമാണല്ലൊ മി: പി. കെ. സമർത്ഥനംചെയ്യുന്നത്. ഈ സമർത്ഥനം സമർത്ഥനം തന്നെയോ എന്നു ചിന്തിക്കുന്നതിനു മുമ്പായി ചിലതു ചിന്തിക്കേണ്ടിയിരിക്കുന്നു. ചിലരുടെ ലക്ഷ്യം വസ്തുവിന്റെ മാതൃകീകരണമാണെന്നും ചിലരുടെ ലക്ഷ്യം പ്രതിപാദ്യവിഷയത്തെ പ്രകൃതികമായി (പ്രകൃതി എങ്ങനെയോ അതുപോലെ) വർണ്ണിക്കണമെന്നും അണ്ട്, എന്ന് മി: പി. കെ. പറയുന്നതു ചിന്ത്യമല്ലേ? അതാകട്ടെ, ഭാരതീയസാഹിത്യകലാകുശലന്മാരെ സംബന്ധിക്കുന്ന ചിന്താഗതിയാണോ? ഉപദേശ്യജനത്തിൽ അലൌകികമായ ആഹ്ലാദം ജനിപ്പിച്ചു് അവരെ വശംവദരാക്കുകയും മാതൃകാഭൂതന്മാരെച്ചൂണ്ടിക്കാണിച്ചു് അവരെപ്പോലെ ജീവിക്കുവാനും അധർമ്മങ്ങളിൽ നിന്നു് കരണത്രയത്തേയും പിൻതിരിക്കുവാനും ഉപദേശിക്കുകയും ആണ് മഹാകവികളെല്ലാവരും ഇതുവരെ ചെയ്തതും ചെയ്യുന്നതും. രാമൻ തുടങ്ങിയ നായകന്മാരുടേയും സീത തുടങ്ങിയ നായികമാരു

ടേയും സമുത്കീർത്തനം മാതൃകീകരണത്തിനുതന്നെയാണ്. സന്യാസികളായി വനഭൂവിൽ കഴിഞ്ഞുകൂടിയ രാമലക്ഷ്മണന്മാരുടെ അരികിൽ വന്ന് കാമചാപലം പ്രകടിപ്പിച്ച ലളിതാരൂപിണിയായ ശൂർപ്പണഖയ്ക്കു നേരിട്ട അംഗവൈകൃത്യവും രാവണനു നേരിട്ട മഹാവിപത്തുകളും വിസ്തരിക്കപ്പെട്ടിട്ടുള്ളതു് മാതൃകീകരണത്തിനല്ലെന്നും അധമ്മങ്ങളിൽനിന്ന് ഉപദേശ്യന്മാരെ പിൻതിരിക്കുന്നതിനാണെന്നും ഉള്ളതു് സുവ്വിദിതവുമാകുന്നു. ഇങ്ങനെ നോക്കിയാൽ ചില കവികളുടെ ലക്ഷ്യം മാത്രമാണ് വർണ്യവസ്തുവിന്റെ മാതൃകീകരണം എന്നതു് ചിന്താനുസാരിയായ അഭിപ്രായം അല്ലെന്നു വിശദമാകും. കുചേലവൃത്തത്തിലെ നായകൻ വാര്യരാൽ യഥാതഥം വർണ്ണിക്കപ്പെട്ടിരിക്കുന്നതു് ഭക്തന്മാരുടെ ഒരു മാതൃകീകരണത്തിനാണ്. ആശാൻ കരുണാനിധിയായ ഉപഗുപ്തനെ വർണ്ണിക്കുന്നതും മാതൃകീകരണത്തിനാണ്. ഇതൊന്നും ഒരു പുതുമയല്ല. കവിലോകസാധാരണമത്രേ. അഭിലഷിതസിദ്ധി മുൻനിറുത്തി മാത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സിനെ ക്രമാധികം വർണ്ണിക്കുന്നതിനു് വാര്യർ നിർബന്ധിതനായതു് മാതൃകീകരണത്തിനാണെന്നു പറയുന്നതിൽ തീരെ സാംഗത്യമില്ലെന്നു ഞാൻ പറയുന്നില്ല. കവികളിൽ ആരും തന്നെ നായകന്മാരിൽ വല്ല നിസ്സാരങ്ങളായ "വിവരങ്ങ"ളും ഉണ്ടെങ്കിൽ അവയെ വകവെയ്ക്കാറില്ലാതിരിക്കെ ചില കവികൾ മാത്രം നിസ്സാരങ്ങളായ വിവരങ്ങളെ വകവെയ്ക്കാറില്ലെന്നു പറഞ്ഞതെന്താണെന്നു മനസ്സിലാകുന്നില്ല. പ്രതിപാദ്യവിഷയത്തെ "പ്രകൃതിക"മായി വർണ്ണിക്കുന്നതും ചില കവികൾ

മാത്രം സ്വീകരിക്കുന്ന ഒരു പ്രത്യേക ലക്ഷ്യമല്ല. അതു് മഹാകവികളുടെ പൊതുവിലുള്ള സമ്പ്രദായമാകുന്നു. ഹൃദയസംവാദമുള്ള സഹൃദയന്മാരെ ആഹ്ലാദഭരിതരാക്കിത്തീർക്കുന്ന വ്യംഗ്യംകൊണ്ടു് കാവ്യത്തെ സജീവമാക്കിപ്പണിചെയ്യുന്ന മഹാകവികളേവരും കാവ്യശരീരമായിപ്പരിഗണിക്കപ്പെട്ടിട്ടുള്ള ശബ്ദാർത്ഥങ്ങളെ അലങ്കാരങ്ങളുംമറ്റും ചേർത്തിണക്കി രമണീയങ്ങളാക്കുന്നു. ശബ്ദങ്ങളെ സാലങ്കാരങ്ങളാക്കുന്നതുകൊണ്ടാണു് മഹാകവികളുടെ ചില വാക്യങ്ങൾ കേൾക്കുമ്പോൾ പാമരന്മാർപോലും ആഹ്ലാദഭരിതരാകുന്നതു്.

"അമീതടസമീപനിർഝരതരംഗരിംഖത്പയോ—
ജഡീകൃതപടീരദ്രുഹകുടീരസംസാരിണഃ
മനോവിധുരയന്തിമേ മലയമേഖലാമേദുരാ
ദുരാസദവനപ്രിയപ്രിയതമാരുതാ മാരുതാഃ."

ഇങ്ങനെയുള്ള ശബ്ദഭംഗികൾ പാമരന്മാരെത്തന്നെയും ആഹ്ലാദിപ്പിക്കുന്നു എന്നുള്ളതു് അപലപനീയമല്ല. മധ്യമന്മാരായ കാവ്യരസികന്മാരെ ആവർജ്ജിക്കുന്നവയും ചിലപ്പോൾ പരമ്പരാസംബന്ധംകൊണ്ടു രസത്തെ പരിപുഷ്ടങ്ങളാക്കിത്തീർക്കുന്നവയുമാണു് അർത്ഥാലങ്കാരങ്ങൾ. അതുകൊണ്ടു് കവികൾ വർണ്യവസ്തുക്കളുമായി നേരിടുമ്പോൾ ശബ്ദാർത്ഥങ്ങളെ സാലങ്കാരങ്ങളാക്കിച്ചെയ്യുന്നു എന്നതു നിശ്ചയംതന്നെ. എന്നാൽ നാലു തത്ത്വങ്ങളിലാണു് കവികൾ അർത്ഥാലങ്കാരങ്ങളെക്കുറിക്കുന്നതു്. വാസ്തവം, (പ്രകൃതി എങ്ങനെയോ അതുപോലെ) ഔപമ്യം, അതിശയം, ശ്ലേഷം എന്നിവയാണു് ആ തത്ത്വങ്ങൾ. രുദ്രടാലങ്കാര

ത്തിൽ ഇതിനെ സംബന്ധിച്ച് ഇങ്ങനെ പറയുന്നു.

"അത്ഥസ്യാലങ്കാരാ—
വാസ്തവമൌപമ്യമതിശയഃ ശ്ലേഷഃ
ഏഷാ മേവ വിശേഷാ—
അന്യേതു ഭവന്തി നിശ്ലേഷാഃ".

(വാസ്തവം, ഔപമ്യം, അതിശയം, ശ്ലേഷം എന്നിവയാണ് അത്ഥാലങ്കാരങ്ങൾ. ഇവയുടെ അവാന്തരങ്ങളായ ഭേദങ്ങൾ മാത്രമാകുന്നു മറ്റുള്ള എല്ലാ അലങ്കാരങ്ങളും.) ഇവയിൽ വാസ്തവത്തെ അധികരിച്ച് രുദ്രടാചാര്യർ ഇപ്രകാരം ലക്ഷണം ചെയ്യുന്നു.

"വാസ്തവമിതി തദ്ജ്ഞേയം
ക്രിയതേ വസ്തുസ്വരൂപകഥനം യദ്
പുഷ്ടാത്ഥമവിപരീതം
നിരുപമ മനതിശയ മശ്ലേഷം".

(ഔപമ്യമോ അതിശയമോ ശ്ലേഷമോ ക്രടാതെയും വൈപരീത്യം ഉളവാകാതെയും അത്ഥപുഷ്ടിയോടുകൂടിയും ചെയ്യപ്പെടുന്ന വാസ്തവകഥനം യാതൊന്നോ അതിനെ വാസ്തവം എന്നറിയേണ്ടതാണ്.) ഈ വാസ്തവോക്തിയിലാകുന്ന സഹോക്തി, സ്വഭാവോക്തി തുടങ്ങിയ അലങ്കാരഭേദങ്ങൾ ഉൾപ്പെടുന്നതു്. "അത്ഥസ്യാലങ്കാരാഃ" എന്നുള്ളതുകൊണ്ട് യഥാതഥകഥനം ചമത്കൃതികരമായിരിക്കണം എന്നുള്ള തത്ത്വം വിസ്മരിക്കുവാനുമല്ല. ഇങ്ങനെ ശാസ്ത്രീയദൃഷ്ടികൊണ്ടു നോക്കുമ്പോൾ വർണ്യത്തിന്റെ

പ്രതിപാദനത്തിൽ അത്ഥഭംഗിയുണ്ടാക്കുന്നതിന് മഹാകവികളാൽ പൊതുവിൽ ആശ്രയിക്കപ്പെട്ടുന്ന ഒന്നുതന്നെയാണ് യഥാതഥകഥനം എന്നുള്ളതും അതാകട്ടെ, പ്രത്യേകം ചിലരുടെ ലക്ഷ്യമല്ലെന്നുള്ളതും വിശദമാണല്ലൊ. നളന്റെ കൈയിൽ നിന്നു മോചനം ലഭിച്ച അരയന്നത്തെ നോക്കിക്കൊണ്ട് ശ്രീഹർഷമഹാകവി യഥാതഥവർണ്ണനം ചെയ്യുന്നതിൽ ശ്രദ്ധിക്കുക.

അധുനീത ഖഗസ്സ നൈകധാ
തനുമത്പല്ല തന്തുരൂഹീകൃതാം
കരയന്ത്രണ ഭന്തുരാന്തരേ
വ്യലിഖച്ചഞ്ചുപുടേന പക്ഷതീ.

(തുവലുകൾ വിട്ടത്തി ശരീരം പലപ്രകാരത്തിൽ കടയുകയും കൈകൊണ്ടമത്തിപ്പിടിച്ചതിനാൽ താണും ഉയർന്നും കിടക്കുന്ന തുവലുകളോടുകൂടിയ ചിറകുകളെ കൊക്കുകൊണ്ടു കൊത്തിച്ചീകി സമീകരിക്കയും ചെയ്തു.) ഇങ്ങനെ യഥാവസരം കവികളെല്ലാം ചെയ്യുന്ന എന്നു ചൂണ്ടിക്കാണിക്കയല്ലാതെ, ഓരോ കാവ്യങ്ങളിൽ നിന്നും ഉദാഹരണങ്ങളെടുത്തു വിസ്തരിക്കുന്നതിന് ഇപ്പോൾ തുനിയുന്നില്ല. എന്നാൽ ആശാന്ന് അനുകരിക്കത്തക്കവണ്ണം അത്രയും ശ്ലാഘ്യമാണെന്നു വിഭ്രമിച്ചുകൊണ്ട് പി. കെ. യാൽ ഉദാഹരിക്കപ്പെട്ട വാര്യരുടെ യാഥാതഥ്യത്തിന്നടുത്തു നമുക്കൊന്നു കടന്നുനോക്കാം.

"ഇപ്രകാരം ഭർത്താവിന്റെ വാക്കുകേട്ടിട്ടനന്തരം
വിപ്രഭോമിനി യാചിച്ചുകൊണ്ടന്ന ധാന്യം

ക്ഷിപ്രമിരുട്ടത്തിടിക്കകൊണ്ടു കല്ലും നെല്ലുമേറു—
മാപ്പുഥകം പൊതിഞ്ഞൊരു തുണിയിൽകെട്ടി,
കാലത്തെഴുന്നേറു കുളിച്ചുത്തുവന്ന പതിയുടെ
കാലിണ വന്ദിച്ചു പൊതി കൈയിൽ കൊടുത്തു,
ക്ലേശകഷ്ടകൃഛ്രഫലം കൂടയുമെടുത്തിട്ടന—
ക്ലേശയായ പത്നിയോടു യാത്രയും ചൊല്ലി".

ഇവിടെ കുചേലന്റെ കുളി, ഉടുക്കുമുതലായവയെ പ്രത്യേകം എടുത്തുപറഞ്ഞതു് ആചാരനിഷ്ഠനായ ഒരു ബ്രാഹ്മണന്റെ പ്രതീതിക്കാകുന്ന എന്ന പി. കെ.യുടെ അഭിപ്രായം ആദരണീയംതന്നെ. എന്നാൽ കുചേലന്റെ ആഹാരകാര്യത്തിൽ കവി മൌനമവലംബിച്ചതു്, വെറും വയറോടെയായിരുന്ന യാത്രയെന്നും കുടുംബത്തിലെ ദാരിദ്ര്യം അത്ര മികച്ചിരുന്ന എന്നും ധ്വനിപ്പിക്കുവാനാകുന്ന എന്നുള്ള അഭിപ്രായം തീരെ അഭിലഷണീയമല്ല. ഭാരതത്തിൽ ആബ്രാഹ്മണം, ആചണ്ഡാലം, ആബാലവൃദ്ധം കുചേലന്റെ ദാരിദ്ര്യം പ്രസിദ്ധമായിരിക്കെ, അതിലും വിശിഷ്യ, വിപ്രഭാമിനിതന്നെ പലയിടങ്ങളിൽ നിന്നും യാചിച്ചു കൊണ്ടുവന്ന ധാന്യം ഇരുട്ടത്തിടിക്കുകയും തന്മൂലം കല്ലും നെല്ലും കലരുകയും ചെയ്ത അവിൽപൊതി കൈയിലിരിക്കെ, "ഇല്ലം വീണു കുത്തുമാറായതും കണ്ടാലും" എന്നും മറ്റുമായി അവാര്യദാരിദ്ര്യസ്ഥിതിയെക്കുറിച്ചു വിപ്രപത്നി പറയുന്നതു് വായനക്കാർ കേട്ടുകൊണ്ടിരിക്കെ, വെറും വയറോടെയാണു് കുചേലൻ പോയതെന്നോ കുചേല കുടുംബത്തിലെ ദാരിദ്ര്യം അത്ര മികച്ചിരുന്നുവെന്നോ ധ്വ

നിപ്പിക്കുവാൻ കവി എന്തിനു പാടുപെടുന്നു? അഥവാ അങ്ങനെ ഒരു ധ്വനിയുണ്ടെങ്കിൽതന്നെ അതു്,

"നോ കേരളീസ്ഥന യിവാതിതരാം പ്രകാശഃ"

എന്നു് സരസനായ ഒരാചാര്യൻ പറഞ്ഞതുപോലെ ചമത്കാരകാരിയുമല്ലല്ലൊ. പി. കെ. പറയുംപോലെയുള്ള ധ്വനി കാണിക്കുവാൻ ശ്രമിക്കുകയാണെങ്കിൽ ഈ വരികളിൽ നിന്നു് വായനക്കാരെ ചിരിപ്പിക്കുവാൻ പറ്റുന്ന ഒട്ടധികം ധ്വനികൾ എടുത്തുകാണിക്കുവാൻ കഴിയും. ധ്വനിപ്രസ്ഥാനത്തിന്റെ മഹിമയേയും പ്രകൃതത്തിലുള്ള ഗൌരവത്തേയും സ്മരിച്ചുകൊണ്ടു്, അവയിലേയ്ക്കു് വായനക്കാരുടെ ശ്രദ്ധയെ നയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ഈ വരികളിൽ വാര്യർ അടക്കിയിരിക്കുന്ന രസധ്വനിയെക്കുറിച്ചു് പി. കെ. ഒന്നും പറയാഞ്ഞതു് വിസ്മൃതികൊണ്ടായിരിക്കുമെന്നു തോന്നുന്നില്ല. "മുഷിഞ്ഞ ജീർണ്ണവസ്ത്രംകൊണ്ടു തറവൃത്തിട്ടുത്തരീയവുമിട്ടു, മുണ്ടിൽ പൊതിഞ്ഞ പൊതിയും പുസ്തകവും കക്ഷത്തിങ്കലിടുക്കി, മുഖരമായ പൊളിക്കുടയുമായി" എന്നിങ്ങനെ വാര്യരാൽതന്നെ അടുത്തുപറയപ്പെടുന്നതനുസരിച്ചു്, ക്രുദ്ധകൃഷകുതൂഹലം പത്നിയോടു യാത്രയും ചൊല്ലിപ്പുറപ്പെടുന്ന കുചേലബ്രാഹ്മണന്റെ വേഷം കെട്ടിയ ഒരു നടൻ തന്മയത്വത്തോടുകൂടെ രംഗത്തിൽ പ്രവേശിക്കുകയാണെങ്കിൽ സഭാവാസികളുടെ ഹസ്തതാഡനകോലാഹലം എന്തൊരുതരം ഹൃദയവികാരത്തിന്റെ ഫലമായുദ്ഭവിക്കുന്നതാണെന്നു് ഒന്നു ചിന്തിക്കുവാൻ ഈയവസരം വിനിയോഗിക്കേണ്ടതാണു്. ഇങ്ങനെയുള്ള യഥാതഥവർണ്ണനങ്ങളിൽ

നിന്ന് സഹൃദയഹൃദയത്തിൽ ഉളവാകുന്നതും പ്രസ്ഫുടമാകുന്നതും ഹാസമാകയാൽ പ്രകൃതത്തിൽ ഹാസ്യരസമാണ് ധ്വനിക്കുന്നത്. വികൃതവേഷാദികൾ കാണുമ്പോൾ ഉളവാകുന്ന മനോവികാസരൂപമായ വികാരമാണ് ഹാസം. ഇവിടെ യാഥാസ്ഥിതികനായ കുചേലൻ ആലംബനവും പറപറ എന്നിങ്ങനെ ശബ്ദിച്ചുകൊണ്ടിരിക്കുന്ന പൊളിക്കുടയും മറ്റും ഉദ്ദീപനവും ക്രുദ്ധകുഷകതൂഹലിതപം മുഖേന സിദ്ധമാകുന്ന ദന്തപ്രകാശനം മുതലായവ അനുഭാവവും ആണെന്നു സുഗ്രഹമാണല്ലൊ. ഇപ്രകാരം പ്രസ്തുതവരികളിൽ നിന്ന് ഹാസ്യരസം വ്യഞ്ജിക്കുന്നു എങ്കിലും, തന്മുഖേന കുചേലവൃത്തം ധ്വനികാവ്യമെന്നു പറയാവുന്നതാണെങ്കിലും, വാര്യർ തന്റെ നായകനെ യഥാതഥമായി വർണ്ണിച്ചു് പരിഹാസ്യനാക്കിത്തീർത്തതു് ഒട്ടുംതന്നെ ഉചിതമായിട്ടില്ല. വർണ്യത്തിന്റെനേരേ എന്തൊരുതരം മനോഭാവത്തെയാണോ ഉദ്ദീപിപ്പിക്കേണ്ടതു് അതിനൊത്തവണ്ണമല്ലയോ കവികളുടെ വാഗ്വ്യാപാരം പ്രവർത്തിക്കേണ്ടതു്? ദൃഷ്ടാന്തത്തിനായി കാളിദാസാദികളുടേയോ ആശാന്റെയോ സംരംഭം നോക്കുക. അമ്പലവാസിയായ വാര്യക്കു് ഏതാദൃശയാഥാസ്ഥിതികരെക്കണ്ടുകണ്ടു വൈരസ്യം വന്നതുകൊണ്ടായിരിക്കുമോ ഇത്തരം ഒരു പരിഹാസ്യവേഷത്തിൽ കുചേലനെച്ചിത്രീകരിക്കുവാൻ ഓർത്തോ ഓർക്കാതെയൊ സംഗതി വന്നതു്!

ഇങ്ങനെ യഥാതഥമായി വർണ്ണിച്ചു് കുചേലനെ ഹാസത്തിന്നാശ്രയമാക്കിയതു് ഉചിതമായില്ലെന്നുള്ള അസ്വരസം കൊണ്ടുതന്നെയാണോ മി: പി. കെ. ഒറക്കല്ലു

മണ്ഡപം മുതലായവയെക്കുറിച്ചുള്ള വർണ്ണനത്തോടടുക്കുന്നതും, "ഇതിനാണ് യഥാതഥവർണ്ണനം എന്നു ഞാൻ നാമകരണം ചെയ്യുന്നത്" എന്നു പറയുന്നതും. അങ്ങനെയാണെങ്കിൽ പി. കെ. യാൽ യഥാതഥവർണ്ണനം എന്നു പുതുപ്പേരിട്ടു ശ്ലാഘിക്കപ്പെടുന്ന ആ വർണ്ണനത്തിന്റെ സമീപത്തിലേയ്ക്കും നമുക്കൊന്നു കടന്നുനോക്കാം.

"ഒറക്കല്ലിങ്ങോടിവന്നു മുഖമണ്ഡപീഭവിച്ചു
മറെറാന്നിതില്പരം മന്നക്കാജ്ഞകൊണ്ടാമോ?"

ഇതാണല്ലൊ മുഖമണ്ഡപവർണ്ണനം. ഇതൊരു യഥാതഥവർണ്ണനമാണെന്നു സാഹിത്യകലയിൽ പരിചയിച്ചിട്ടുള്ള ആരെങ്കിലും സമ്മതിക്കുമോ? അലങ്കാരങ്ങളുടെ മൂലതത്വങ്ങളായി പരിഗണിക്കപ്പെട്ടിട്ടുള്ള "യഥാതഥത്വം" തുടങ്ങിയവയിൽപെട്ട അതിശയത്തെ അപേക്ഷിച്ചാണ് കവി ഇവിടെ വർണ്ണനം തുടരുന്നതു്; യാഥാതഥ്യത്തെ അപേക്ഷിച്ചല്ല. ഒറക്കല്ലു് ഓടിവരുക എന്നതു് സംഭവിക്കാത്തതാകുന്നു. എങ്കിലും കവി അങ്ങനെ സംബന്ധിപ്പിച്ചു പറഞ്ഞതുകൊണ്ടും അതു് ചമത്കാരകാരിയായിത്തന്നെ ഇരിക്കുന്നതുകൊണ്ടും ഇവിടെ അലങ്കാരം സംബന്ധാതിശയോക്തിയാകുന്നു.

"സംബന്ധാതിശയോക്തിസ്ത്വാ—
ദയോഗേയോഗകല്പനം
സൌധാഗ്രാണി പുരസ്യാസ്യ
സ്പൃശന്തി വിധുമണ്ഡലം".

(അസംബന്ധത്തിങ്കലെ സംബന്ധവർണ്ണനം സംബന്ധാതിശയോക്തിയാകുന്നു. ഈ പുരത്തിലെ മേടകളുടെ അഗ്രങ്ങൾ ചന്ദ്രമണ്ഡലത്തെ സ്പർശിക്കുന്നു.) എന്നാണല്ലൊ കുവലയാനന്ദത്തിൽ സംബന്ധാതിശയോക്തിക്കു സോദാഹരണം ലക്ഷണം കാണിക്കപ്പെട്ടിട്ടുള്ളതു്.

"കുറമറതിരുക്കാപ്പുമകത്തെമുറവും തിരു—
മുറത്തുള്ള മണ്ഡപവുമമ്പലംനാലും
ചുറിനകത്തുംപുറത്തും ബലിശിലകളുംവെണ്മ—
പൊറവേദികയും പൊന്നുംകൊടിമരവും"

ഇങ്ങനെ തിരുമുറത്തേയും മറവും പറഞ്ഞു യഥാതഥമായിപ്പറയുന്ന ഈ നാലു വരികളിൽ കവിതാധർമ്മച്ഛായപോലും അടങ്ങിക്കാണായ്കയാൽ ഇതിനെ യഥാതഥവർണ്ണനം എന്നു് കവിതാധർമ്മജ്ഞന്മാർ സമ്മതിക്കുകയില്ലതന്നെ. വെണ്മ, പൊന്നു് എന്നീ രണ്ടുപദങ്ങൾ ഉൾപ്പെട്ടതുകൊണ്ടു് ഈ വരികളിൽ കവിത്വം പ്രകാശിക്കുന്നില്ലയോ എന്നു് അഭിജ്ഞന്മാർ ആശങ്കിക്കുമെന്നു തോന്നുന്നുമില്ല.

"അറത്തിങ്കലന്തരിക്ഷം പൊക്കിക്കളഞ്ഞാത്മപീഠം
പറഞിയൊരു പക്ഷിരാജചരിഷ്ണുരവും"

എന്നുള്ള ഗരുഡധ്വജവർണ്ണനവും "യഥാതഥ"പരമല്ല; അതിശയമൂലകമാണു്. അന്തരിക്ഷം പൊക്കുക എന്നതു് സംബന്ധിക്കാത്തതാണെങ്കിലും സംബന്ധിപ്പിച്ചു വർണ്ണിച്ചതുകൊണ്ടു് ഇവിടെയും അലങ്കാരം സംബന്ധാതിശയോക്തിതന്നെ.

"ഗോപുരംനാലും, വളന്വാമനന്റെ വട്ടമേറും
നൂപുരംപോലെ വിളങ്ങും പൊൻപ്രാകാരവും"

എന്ന മതിൽക്കെട്ടിന്റെ വണ്ണനവും "യഥാതഥ"മല്ല; അതാകട്ടെ ഔപമ്യമൂലകമാണു്. "പ്രാകാരം, വളന്വാമനന്റെ വട്ടമേറുന്ന നൂപുരമെന്നപോലെ വിളങ്ങുന്നു" എന്നതിൽ അലങ്കാരം ഉത്പ്രേക്ഷയാകുന്നു. പോലെ എന്ന പദം ഇവിടെ ഉത്പ്രേക്ഷാവാചകമാണു്. ഇതുകൊണ്ടു് "ഇതിനെയാണു് യഥാതഥവണ്ണനം എന്നു ഞാൻ നാമകരണം ചെയ്യുന്നതു്" എന്നതിലെ യഥാതഥവണ്ണനം എന്നതിനെ ബഹുമാന്യനായ സാഹിത്യപഞ്ചാനനൻ അവക്ഠം അയഥാതഥവണ്ണനം എന്നാക്കിത്തിരുത്തുമെന്നു ഞാൻ വിശ്വസിക്കട്ടെയോ?

ഇതുയും പ്രസ്തുതമായതിൽ നിന്നു് കുചേലവൃത്തത്തിലെ വണ്ണനക്രമത്തെത്തന്നെ പഞ്ചാനനൻ തെറ്റിദ്ധരിച്ചിരിക്കുകയാണെന്നും അതുകയാൽ "കുചേലവൃത്തത്തിലെ യഥാതഥരീതി ആശാനെ വളരെ ആകഷ്ടിച്ചുകാണുന്നു" എന്നു പറയുന്നതു് ആ തെറ്റിദ്ധാരണത്തോടുകൂടിത്തന്നെയാണെന്നും പ്രസ്പഷ്ടമായി. എന്നാൽ യഥാതഥവണ്ണനം കവിലോകസാധാരണമായിരിക്കെ, യാതൊരു സാംഗത്യവുമില്ലാതെ ആശാനെ വാഗ്മുടെ അനുകർത്താവാക്കാനും "വൈയത്ഥ്യവും വൈരസ്യവും തോന്നുന്നുണ്ടു്" എന്നു പറഞ്ഞു താഴ്ത്താനും പണിപ്പെടുന്നതെന്തിനാണെന്നു് എത്രതന്നെ ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. വഞ്ചിരാജ്യത്തിൽ വെച്ചു്, വഞ്ചിപ്പാട്ടിന്റെ കർത്തവ്യം

വഹിക്കുന്ന കവികളുടെ കൂട്ടത്തിൽ അഗ്ര്യപീഠം ആശാന്ന് അനുവദിച്ചുകൂടാ എന്ന ഉദ്ദേശ്യമാണ് ഇവിടെ പ്രേരകമെങ്കിൽ, കസ്തൂരിയുടെ സൌരഭം ശപഥംകൊണ്ടു തടയാവുന്നതല്ലെന്ന പരമാർത്ഥം സ്മർത്തവ്യമാണ്.

"ഉത്തരമധു(ഢു?)രാപുരിക്കുത്തരോപാന്തത്തിലുള്ള
വിസ്തൃതരാജവീഥിതൻ കിഴക്കരികിൽ"

എന്ന കഥോപക്രമം വായനക്കാരെ ഒരുതരത്തിലും അനുകരിക്കുന്നില്ലെന്ന് കൂചേലവൃത്തവും കരുണയും ഒരു പരിവൃത്തിയെങ്കിലും വായിച്ചിട്ടുള്ളവരോട് പറഞ്ഞറിയിക്കേണ്ടുന്ന ആവശ്യമില്ല. ഇവിടെ "ധു" എന്നതിനെ (ഢു?) ഏന്ന പഞ്ചാനനൻ തിരുത്തിയതായിക്കാണുന്നു. മധുര എന്നല്ല മഥുര എന്നേ പ്രയോഗിക്കാൻ പാടുള്ളൂ എന്നായിരിക്കണം അദ്ദേഹം ആഗ്രഹിക്കുന്നത്. അദ്ദേഹത്തിന്റെ പ്രയോഗദീപികയിൽ

"മഥുരാ" — "മധുരാ" :— ശ്രീകൃഷ്ണജന്മസ്ഥാനമായി യമുനാതീരത്തുള്ള നഗരം മഥുരയും മീനാക്ഷീക്ഷേത്രപ്രസിദ്ധമായ ദക്ഷിണഇൻഡ്യൻനഗരം മധുരയും ആകുന്നു,

ഇങ്ങനെ കാണുന്നു. പക്ഷേ ശാസ്ത്രീയസ്ഥിതി അങ്ങനെയല്ല. പ്രസ്തുത പട്ടണത്തെ അധികരിച്ച് ശാസ്ത്രകാരന്മാർ മധുര എന്നും മഥുര എന്നും മാത്രമല്ല, മഥ്നുര എന്നും കൂടി പ്രയോഗിക്കുന്നുണ്ട്. മേദിനീകോശകാരൻ മധുര എന്ന പാഠത്തെ അംഗീകരിക്കുന്നു. കാശീഖണ്ഡകാരൻ മഥുര എന്ന പാഠത്തേയും അംഗീകരിക്കുന്നു. ഭവിഷ്യപു

കോശകാരനാകട്ടെ മഥുര എന്ന പാഠത്തെക്കൂടി അംഗീകരിച്ചിരിക്കുന്നു. ഇതിന്റെ വിശദവിവരണം വൃദ്ധവാചസ്പത്യത്തിലുണ്ട്. അതുകയാൽ ഉത്തരമധുരയെ മഥുര എന്നാണ് എഴുതേണ്ടതു് എന്നുള്ള അഭിപ്രായം അശാസ്ത്രീയവും ഭ്രമജന്യവും എന്നു സിദ്ധമാണല്ലൊ. മലയാള ഭാഷയിലുള്ള പല ഗ്രന്ഥങ്ങളിലും പ്രസ്തുത നഗരിയെ സ്പർശിക്കുന്ന സ്ഥലത്തെല്ലാം മധുര എന്നു തന്നെ എഴുതിയും അച്ചടിച്ചും കാണുന്നു. പലരും പ്രസിദ്ധീകരിച്ചിട്ടുള്ള കേരളവൃത്തപ്പുതിപ്പുകളിൽ "ത്രിവിക്രമൻ മധുരയ്ക്കു ചെല്ലുന്നേരം" എന്ന വരിയിൽ മധുര എന്നു തന്നെയാണ് അച്ചടിച്ചുകാണുന്നതു്. മി: പി. കെ. യുടെ അവതാരികയോടുകൂടിയ കൃഷ്ണഗാഥയിലും മധുര എന്നു തന്നെ അച്ചടിച്ചിരിക്കുന്നു. ശാസ്ത്രദൃഷ്ട്യാ ഇതു് അദൃഷ്ടവുമാണ്.

വാസവദത്തയുടെ വാസസ്ഥാനം മധുരാപുരിയായിരുന്നു എന്നു പറഞ്ഞാൽ മതിയാകുമായിരുന്നു എന്നും ആ നഗരിയുടെ വടക്കു വശത്തു് രാജപാതയുടെ കിഴക്കു വശത്തായിരുന്നു എന്നും മറ്റുമുള്ള വിവരണങ്ങളുംകൊണ്ടു് പ്രബന്ധത്തിനു വല്ല ചമത്കാരവും കൂടീട്ടുണ്ടെന്നു പറയുവാനില്ല എന്നും ഉള്ള മി: പിള്ളയുടെ അഭിപ്രായം സാഹിത്യസുഹൃത്തുകളെ ഭയപ്പെടുത്തുകതന്നെ ചെയ്യുന്നു.

"അസ്ത്യുത്തരസ്യാം ദിശിദേവതാത്മാ
ഹിമാലയോനാമ നഗാധിരാജഃ
പൂർവ്വാപരൌ വാരിനിധീവഗാഹ്യ
സ്ഥിതഃപൃഥ്വ്യാ ഇവ മാനദണ്ഡഃ"

എന്ന കുമാരസംഭവത്തിലെ ആദ്യ പദ്യത്തെ ഉദ്ധരിച്ചു കൊണ്ട്

അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ
ഹിമാലയോ നാമ നഗാധിരാജഃ

എന്ന മതിയായിരുന്ന എന്നും മറ്റുള്ള പദങ്ങളെല്ലാം കാളിദാസൻ വെറുതേ വലിച്ചുനീട്ടിയതാണെന്നും പറയുവാൻ ഒരു നിരൂപകൻ പുറപ്പെട്ടാൽ അതെത്രമാത്രം അനുചിതമായിരിക്കുമോ അത്രതന്നെ അനുചിതമാണ് പഞ്ചാനനന്റെ പ്രസ്തുതപ്രകടനം. പ്രകൃതപദ്യത്തിൽ കാളിദാസനാൽ ഓരോരോ പദങ്ങളും വിന്യസിക്കപ്പെട്ടിട്ടുള്ളതു വ്യംഗ്യപരങ്ങളായിട്ടാണെങ്കിൽ ആശാന്റെ പ്രസ്തുത കവിതാഭാഗത്തിലും അടങ്ങിയ ഓരോരോ പദങ്ങളും ചമത്കാരകാരിയായ വ്യംഗ്യത്തോടുകൂടിയവതന്നെയാണ്.

ഉത്തരമധുരാപുരിയിൽ അടുത്തു വടക്കുവശത്തുള്ള വിസ്താരമേറിയ രാജപാതയുടെ കിഴക്കരികിലെ മണിമാളികയുടെ തെക്കേമലർമുറ്റത്തു് മസൃണശിലാസനത്തിൽ, അകത്താളിരുന്നാൽ കാണുന്ന ചെറുമതിലിനുള്ളിൽ ആണു്, സകലജനമനോവശീകരണനിപുണനായ മലർബാണന്റെ പട്ടംകെട്ടിയരാജ്ഞിയെന്നപോലെ മഞ്ജുളാംഗിയായി വിളയാടുന്ന വാസവദത്തയെ മഹാകവി അവതരിപ്പിക്കുന്നതും വായനക്കാരെ കാണിക്കുന്നതും. നായികയെ ഇങ്ങനെ അവതരിപ്പിച്ചുകാണിക്കുമ്പോൾ മധുരയിൽ എന്ന മാത്രം പറഞ്ഞു് ഏതു മധുരയിൽ എന്ന ഒരു വിശേഷണയെ വായനക്കാരിൽ ഉളവാക്കി വിഷമിപ്പിക്കുന്നതു് ഉചിതമല്ലെന്നു കരുതിയതിലും "ഉത്തരമധുര" എന്നുത

ന്നെ തീർത്തുപറഞ്ഞതിലും ഔചിത്യമില്ലെന്നോ അത്ഥമി ല്ലെന്നോ തീർമാനിക്കത്തക്കതാണോ? വല്ല കഥയും പ്രതി പാദിക്കാൻ തുടങ്ങുമ്പോൾ വായനക്കാരുടെ ശ്രദ്ധയെ സവിശേഷം ക്ഷണിക്കുന്നതിനായി കാലദേശാവസ്ഥകളെ ക്രൂടി യഥാതഥം വർണ്ണിക്കുന്നതു് കവിജനസാധാരണമാ യിരിക്കവേ ആശാൻ അങ്ങനെ ചെയ്തതു് ആശാസ്യമായി ല്ലെന്നു പറയുവാൻ തോന്നിയതു ശരിയാണോ?

രസങ്ങൾക്കെല്ലാം ചില അധിദേവതകളുണ്ടെന്നും എന്നാൽ ശൃംഗാരരസത്തിന്റെ അധിദേവത ശ്രീകൃഷ്ണനാ കുന്നു എന്നുമാണു് ചില വലിയ സാഹിത്യശാസ്ത്രകൃത്തുക കളുടെ അഭിപ്രായം. "സ്ഥായിഭാവോരതിഃ ശ്യാമവർണ്ണോ യം (ശൃംഗാരരസഃ) വിഷ്ണുദൈവതഃ" എന്നു സാഹിത്യദ പ്പണം. ആ ശൃംഗാരദൈവതത്തിന്റെ ജന്മഭൂവിലാണു് ശൃംഗാരരസം ശരീരമെടുത്തതുപോലെയുള്ള വാസവദ ത്ത വിലസുന്നതെന്ന വിശേഷപ്രതീതിയുണ്ടാക്കുവാനാണു് ഉത്തരമധുരാപുരി എന്ന പദംതന്നെ കഥാവതരണത്തിൽ ഒന്നാമതായി ഉപയോഗിച്ചതു്. ഉപാന്തത്തിൽ എന്നു കാണിച്ചതു് വാരനാരീഗൃഹം പ്രധാന നഗരിയിൽ ആയി രിക്കയില്ലെന്നുള്ള വ്യവസ്ഥയെക്കാണിക്കുവാനാകുന്നു. ഉത്ത രോപാന്തം എന്നിങ്ങനെ ഉപാന്തത്തിനെ ഉത്തരശബ്ദം കൊണ്ടു വിശേഷിപ്പിച്ചതു്,

"അഴകോടന്നാഗരത്തിൻ തെക്കുകിഴക്കതുവഴി—
യൊഴുകും യമുന തന്റെ പുളിനം കാണ്മൂ".

എന്ന നിലയിൽ പ്രസ്തുത നഗരിയുടെ അടുത്തു തെക്കു കിഴക്കായി മേലിൽ കാണിക്കുവാൻ പോകുന്ന ചുടുകാടിന്നു നേരേ എതിർവശം എന്നു ധ്വനിപ്പിക്കുവാനാകുന്നു. വിസ്താരമേറിയ രാജപാതയുടെ അരികിലായിരുന്ന വാസവദത്തയുടെ വസതി എന്നുള്ളതുകൊണ്ട് അവിടത്തെ വാസം വാരസ്ത്രീത്വത്തിന്നു് ഉചിതംതന്നെ എന്നു വ്യഞ്ജിപ്പിക്കുന്നു. രാജപാത വിസ്താരം കുടിയതാകയാൽ ബഹുജനഗമനാഗമനത്തെയാണല്ലൊ സൂചിപ്പിക്കുന്നതു്. അങ്ങനെയുള്ള ഒരു രാജപാതയുടെ അരികിലല്ലെങ്കിൽ വാരനാരീത്വത്തിന്നു വേണ്ടത്ര ആനുകൂല്യം ലഭിക്കുന്നതല്ലല്ലൊ. രാജവീഥിയുടെ വിസ്തൃതം എന്ന വിശേഷണം മറ്റു തരത്തിലും ഇവിടെ അർത്ഥവത്താകുന്നു.

"അരയാൽത്തറവരെയും വടക്കുനിന്നെത്തുന്ന കാൽ—
പെരുമാറ്റംകുറഞ്ഞ പാഴ്നടയ്ക്കാവിന്റെ"

എന്നിങ്ങനെ ചുടുകാട്ടിൽ കിടക്കുന്ന വാസവദത്തയുടെ അരികിലേയ്ക്കു ചെല്ലുവാനുള്ള പാഴ്നടയ്ക്കാവിൽനിന്നുള്ള വ്യതിരേകത്തെയാണു് ഇവിടുത്തെ വിസ്തൃതശബ്ദം ധ്വനിപ്പിക്കുന്നതു്. രാജവീഥിയുടെ അരികിൽ എന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ "കിഴക്കരികിൽ" എന്നു പ്രത്യേകം കാണിച്ചതു് തെക്കുകിഴക്കായി വിഹരിക്കുവാൻ പോകുന്ന ശ്മശാനത്തിന്റെ നേരേഎതിർവശം എന്ന പ്രതീതിയിൽ സാമഞ്ജസ്യം ജനിപ്പിക്കുവാനാണു്.

ഉപതൃപ്പന്റെ വരവും കാത്തിരിക്കുന്ന ഒരു അഭിസാരികയുടെ നിലയിലാണു് വാരസുന്ദരിയായ വാസവദ

ത്തയെ ആ വെൺകളിർക്കൽത്തറയിൽ അവതരിപ്പിക്കുന്നതു്. അവൾ പടിഞ്ഞാറോട്ടു തിരിഞ്ഞിരിക്കുകയാണു്. അഭിസാരികമാർ രണ്ടു തരത്തിലുണ്ടു്. ചിലർ ദൂതിയെ അയച്ചു് ഇഷ്ടനായകനെ അരികിലേയ്ക്കു വരുത്തുന്നു. ചിലർ സ്വയംതന്നെ നായകന്റെ അരികിലേയ്ക്കു പോകുന്നു.

"അഭിസാരയതേകാന്തം
യാമന്മഥവശംവദാ
സ്വയംവാഭിസരത്യേഷാ
ധീരൈരുക്താഭിസാരികാ."

എന്നാണു് സാഹിത്യദർപ്പണകാരൻ പറയുന്നതു്. ഇതു കൊണ്ടു്, ദൂതിയെ ഉപഗുപ്തന്റെ അരികിലേയ്ക്കു് അയച്ചു് അദ്ദേഹത്തിന്റെ വരവും കാത്തിരിക്കുന്ന വാസവദത്ത അഭിസാരികതന്നെ.

"വിചിത്രോജ്ജ്വലവേഷാതു
രണന്നൂപുരകങ്കണാ
പ്രമോദസ്മേരവദനാ
സ്യാദ്വേശ്യാഭിസരേദ്യദി."

(വേശ്യ അഭിസാരികയാവുകയാണെങ്കിൽ വിചിത്രവും ഉജ്ജ്വലവുമായ വേഷത്തോടും കാൽച്ചിലമ്പു്, കൈത്തരിവള എന്നിവയുടെ കിലുക്കത്തോടും സന്തോഷം കൊണ്ടു മന്ദസ്മിതം തൂകുന്ന മുഖത്തോടുംക്രൂടി ഇരിക്കേണ്ടതാണു്.) ഈ ശാസ്ത്രീയനിലയിലാണു് ആശാൻ വാസവദത്തയുടെ അഭിസാരികാത്വം പ്രത്യക്ഷപ്പെടുത്തുന്നതു്.

"മെല്ലെയൊട്ടുചാഞ്ഞും വക്കിൽ കസവുമിന്നുംപൂവാട
തെല്ലുകോപരിയൊരു വശത്താക്കിയും
കല്ലോളിവീശുന്ന കണ്ണപൂരമാന്തം വിടാത്ത
മുല്ലമാലമിന്നും ക്രന്തൽക്കരിവാർമുകിൽ
ഒട്ടു കാണുമാറുമതിന്നടിയിൽ നൻമുഗമദ—
പ്പൊട്ടിയന്ന മുഖചന്ദ്രൻ സ്ഫുരിക്കുമാറും
ലോലമോഹനമായ് തങ്കുപ്പങ്കജത്തെ വെല്ലും വല—
ങ്കാലിടത്തുതുടക്കാമ്പിൽ കയറിവെച്ചും
രാമച്ചവിശറി പനിനീരിൽ മുക്കിത്തോഴിയെക്കൊ—
ണ്ടോമൽക്കൈവള കിലുങ്ങെയൊട്ടുവീശിച്ചും"

കൊണ്ടുള്ള ആ ഇരിപ്പിൽ വിചിത്രവും ഉജ്ജ്വലവുമായ വേഷവിധാനത്തെയാണ് ആശാൻ ഏറ്റവും ഉയന്ന നിലയിൽ കാണിക്കുന്നത്.

"ഇളംതെന്നൽ തട്ടിമെല്ലെയിളകിച്ചെറുതരംഗ—
ച്ചുളിചേരും മൃദുചേലച്ചോലയിൽ നിന്നും
വെളിയിൽവരുമച്ചാരുവാമേതരുപടാബ്ജം പൊൻ-
തള കിലുങ്ങുമാറവം ചലിപ്പിക്കുന്നു."

എന്നുള്ള ഭാഗം "രണന്നൂപുരകങ്കണ" യായിരിക്കണം എന്നതിനെക്കാണിക്കുകയാണ്.

"കനിഞ്ഞൊന്നു പുഞ്ചിരിപൂണ്ടവളെയക്കാമിനികാർ—
കനച്ചില്ലിക്കൊടികാട്ടി വിളിച്ചീടുന്നു".

എന്നുള്ള ഭാഗം "പ്രമോദസ്മേരവദനാ" എന്നതിനെ വിവരിക്കുകയാകുന്നു.

"ധീരാ കലാപ്രഗല്ഭാ സ്യാദ്
വേശ്യാ സാമാന്യനായികാ"

എന്ന നിയമമനുസരിച്ച് സാമാന്യനായികയിൽ ഉണ്ടായിരിക്കേണ്ട കലാവൈദഗ്ധ്യത്തെയാണ്,

"വ്യർത്ഥമായ്‌തോന്നുന്നു കഷ്ടം! മവൻകാണാതെനിക്കുള്ള
ഗീതഗീതാടികളിലെ നൈപുണിപോലും"

എന്ന വരികൾകൊണ്ട് കാണിക്കുന്നത്. വാസവദത്തയെ വർണ്ണിക്കുന്ന മറ്റു വരികൾ വിലാസം, ലീല, മാധുര്യം, ഭീപ്സ, കാന്തി തുടങ്ങിയ നായികയുടെ അലംകൃതി വിശേഷങ്ങളെ ശാസ്ത്രീയനിലയിൽ കാണിക്കുവാൻതന്നെയാണെന്നേ ഇപ്പോൾ പറയുന്നുള്ളൂ. വിസ്തരിക്കുവാൻ ഇതവസരമല്ലല്ലൊ. ഇങ്ങനെയുള്ള മതിമോഹിനിയെ—സമുചിതവേഷവിധാനങ്ങളോടുകൂടി ആ രാജവീഥിയുടെ കിഴക്കരികിൽ മണിമാളികയുടെ മലർമുറ്റത്തു് മസൃണശിലാസനത്തിൽ പുഷ്പവിസ്മരസുരഭിയായ ഉപധാനത്തിൽ ചാഞ്ഞുപടിഞ്ഞാറോട്ടു നോക്കിക്കൊണ്ടിരിക്കുന്ന ആ അഭിസാരികയെ—അനുരാഗപാരവശ്യത്തോടുകൂടി പ്രതീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഉപഗുപ്തൻ രാജവീഥിയിൽ നിന്നു നോക്കുമ്പോൾതന്നെ മദനരസവിവശനാകത്തക്കവണ്ണം സുകുമാരസുന്ദരാകൃതിയിൽ കാത്തിരിക്കുന്ന ആ കനകാംഗിയെ—പൂർവ്വാധികം ലാവണ്യപുണ്യസരസ്സിൽ ആറാടിക്കുന്നതിന് സായന്തനസൂര്യൻ, തന്റെ മഞ്ഞച്ചെങ്കതിരൊളി അവളുടെ നേരേ അതാ പ്രസരിപ്പിക്കുന്നു.

"പടിഞ്ഞാറു ചാഞ്ഞു സൂര്യൻ പരിരംഭമായ് മഞ്ഞയും
കട്ടംചുവപ്പും കലർന്ന തരുക്കളുടെ
രാജത്കരകേസരങ്ങൾ വീശിട്ടനു, ദൂരത്തൊരു
രാജമല്ലിമരം പൂത്തു വിലസുംപോലെ".

ആ കാന്തിപ്രസരത്തിൽ നിസ്സീമസൌന്ദര്യത്തെ ബഹുഗുണീകരിച്ചു് "രാമണീയകനിധേ രധിദേവത" എന്നപോലെ പഥികന്മാക്കു കാട്ടിക്കൊടുക്കുന്നതിനു് ആ സായന്തനസന്ധ്യാവസരത്തിൽ "കിഴക്കരികിൽ" ആക്കിയതിന്റെ ഔചിത്യം വൈചിത്ര്യാവഹമെന്നു സഹൃദയലോകം ആഹ്ളാദപൂർവ്വം സമ്മതിക്കും. ഇത്തരം ലോകോത്തരാഹ്ളാദജനകങ്ങളായ അർത്ഥങ്ങൾ ചേർത്തിണക്കിയ വാഗ്ഗുംഭത്തെ നോക്കിയുംകൊണ്ടു്, "ഇതുകൊണ്ടു പ്രബന്ധത്തിനു വല്ല ചമത്കാരവും ക്രൂടീട്ടുണ്ടെന്നു പറയുവാനില്ല" എന്നു സാഹിത്യപഞ്ചാനനൻ പറയുന്നതോക്കുമ്പോൾ വ്യസനിക്കയല്ലാതെ നിവൃത്തിയില്ല.

വാസവദത്തയുടെ ഭവനത്തിലേയ്ക്കു വരുന്ന വണിഗ്വരനെ വർണ്ണിക്കുമ്പോൾ അയാളുടെ കിന്നരിവെച്ച പാദകങ്ങൾ മുതലായ അലങ്കാരവിശേഷങ്ങളെ വിവരിച്ചതു് വേശ്യയെ വശ്യയാക്കുവാൻ ഉപകരിക്കുന്നതാകയാൽ ഉചിതംതന്നെ എന്നും, എന്നാൽ ആ ആവേശം അവിടെ വിശ്രമിക്കാതെ അയാൾ വന്ന കാളവണ്ടിയിലും വണ്ടിക്കാളകളിലും ക്രൂടി വ്യാപിച്ചുകാണുന്നു എന്നും മി: പി. കെ. പറയുന്നു. ഇതുകൊണ്ടു് വണിഗ്വരന്റെ അലങ്കാരവിശേഷങ്ങളെക്കുറിച്ചു വർണ്ണിച്ചു വിശ്രമിക്കുകയായിരുന്ന ആ

ശാൻ ചെയ്യേണ്ടതെന്നും വീണ്ടും വണ്ടിക്കാളകളേയും കാള വണ്ടിയേയും വർണ്ണിക്കേണ്ടതില്ലായിരുന്നു എന്നും ആണ് മി: പി. കെ. യുടെ ആശയം എന്നു വിശദമാകുന്നു. "അമിതമായി വലിച്ചുനീട്ടുകമൂലം വൈയത്ഥ്യവും വൈരസ്യവും തോന്നുന്നുണ്ട്" എന്നു പറഞ്ഞതു് മേൽപ്രകാരമുള്ള ആശയത്തെ മൻനിറുത്തിത്തന്നെ ആയിരിക്കണമല്ലൊ. എന്നാൽ ഇങ്ങനെ അസത്യവും അസംഗതവുമായ അഭിപ്രായം പി. കെ. യെപ്പോലുള്ളവരിൽ നിന്നു പുറപ്പെട്ടുന്നതു് അക്ഷന്തവ്യം തന്നെ. ചെട്ടിയാരുടെ വേഷവിധാനങ്ങൾ വർണ്ണിച്ചുകൊണ്ടു് ആവേശം അടങ്ങാതെ അദ്ദേഹത്തിന്റെ രഥത്തേയും കാളകളേയും വർണ്ണിക്കുകയല്ല ആശാൻ ചെയ്യുന്നതു്. ഏറ്റവും ആകർഷകങ്ങളായ കാളകളേയും മണിത്തേരിനേയും കാണിച്ചു് വാസവദത്തയെ വിസ്മയഭരിതയാക്കിയതിനുശേഷമേ സവിശേഷവേഷവിധാനങ്ങളോടുകൂടിയ സുഭഗംമന്യനായ വണിഗ്വരനെ ആശാൻ അവളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുത്തുന്നുള്ളൂ; വണിഗ്വരനെ വർണ്ണിച്ചു് അഭിനിവേശം അടങ്ങാതെ രഥവർണ്ണനത്തിനു പുറപ്പെടുകയല്ല; ഇതാണു് വസ്തുസ്ഥിതി.

"ഉടനേചക്രങ്ങൾ നിലത്തുരുളുമൊച്ചകൾംക്രുദ്ധി—
പ്പൊടിപൊങ്ങിച്ചു വീഥിയിൽ വടക്കുനിന്നും
ആനതാഗ്രമായകൊമ്പിൽ പൂവണിഞ്ഞും തിരയിന്മേൽ
ഫേനപിണ്ഡംപോലെപൊങ്ങും പോഞ്ഞുതുള്ളിച്ചും
കിലുകിലെക്കിലുങ്ങുന്ന മണിമാലയാന്ദ്യംകണ്ടും
കുലുക്കിയും കുതിച്ചാഞ്ഞു താടയാട്ടിയും

കാളരണ്ടുവലിച്ചൊരു കാഞ്ചനക്കളിത്തേരോടി
മാളികതൻ മുമ്പിലിതാ വന്നണയുന്നു"

എന്ന വിവരണം നോക്കുക. ചക്രങ്ങൾ നിലത്തുരുളുമ്പോൾ ഉളവാകുന്ന സ്നിഗ്ധഗംഭീരനിഷ്ഘോഷംകൊണ്ട് ശ്രോത്രേന്ദ്രിയത്തെ അകലേനിന്നുതന്നെ ആവജ്ജിച്ചു; അതു ധീരനാദംമുഖേന അങ്ങോട്ടു ശ്രദ്ധയെ ക്ഷണിച്ചു് നഭോവീഥിയിലേയ്ക്കുദിച്ചുപൊങ്ങുന്ന പൊടിപടലംകൊണ്ട് നേത്രേന്ദ്രിയത്തെ അതിതരാം വിസ്മയിപ്പിച്ചു; അങ്ങനെ ആദ്യമായിത്തന്നെ വാസവദത്തയുടെ കാതും കണ്ണും കവർന്നുകൊണ്ടാണ്, ആനതാഗ്രത്വം നിമിത്തം സ്വയമേവ ഭംഗിക്രുടുന്ന കൊമ്പുകളിൽ പൂവണിഞ്ഞും തിരയിന്മേൽ ഫേനപിണ്ഡംപോലെ പൊങ്ങുന്ന പോഞ്ഞുരുള്ളിച്ചും കിലുകിലെക്കിലുങ്ങുന്ന മണിമാലകലർന്നുകണ്ടും കുലുക്കിയും കുതിച്ചു് ആഞ്ഞു താടയാട്ടിയുംകൊണ്ടിരിക്കുന്ന രണ്ടു കാളകളാൽ നീതമായ ആ കാഞ്ചനക്കളിത്തേരു് അവളുടെ മുമ്പിൽ വന്നണയുന്നതു്. അനന്തരം,

"വാതുക്കലായുടൻ,നഗ്രം വളഞ്ഞു കിന്നരിവെച്ച
പാടുകകൾപൂണ്ടും പട്ടുതലപ്പാവാൽനും
കാതിൽവജ്രകുണ്ഡലങ്ങൾമിന്നുകിയണിഞ്ഞുംകൈകൾ
മോതിരങ്ങൾതൻകാന്തിയിൽ കുഴകിക്കൊണ്ടും
തങ്കനൂൽ കൂട്ടുകിയന്നു തനിമഞ്ഞനിറമാന്നോ—
രുങ്കിയാൽ തടിച്ചിരുണ്ടതടി മറച്ചും
കരയാന്ന ചെങ്കൊയ്ശേയം ഞൊറിഞ്ഞു കുത്തിയുടുത്തു
പുറകാൽവരെപ്പൂങ്കച്ചം ഞാത്തിപ്പാറിച്ചും

പൊന്നരഞ്ഞാൺ തുടൽ പുറത്തടിയിച്ചു മിരുപാട്ടം
മിന്നുമുത്തരീയം നീട്ടി മോടിയിലിട്ടും
മണിത്തേരതിൽനിന്നതിസുഭഗംമന്യനാമൊരു
വണിഗ്വരൻ വൈദേശികൻ"

ഇറങ്ങി നില്ക്കുന്നു. ധനപതികളെപ്പോലും അത്ര കാര്യമായിക്കരുതാതിരിക്കത്തക്കവിധം സൌന്ദര്യമദം തികഞ്ഞ വാസവദത്തയിൽ, മണിത്തേരൊലിയും പൊടിപടലവും മുഖേന, ആരാണിതെന്ന വിസ്മയവും അതുവഴി ആ രഥികനിൽ അനുരാഗാങ്കുരവും ഉളവാക്കി, കാളകളുടെ അഴകും മണികളുടെ കിലുകിലനിനദവും തിങ്ങിവിങ്ങി വിളങ്ങുന്ന കാഞ്ചനക്കളിത്തേരിന്റെ അദ്ഭുതരഭംഗിയും കൊണ്ടു് ആ അനുരാഗാങ്കുരത്തെത്തഴപ്പിച്ചു് സാഫല്യമണയുമാറത്രേ സപ്തണ്ണാഭരണകാന്തിക്കലവിയിൽ കളിയാടിക്കൊണ്ടു് വണിഗ്വരൻ ഇറങ്ങി നില്ക്കുന്നതു്. ഈ വിധം ഉദ്ദീപനവിഭവങ്ങളെ വിവരിക്കുന്ന പദ്യാംശങ്ങളിൽ വൈയത്ഥ്യവും വൈരസ്യവും തോന്നിയാൽ എന്താണു ചെയ്യുക!

പഞ്ചാനനനിൽ അനൌചിത്യബുദ്ധിയുവളവാക്കിയ ആ വരികളിൽ ഒന്നുകൂടിക്കടന്നു ചിന്തിക്കാം.

"ഉടനെ ചക്രങ്ങളം നിലത്തുരുളുമൊച്ചകൾക്കുട്ടി—
പ്പൊടിപൊങ്ങിച്ചു വീഥിയിൽ വടക്കുനിന്നും
കാള രണ്ടു വലിച്ചൊരു കാഞ്ചനക്കളിത്തേരോടി
മാളികതൻ മുമ്പിലിതാ വന്നണയുന്നു".

ഇങ്ങനെ മണിമാളികയുടെ മുന്നിൽ വന്നുചേരുന്ന കളിത്തേരിന്റെ യഥാതഥവർണ്ണനത്തെ സൂക്ഷ്മനിരീക്ഷണം ചെയ്തുകൊണ്ട് ഏറ്റവും ചമത്കാരകാരിയാകുമാറു നിവ്ഹിച്ചതിനാൽ സ്വഭാവോക്തൃലങ്കാരം സിദ്ധമായിരിക്കുന്നു. രഥാഗമനവർണ്ണനം ചെയ്യുന്ന പ്രസ്തുത വാക്യത്തിന്റെ അന്തർഭാഗത്തിലുള്ള

"ആനതാഗ്രമായ കൊമ്പിൽ പൂവണിഞ്ഞും തിരയിന്മേൽ
ഫേനപിണ്ഡംപോലെ പൊങ്ങും പോഞ്ഞു തുള്ളിച്ചും
കിലുകിലെക്കിലുങ്ങുന്ന മണിമാലയാന്ന കണ്ടും
കുലുക്കിയും കുതിച്ചാഞ്ഞു താടയാട്ടിയും"

എന്ന ഘടകാംശത്തിൽ ഏറ്റവും സൂക്ഷ്മനിരീക്ഷണത്തോടെ കാളകളുടെ യഥാതഥവർണ്ണനത്തെ ചാരുതരമാകും വണ്ണം ചെയ്തതിനാൽ അവിടെയും സ്വഭാവോക്തൃലങ്കാരം സിദ്ധമാണ്. ആ ഘടകാംശത്തിന്റേയും അന്തർവശത്തിലുള്ള

"..... തിരയിന്മേൽ
ഫേനപിണ്ഡംപോലെ പൊങ്ങും പോഞ്ഞു തുള്ളിച്ചും"

എന്ന അംശത്തിൽ സുന്ദരമായ സാദൃശ്യത്തെ വർണ്ണിച്ചുകൊണ്ട്,

"ഉപമൈകാശൈല്യൂഷീ
സംപ്രാപ്താ ചിത്രഭ്രമികാഭേദാന്
രഞ്ജയതികാവ്യരംഗേ
നൃത്യന്തീ തദ്വിദാംചേതഃ".

എന്ന് ചിത്രമീമാംസയിൽ അപ്പയ്യദീക്ഷിതരാൽ സവിശേഷം പ്രശംസിക്കപ്പെട്ട ഉപമാലങ്കാരത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ അലങ്കാരങ്ങൾ പരമ്പരയാ പ്രകൃതരസത്തിന്ന് ഉപകാരകങ്ങളുമാണ്. അത്രമാത്രമല്ല, പ്രസ്തുത വാക്യം ശ്രുതിമാത്രത്തിൽ തന്നെ ഹൃദയാവർജ്ജകമായിട്ടാണിരിക്കുന്നത്. അതിന്നുള്ള ഹേതു അനുപ്രാസമെന്ന ശബ്ദാലങ്കാരം അതിൽ അടങ്ങിയിരിക്കുന്നു എന്നുള്ളതാണ്. ആ അലങ്കാരംതന്നെ പരുഷങ്ങളല്ലാത്ത വർണ്ണങ്ങൾകൊണ്ടു വിരചിതമാകയാൽ അതും പ്രകൃതരസത്തിന്ന് ഉപകാരകംതന്നെ. ദീർഘസമാസമോ കർക്കശരചനയോ ക്ലേശമെതെ ഹ്രസ്വസ്വരങ്ങളുപയോഗിച്ചു വിരചിച്ചിരിക്കുന്നതിനാൽ പ്രകൃത വാക്യത്തിൽ മാധുര്യം എന്ന ഗുണം വ്യഞ്ജിക്കുന്നു. ആ ഗുണം നേരിട്ടതന്നെ രസത്തിന്ന് ഉത്കർഷം ഉളവാക്കുകയും ചെയ്യുന്നു. എന്നതന്നെയുമല്ല കിലുകിലനിനദങ്ങൾ, മണിമാലകൾ, പുഷ്പങ്ങൾ തുടങ്ങിയവയെല്ലാം രസവ്യഞ്ജകങ്ങളായിരിക്കുന്നതുകൊണ്ട് പ്രസ്തുത വാക്യത്തിലെ പദങ്ങൾ മുഴുവനുംതന്നെ ഉചിതജ്ഞശിഖാമണിയായ മഹാകവിയാൽ അനിതരസാധാരണമായ വൈഭവത്തോടെ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളവയാണ്. ഭാഷാസാഹിത്യസഞ്ചാരിയിലെ രാജവീഥിയെ എന്നെന്നും അലങ്കരിക്കുന്ന വിലമതിക്കാൻ പാടില്ലാത്ത ഒരു മണിത്തേരിന്റെ വിചിത്രമായ ചിത്രവുംകൂടിയാണ് ഈ വാക്യംകൊണ്ട് മഹാകവി സാധിക്കുന്നത്. എന്നാൽ അതിനെ വൃഥാസ്ഥൂലമായ വിവരണമായിക്കരുതുന്ന പി. കെ. മൂടലും സരളവുമായ

സാഹിത്യലോകത്തെ അസഹനീയമായ സിംഹനാദം കൊണ്ടു വ്യാകുലമാക്കട്ടെ എന്നേ ഞാൻ പറയുന്നുള്ളൂ.

വീണ്ടും പി. കെ. പറയുന്നു:— "പ്രാകൃതികത്വം മാത്രം ഗണ്യമാക്കി യഥാതഥമായി വർണ്ണിക്കുന്നവർ ഗുണദോഷങ്ങളെ ഒരുപോലെ വർണ്ണിക്കുവാൻ ബദ്ധരായിത്തീരുന്നു. ആ രീതിയിൽ കക്ഷമായി കടന്നുകൂടുന്നവർ ദോഷങ്ങളെ സ്ഫുടിപ്പിച്ചു് ഗുണമുപന്യസിക്കുവാൻ ഉദ്യമിച്ചുതായിട്ടും സാഹിത്യചരിത്രത്തിൽ ദൃഷ്ടാന്തങ്ങളുണ്ടു്. അറിഞ്ഞോ അറിയാതെയോ കരുണയുടെ പരിണാമം ഏകദേശം അത്തരത്തിലാണെന്നു പറയേണ്ടിയിരിക്കുന്നു. നായികയായ വാസവദത്ത ഒരു നിരങ്കുശയായ വേശ്യയാണു്. സഹജമായ ധനാശയാൽ അവൾ ലളിതയായിരിക്കുന്നതിനു പുറമേ മുനിവൃത്തിയിൽ കഴിഞ്ഞുവന്ന ഉപഗുപ്തനെ ഇളക്കുവാൻ പുംശ്ചലീത്വം ആകുംപോലെ പ്രയോഗിക്കുന്നു. അതിലും കടന്നു സദ്വ്യാപാരം അപരസ്വരമായി തുടരുവാൻ നരഹത്യയ്ക്കുപോലും അവൾ മടിക്കുന്നില്ല. ഈ മനുഷ്യയക്ഷിരൂപലാവണ്യത്തിലുള്ള പ്രത്യയം നിമിത്തം ഇങ്ങനെയെല്ലാം പ്രവർത്തിക്കയാണു ചെയ്തതു്. പക്ഷേ അതു് ഉപഗുപ്തനോടു ഫലിച്ചില്ല; നീതിന്യായാധിപതിമാരോടും ഫലിച്ചില്ല. രൂപലാവണ്യത്തിന്റെ സീമ അവൾ ഗ്രഹിച്ചു".

പ്രാകൃതികത്വത്തെ മാത്രം ഗണിക്കുന്ന കവികൾ ഗുണദോഷങ്ങളെ ഒരുപോലെ വർണ്ണിക്കുവാൻ ബദ്ധരായിത്തീരുന്നു എന്നും ആശാൻ അറിഞ്ഞോ അറിയാതെയോ കരുണയെ അത്തരം ഒരു പരിണാമത്തിലാണു് എത്തി

ച്ചിരിക്കുന്നതെന്നും മി: പി. കെ. പറയുന്നതിൽ അത്ഥ മില്ലായ്കയില്ല. രാവണന്റെ ദോഷങ്ങളെ വിവരിച്ച രാമാ യണകാരൻതന്നെ "സാമവേദജ്ഞ സർവ്വജ്ഞ ലങ്കേശ്വര" എന്ന് രാവണന്റെ ഗുണത്തേയും പ്രസ്താവിക്കുവാൻ നിർബ്ബ ന്ധിതനായല്ലൊ. പി. കെ യുടെ ബഹുമതിക്കു പാത്രമായ വാര്യർ തന്നെ കൃഷ്ണനെക്കുറിച്ചു യഥാതഥം പറയുന്നതും നോക്കുക.

"ചെണ്ടകൊട്ടിക്കുമാരെയും ചതിക്കയില്ലാദ്യനൻപു—
കൊണ്ടു ചിലേടത്തു വേണ്ടിവരും കൈതവം".

"പിള്ളയായിട്ടു പിറന്നു വീണപ്പോഴേ തുടങ്ങിയ
കള്ളവിദ്യശബരന്റെ ശരമേല്പോളം"

"വെണ്ണകട്ടതിന്നും വേശ്യമാക്കു കുലിവേല ചെയ്തും
പിണ്ണാടൊക്കും വ്രജവീട്ടതോറും നടന്നു"

"കണ്ടാലെത്രയും നന്നായിട്ടെണ്ണമറിറ്റാമ്പാടിയി—
ലുണ്ടായിരുന്നോരു ഗോപിമാരി,ലുണ്ണിയാം
തണ്ടാരമ്പൻപിതാവിനെത്തണ്ടിച്ചെന്നു പുണരാതെ
രണ്ടാനാലോ നാരിമാരുണ്ടായിരിക്കിലാം
പാട്ടിലിന്നിക്കഥയൊന്നും പറയാതെകണ്ടൊഴിച്ചാൽ
പാപവും ഗോപസ്ത്രീകടെ ശാപവുമുണ്ടാം".

കൃഷ്ണൻ ആരെയും ചെണ്ടകൊട്ടിക്കും (പരിഹസിക്കും) ആവശ്യത്തിനുവേണ്ടിക്കള്ളം പ്രവർത്തിക്കും. കുട്ടിക്കാലം തുടങ്ങി കാട്ടാളന്റെ ശരമേറു മരണമടയുന്നതുവരെ കള്ള ത്തരംതന്നെ കാണിച്ചു. വെണ്ണ കട്ടതിന്നും വേശ്യമാരുടെ

വിട്ടവേല ചെയ്യും ഗോപസ്ത്രീകളുടെ വീടുകൾതോറും കേറിയും ഇറങ്ങിയും കഴിഞ്ഞു. ആമ്പാടിയിലുണ്ടായിരുന്ന മൂന്നുനാലു നാരികളൊഴികെ ബാക്കിയുള്ള അനേകായിരം നാരികളുടെ ആലിംഗനസുഖം അനുഭവിച്ചു. ഇങ്ങനെയാണല്ലൊ വാര്യർ ശ്രീകൃഷ്ണന്റെ ഏറ്റവും ലജ്ജാകരങ്ങളായ ദോഷങ്ങളെക്കുറിച്ച് യഥാതഥം സ്ഥടിപ്പിച്ചുകൊണ്ടു വർണ്ണിക്കുന്നതു്. ശ്രീകൃഷ്ണന്റെ ദോഷങ്ങളെ മാത്രമല്ല ഗുണങ്ങളേയും വാര്യർ ഉപന്യസിക്കുന്നു. ആഭാസചര്യയെക്കുറിച്ചു 'കക്ശമായി' ഉപന്യസിച്ചില്ലെങ്കിൽ ശ്രീകൃഷ്ണനോ ഗോപസ്ത്രീകൾക്കോ വെറുപ്പൊന്നുമുണ്ടാകാനില്ലെന്നുള്ള ബുദ്ധി വായ്ക്കുണ്ടാകാനിടയുണ്ടായിരിക്കെ, ഉർവ്വത്തികളെ വിളിച്ചുപറഞ്ഞില്ലെങ്കിൽ പാപമുണ്ടാകുമെന്നും ഗോപസ്ത്രീകൾ ശപിക്കുമെന്നും ശങ്കിക്കയോ? ഒരിക്കലുമില്ല. ശ്രീകൃഷ്ണന്റെ ദോഷങ്ങളെ 'കക്ശമായി' ഉപന്യസിക്കണമെന്നതന്നെയാണു് വാര്യരുടെ പ്രത്യാശ. എന്നാൽ അതുകൊണ്ടു് തന്റെ പേരിൽ ഭക്തന്മാർക്കു വൈരസ്യം തോന്നാതിരിക്കട്ടെ എന്നുവെച്ചു് അപരാധം ഗോപിമാരുടെ ശിരസ്സിൽ ചുമത്തിയിരിക്കയാണു്. എന്നാൽ ദോഷങ്ങളെ കക്ശമായി ഉപന്യസിക്കുകയും അവയെ മഹത്വത്തിന്റെ ഭ്രഷണങ്ങളാക്കിച്ചമയ്ക്കുകയും ചെയ്തുകൊണ്ടു് ലോകത്തിന്റെ അഭ്യുത്കർഷപ്രസക്തിയെ പങ്കിലമാക്കുന്ന ഇത്തരം പ്രവർത്തനമല്ല കരുണയിലെ ദോഷോപന്യസനമെന്നുള്ളതാണു് ഇവിടെ വ്യക്തവും വക്തവ്യവുമായിട്ടുള്ള ഭേദം.

സൌന്ദര്യമദം, ഭോഗാസക്തി, ധനവ്യാമോഹം,

പ്രേമത്തിന്റെ അപഥപ്രവർത്തനം തുടങ്ങിയവകൊണ്ടുണ്ടാകുന്ന ഭയങ്കരവിപത്തുകളെ അസംഭവേശങ്കയ്ക്ക് അണുമാത്രവും ഇടംകൊടുക്കാതെ വിവരിച്ചുകാണിച്ച് ഉപദേശ്യന്മാരുടെ മനോവൃത്തിയെ താദൃശപ്രവർത്തനത്തിൽ നിന്നു പിൻതിരിക്കുവാൻ "കരുണാ"കർത്താവു പ്രവർത്തിക്കുന്നു. രാവണൻ, ശൂർപ്പണഖ, താടക, കംസൻ മുതലായവരുടെ ദോഷങ്ങളെ അതതു കവികൾ പർവ്വതീകരിച്ചു വർണ്ണിച്ചതും അത്യാപത്തുകളെ വിസ്തരിച്ചതും ഉപദേശ്യന്മാരെ അധർമ്മങ്ങളിൽ നിന്നു പിൻതിരിക്കുവാനുള്ള ഉപായമാകയാൽ കരുണാകർത്താവിന്റെ പ്രവർത്തനം ശാസ്ത്രീയവും ശ്ലാഘ്യവുമാണ്. കുചേലവൃത്തകർത്താവ് അനുകരണീയവും ആരാധ്യവുമായ സ്ഥാനത്തിലെ ഏറ്റവും ജുഗുപ്സാവഹങ്ങളായ ദോഷങ്ങളെയാണ് വിളിച്ചുപറയുന്നതെന്നും കരുണാകർത്താവാകട്ടെ, അനനുകരണീയവും അനാരാധ്യവും എന്നാൽ വ്യാമോഹജനകവുമായ സ്ഥാനത്തിലെ ദോഷങ്ങളെയാണ് തുറന്നുകാണിക്കുന്നതെന്നും വീണ്ടും ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ.

കരുണയിലെ നായിക ഒരു നിരങ്കുശയായ വേശ്യയായതിലും ധനാശയോടുകൂടിയ ലളിതയായ അവർ മുനിവൃത്തിയിൽ കഴിഞ്ഞുകൂട്ടുന്ന ഉപഗുപ്തനെ ഇളക്കുവാൻ ആവുംപോലെ പരിശ്രമിക്കുന്നതിലും തൊഴിലാളിത്തലവനെ അവർ ശ്രദ്ധമായി അപമൃത്യുവിൽ അകപ്പെടുത്തുന്നതിലും മി: പി. കെ. അനൌചിത്യമാണു കാണുന്നതു്. അതു ശരിതന്നെയാണ്. വാസവദത്ത വേശ്യയായി

കഴിഞ്ഞുകൂടിയതു നന്നായില്ല. അവളുടെ കരകവിഞ്ഞ ധനാശയും ആശാസ്യമല്ല. ധീരനായ ഉപഗുപ്തനെ സ്വവിധേയനാക്കാൻ ഉദ്യമിച്ചതും ഹൃദ്യമല്ല. തോഴിക്കളെ മുൻനിറുത്തി തൊഴിലാളിത്തലവനെ അപമൃത്യുവിൽ പെടുത്തിയതും യുക്തമായില്ല. മഹാകവി കുമാരനാശാനും ഈ അഭിപ്രായക്കാരൻതന്നെ.

"തോഷവുമൊട്ടവളാന്ത, ഹന്ത!യിദ്ധൃത്തയെച്ചൊല്ലി
യോഷമാരേ, നിങ്ങളെല്ലാം ലജ്ജിക്കാറുമായ്".

ഇപ്രകാരം വാസവദത്തയെ അഭിമുഖീകരിച്ച് ആശാൻ ആക്ഷേപിക്കുന്നതും അതുകൊണ്ടാണ്.

"ഇങ്ങനെ ലാവണ്യമദത്തിന്റെ ദോഷം ഈ കൃതിയിൽ പ്രതിപാദിക്കുവാൻ നീചനീചയായ ഒരു നായികയെ പൊന്തിച്ചു വണ്ണിച്ചിരിക്കുന്നു" എന്ന് പഞ്ചാനനൻ സാസൂയം വിസ്മയം പ്രകടിപ്പിക്കുന്നു. പ്രസ്തുത കാവ്യത്തിൽ നായിക വേശ്യയായിരിക്കുവേ, അവളുടെ രൂപലാവണ്യത്തെക്കുറിച്ചു വണ്ണിക്കുവാൻ കവി കടപ്പെട്ടുമിരിക്കുവേ, അങ്ങനെ പൊന്തിച്ചു വണ്ണിക്കുന്നില്ലെങ്കിൽ ശാസ്ത്രീയമായ നിലയിൽ കവി സ്വകൃത്യം നിർവ്വഹിച്ചില്ലെന്നുള്ള അപരാധത്തിനു പാത്രമാവുകയില്ലേ? വേശ്യയായ വാസവദത്ത നീചതന്നെ. ഒരു വേശ്യയെ പതിവ്രതയെന്നോ കുലീനയെന്നോ ശാസ്ത്രങ്ങളും പൊതുജനങ്ങളും പ്രശംസിക്കുക പതിവില്ല. അതു ശരിയുമല്ല. ലാവണ്യത്തെ യഥാതഥം വണ്ണിക്കുകയും ലാവണ്യമദത്തുള്ളതുൽകൊണ്ടുള്ള ആപത്തിനെ വായനക്കാർക്കു കാണിച്ചുകൊടുക്കുകയും

ചെയ്യുക എന്ന വസ്തു പ്രസ്തുതമായിരിക്കെ, കഥാഗതിയും വസ്തുതയും അന്യഥാകരിച്ചു് വാസവദത്തയെ പുണ്യചരിതയും ഗണ്യയുമാക്കിക്കാണിക്കുകയും ധർമ്മഗതിയെ മാറിമറിക്കുകയും ചെയ്യേണ്ടിയിരുന്ന എന്നാണോ പഞ്ചാനനൻ വിവക്ഷിക്കുന്നതു്? കവിമര്യാദയെ അതിലംഘിക്കാതെയും പരിഷ്കൃതലോകത്തിന്റെ അന്തരംഗത്തിൽ വൈരസ്യം ഉളവാക്കാതെയും പ്രവർത്തിക്കുന്ന കവിതാഗതിയിൽ അനൗചിത്യശങ്കയെ അങ്കുരിപ്പിക്കുന്നതു് സഹൃദയോചിതമല്ല. രാമായണകർത്താവു് ഒരു ശൂർപ്പണഖയെ വർണ്ണിച്ചുകാണുന്നു.

"യാമിനീചരി ജനസ്ഥാനവാസിനിയായ
കാമരൂപിണി കണ്ടാൾ കാമിനി വിമോഹിനി"

ശൂർപ്പണഖ എന്ന കാമിനി ഇങ്ങനെ കാമരൂപിണിയും വിമോഹിനിയും ആണു്. ഏറ്റവും "മീനകേതനബാണപീഡിതയായ" അവൾ "സുന്ദരവേഷത്തോടും മന്ദഹാസവും പൊഴിഞ്ഞു" "മനോമോഹന"നായ ശ്രീരാമന്റെ ആശ്രമത്തിന്നകത്തു കടന്നുചെല്ലുന്നു. "ജടാവല്ക്കലാദികൾ" ധരിച്ചു് "താപസവേഷ"നായിക്കഴിയുന്ന രാമനോടു് "കാമരൂപിണി"യാണു ഞാൻ എന്നും

"നിന്നെയുംപിരിഞ്ഞുപോവാൻ മമ ശക്തിപോരാ
എന്നെ നീ പരിഗ്രഹിച്ചീടേണം മടിയാതെ"

എന്നും അവൾ അറിവിലാതിപ്പെടുന്നു. എന്നാൽ, മുനി

വൃത്തിയിൽകഴിഞ്ഞുവന്ന ശ്രീരാമനെ ഇളക്കുവാൻ "പുംശ്ച ലീതപം ആവുംപോലെ പ്രയോഗിച്ചിട്ടും ഫലിച്ചില്ല".

"ലക്ഷ്മീദേവിക്കുതന്നെയൊക്കും നീയെല്ലാംകൊണ്ടും"

എന്നിങ്ങനെ ശ്രീരാമസ്വാമിതന്നെ "നീചനീച"യായ അവളെ മഹാലക്ഷ്മിയോളം പൊന്തിച്ചു വർണ്ണിച്ചുകൊണ്ട് ലക്ഷ്മണന്റെ അരികിലേയ്ക്ക് അയയ്ക്കുന്നു. അവിടെയും ഉദ്ദേശം ഫലിക്കാതെ അവൾ വീണ്ടും രാമന്റെ അരികിൽ തന്നെ ചെല്ലുന്നു. അങ്ങുമിങ്ങും പുല്ലു കണ്ട് അങ്ങോടി ങ്ങോടോടിക്കഴിയുന്ന ഒരു പശു എന്നപോലെ അവൾ കുഴങ്ങുന്നു. ഒടുവിൽ,

"കാമവുമാശാഭംഗംകൊണ്ടുകോപവുമതി—
പ്രേമവുമാലസ്യവും പൂണ്ടു രാക്ഷസിയപ്പോൾ"

സീതാദേവിയെക്കൊല്ലുന്നതിനായി പ്പാഞ്ഞു ചെല്ലുന്നു. ലക്ഷ്മണൻ പെട്ടെന്നു കുതിച്ചു ചാടി ഉറയിൽ നിന്ന് വാൾ ഊരി കാതും മൂലയും മൂക്കും ഛേദിക്കുന്നു. അവൾ മൂന്നു ലോകവും മാറ്റൊലിക്കൊള്ളുമാറ് അലമുറയിട്ടുകൊണ്ട് ഖരന്റെ സമീപത്തിലെത്തുകയും അവനെ കൊലപാതകത്തിനു പ്രേരിപ്പിക്കുകയും പതിന്നാലായിരത്തിനെ അപമൃത്യുവിൽ അകപ്പെട്ടുത്തുകയും ചെയ്യുന്നു. എന്നിട്ടും പോരാഞ്ഞിട്ട് രാവണനെക്കൂടി ക്ഷുഭിതനാക്കുകയും തന്മൂലം ലങ്കാരാജ്യം മുഴുവൻ ശവകൂടീരമാക്കി മാറുകയും ചെയ്യുന്നു. ആദികവിയുടെ കവിതാപഥം അനുവർത്തിച്ചുകൊണ്ടുള്ള ഈ വർണ്ണനം സംഭവത്തിനും ധർമ്മപ്രബോധനത്തിനും അനുഗു

ണമാണെന്ന വിശ്വസിക്കുന്നവർ അനൌചിത്യബുദ്ധിക്ക് അശേഷം അവസരം കൊടുക്കാതെ ചെയ്യപ്പെട്ടുന്ന ആ ശാന്റെ വണ്ണനത്തിൽ അസ്വാരസ്യം ഭാവിക്കുന്നതു് ഭാവനാശക്തിയുള്ളതുകൊണ്ടല്ല, നിശ്ചയം.

താപസനായ ശ്രീരാമനെക്കൊണ്ടു ശൂർപ്പണഖയെ മഹാലക്ഷ്മിയോളം പൊന്തിച്ചു വണ്ണിപ്പിച്ചതുപോലെ വാസവദത്തയെ മുനിയായ ഉപഗുപ്തനെക്കൊണ്ടു വണ്ണിപ്പിക്കുന്നില്ല. താൻ കാമരൂപിണിയാണെന്നു ശൂർപ്പണഖയെക്കൊണ്ടു പറയിച്ചതുപോലെ സ്വീയസൌന്ദര്യപ്രകടനം വാസവദത്തയെക്കൊണ്ടു ചെയ്യിക്കുന്നില്ല. ശൂർപ്പണഖ മദനപാരവശ്യത്തോടെ മുനിയായ ശ്രീരാമന്റെ ആശ്രമത്തിനുള്ളിൽ കടന്നുചെന്നതുപോലെ വാസവദത്ത ഉപഗുപ്തധീരന്റെ വിഹാരത്തിലേയ്ക്കു പാഞ്ഞുചെന്നു എന്നു അതിനീചാപരാധത്തിനു വിധേയയായതായി പ്രസ്താവിക്കപ്പെട്ടുന്നില്ല. ശൂർപ്പണഖമൂലം ലങ്കമാത്രമല്ല, ദക്ഷിണഭാരതം മുഴവനും ശവക്കുന്നുകൊണ്ടു നിറഞ്ഞു. വാസവദത്തനിമിത്തം ഒരാൾ മാത്രം അപമൃത്യുവിൽ അകപ്പെട്ടുന്നു. ഇങ്ങനെയൊക്കെയാണു് ആദികവിയായ വാല്മീകിയാലും അദ്ദേഹത്തിന്റെ പന്ഥാവിനെ അനുവർത്തിച്ച ഇതര കവികളാലും പൊന്തിച്ചു വണ്ണിക്കപ്പെട്ട ശൂർപ്പണഖയുടേയും ആശാനാൽ പൊന്തിച്ചു വണ്ണിക്കപ്പെട്ട വാസവദത്തയുടേയും വൈലക്ഷണ്യം. എന്നാൽ ആ വൈലക്ഷണ്യമാകട്ടെ, ചരിത്രഗതിയിൽ നിന്നുമാത്രം സംഭവിച്ചിട്ടുള്ളതുമാണു്, കവികർമം അതിൽ അപരാധികളല്ല.

ഇത്രയും പറഞ്ഞതുകൊണ്ട് നീചനീചയായ ശൂർപ്പണഖയെ മഹാലക്ഷ്മിയോടൊപ്പം പൊന്തിച്ചു വണ്ണിച്ചതും വാസവദത്തയെ പൊന്തിച്ചു വണ്ണിച്ചതും കഥയ്ക്കും ധർമ്മഗതിക്കും ഉചിതംതന്നെ എന്നു വിശ്വസിച്ച് നിരസൂയതയ്ക്കു സ്വാഗതമരുളുക.

"മദനിർമ്മുക്തയായി ധർമ്മോപദേശത്തിന് അധികാരിണിയായ അവർക്ക് പരലോകപാഥേയമായി ഉപദേശഗുളിക കൊടുത്ത ഉപഗുപ്തന്റെ ധർമ്മനിഷ്ഠതയിലെ സാരമായ കാരുണ്യരൂപത്തിൽ ബുദ്ധമതമാഹാത്മ്യപ്രശംസയോട്ട കാവ്യം കലാശിക്കയും ചെയ്യുന്നു".

എന്നും പഞ്ചാനനൻ പറയുന്നു. അതും ശരിതന്നെ. എന്നാൽ ഇതിലെ ഉപദേശഗുളിക എന്നുപദം ആ പരിഹാസരസികതയെ പ്രസ്പഷ്ടീകരിക്കുന്നു എന്നതു പ്രത്യേകം പ്രസ്താവ്യമത്രേ. അതിരിക്കട്ടെ; ഉപഗുപ്തനാകട്ടെ, സൌന്ദര്യമദം നിശ്ശേഷം നശിച്ചു് അനന്യശരണയായി ചരമദശയോട്ട സമീപിച്ച വാസവദത്തയുടെ അരികിൽ ഓടിയെത്തി,

"കരയായ്ക, ഭഗിനി, നീ കളകളീരുത, ശാന്തി
വരും, നിന്റെ വാർനെറുക ഞാൻ തലോട്ടുവൻ".

എന്നിങ്ങനെ വാർനെറുക തലോടിക്കൊണ്ടു് അലിവു ചാത്തി,

"മംഗലേതരകമ്മത്താൽ മലിനനീ, ശുഭംവരാൻ
സംഗതിയില്ലെന്നൻസഖി, സംശയിക്കല്ലേ".

എന്നിങ്ങനെ ജീവിതത്തിന്റെ നേരേയുള്ള നൈരാശ്യത്തിൽനിന്നും ഉണത്തി,

"സത്യമോർക്കിൽ സംസാരയാത്രയിൽ പാപത്തിൽ കഴൽകുത്തിടാതെ കടന്നവർ കാണുകില്ലൊടോ,"

എന്നിങ്ങനെ ധൈര്യം കലത്തി,

"ലോലമാം ക്ഷണമേവേണ്ടൂ ബോധമുള്ളിൽ ജ്വലിപ്പാനും
മാലണയ്ക്കും തമസ്സാകെ മാഞ്ഞുപോവാനും".

എന്നിങ്ങനെ ജീവിതചാരിതാർത്ഥ്യനിർവ്വഹണത്തിൽ പ്രത്യാശ പുലത്തി,

"ഭുക്തഭോഗയായ്സഹിച്ച പരിവേദനയാൽ പാപ—
മുക്തയായി, സഹജേ, നീ മുക്തിപാത്രമായ്".

എന്നിങ്ങനെ ആ പ്രത്യാശയിൽ അസന്ദിശ്ധത വളത്തി, ദയനീയയായ അവളെ രമ്യോപദേശംമുഖേന നിർവ്വാണനിമഗ്നയാക്കിത്തീർത്തു. ഇങ്ങനെ യുക്തിയോടും ശക്തിയോടും കാരുണ്യക്കൊഴുപ്പോടുംകൂടി സഹൃദയഹൃദയങ്ങളെ ആവർജ്ജിക്കുമാറു നടന്ന ഉപഗുപ്തന്റെ ഉപദേശം, ഒരു ഗുളികയായുല്ലേഖിക്കുവാൻ തോന്നിയതു്, കംസനെ മഞ്ചത്തിന്നുന്തിത്തള്ളിക്കാതംവഴിദൂരത്തിട്ടു തല്ലിക്കൊന്ന ശവശരീരം സഭയിൽക്കൂടി വലിച്ചിഴച്ചതിനുശേഷം മാത്രം

"കംസസദ്ഗതി" എന്നും മറ്റുമുള്ള പേരിൽ "മോക്ഷത്തുല്യി ക" കൊടുക്കുന്നതു കണ്ടുകണ്ടു മനസ്ഥിതി ശുക്ഷതപ്രാപിച്ചതിനാലായിരിക്കണം.

"കരുണയുടെ ഗുണദോഷങ്ങളെ ക്രമംകഷമായി നിരൂപണം ചെയ്യുന്നതു് ഇവിടെ സംഗതമല്ല" എന്നു പഞ്ചാനനൻ പറയുന്നു. അതു ശക്യമല്ല എന്നു ഞാനും പറയുന്നു.

കുചേലവൃത്തത്തിനു് "കരുണ" എത്രമാത്രം വശീഭൂതമാണെന്നേ നോക്കേണ്ടതുള്ളൂ" എന്നു പഞ്ചാനനൻ പറയുന്നതിനു് കരുണ ഒരുതരത്തിലും കുചേലവൃത്തത്തിനു വശീഭൂതമല്ലെന്നു വിശദമാകുന്നു എന്നാണു് എന്റെ സമാധാനം.

"വാര്യർ പ്രതിപാദ്യമായ രസത്തിൽ അനുപ്രവിഷ്ടനായി രസപ്രവാഹത്താൽ നീതനാണെന്നു തോന്നാതിരിക്കയില്ല.

'ദീപിക്കുന്ന ദിവ്യരത്നമയംചൊല്ലപ്പെട്ടതെല്ലാം
പാപിഷ്ഠകംസകരംക്കേ കല്പം മരവുമാവൂ'.

എന്നു പാടുന്ന വാര്യർ ഭക്തിലഹരിയിൽ എത്രമാത്രം നിമഗ്നനാണെന്നു വിവരിക്കേണ്ടതില്ല. ആശാൻ നാടകസൂത്രധാരനെപ്പോലെ സ്വപാത്രങ്ങളെ വ്യാപരിപ്പിക്കുന്നു".

ഈ ഭാഗം കൊണ്ടു് ആശാൻ വാര്യരെ അനുകരിക്കുന്നില്ലെന്നു മാത്രമല്ല, വാര്യരിൽനിന്നു വളരെ വ്യത്യസ്തൻ

എന്നുകൂടി സാധിപ്പിക്കുകയാണ് പഞ്ചാനനൻചെയ്യുന്നത്. വാര്യർ പ്രതിപാദ്യമായ രസലഹരിയിൽ നിമഗ്നനായിരിക്കുന്നു. ആശാനാകട്ടെ, പ്രതിപാദ്യങ്ങളായ ധർമ്മങ്ങളിൽ യാതൊരു ബന്ധവുമില്ലാതെ നാടകസൂത്രധാരനെന്നപോലെ സപരിപാർശ്വങ്ങളെ വ്യാപരിപ്പിക്കുകമാത്രം ചെയ്യുന്നു. അനുകരണം പ്രകാശിപ്പിക്കുവാനുള്ള സംരംഭം പ്രതികരണപ്രകാശനത്തിലാണു കലാശിച്ചതെങ്കിലും ആശാനെ ഒന്നു താഴ്ത്തുവാൻ സാധിച്ചു എന്നു കൃതാർത്ഥതയുടെ വകയുണ്ടല്ലൊ!

"വാര്യർ പ്രതിപാദ്യമായ രസത്തിൽ അനുപ്രവിഷ്ടനായി രസപ്രവാഹത്താൽ നീതനാണെന്നു തോന്നാതിരിക്കയില്ല" എന്നു പ്രസ്താവിച്ചതു് സുപ്രസിദ്ധമായ സാഹിത്യാദ്ധ്യാവിനെ അനുസ്മരിച്ചുകൊണ്ടു തന്നെയാണോ? പദ്മനാഭസ്വാമിക്ഷേത്രവർണ്ണനത്തിനു പുറപ്പെട്ടിരിക്കുന്ന വാര്യരാൽ, ഭഗവാനെക്കുറിച്ചുള്ള അനുരാഗസ്വരൂപമായ ഭക്തി എന്ന ഭാവമല്ലയോ പ്രതിപാദിക്കപ്പെടുന്നതു്? രസധ്വനിയാണോ? അതിരിക്കട്ടെ; വാര്യർ ഭക്തിരസത്തിൽ നിമഗ്നൻതന്നെ ആയിക്കൊള്ളട്ടെ. ഞാൻ ശഠിക്കുന്നില്ല. പക്ഷേ, പദ്മനാഭസ്വാമിക്ഷേത്രവും പരിസരങ്ങളും വർണ്ണിക്കുമ്പോൾ, ഭംഗിയേറിയമതിൽക്കെട്ടു് സ്വർണ്ണമയമെന്നും ഒറ്റക്കല്ലുമണ്ഡപം, തിരുമുറ്റം മുതലായവയൊക്കയുംതന്നെ രത്നമയങ്ങളെന്നും വാര്യർക്കു തോന്നിയതു് ഭക്തിരസത്തിൽ നിമഗ്നനായതുകൊണ്ടോ, അതോ അവയ്ക്കുവേണ്ടി ചെലവഴിച്ച ധനത്തുകയോർത്തു വിസ്മയിച്ചു വിഹ്വലനായതുകൊണ്ടോ? ഭക്തിരസത്തിൽ നിമഗ്നനായ

തുകൊണ്ടാണെങ്കിൽ എല്ലാം ഈശ്വരമയമായിട്ടല്ലാതെ പൊന്നും പണവുമായിട്ടാണോ തോന്നുക? കവി വീതരാഗനാണെങ്കിൽ കാവ്യം നീരസമായിപ്പരിണമിക്കുന്നു എന്ന തത്ത്വത്തെ ഓർത്തുകൊണ്ട് വാര്യരെ സരസനും അതുവഴി കുചേലവൃത്തകാവ്യത്തെ സരസവും ആക്കുവാൻ പി. കെ. ശ്രമിച്ചതിൽ അനൌചിത്യമുണ്ടെന്നു ഞാൻ പറയുന്നില്ല. എന്നാൽ ധർമ്മാനുരാഗപരവശതയോടെ സമുചിതസാഹിതീസമാരാധനം ചെയ്യുന്ന വരകവിയായ കുമാരനാശാനെ, സ്വപാത്രങ്ങളെ വ്യാപരിപ്പിക്കുന്ന ഒരു നാടകസൂത്രധാരനോട് ഉദാഹരിച്ച് കരുണയെ ഒരു നീരസകാവ്യമാക്കുവാൻ ശ്രമിക്കുന്നതു കണ്ട് എന്റെ ഹൃദയസരസ്സ് വികാരതരംഗപരമ്പരയാൽ തരളിതമാകതന്നെ ചെയ്യുന്നു.

ഹാ! പാടങ്ങളിലിറങ്ങി രാവും പകലും പണി ചെയ്തു ചളിപുരണ്ടു കരുത്തിരുണ്ട് തീണ്ടാനും തൊടാനും പാടില്ലാതെ "നാഗരികനരലോകത്തിൻ ശ്യാമമാമാകൃതി പൂണ്ടനിഴൽ" കണക്കിൽ താണുകിടക്കുന്ന പാവപ്പെട്ട പ്രാകൃതജനങ്ങളെക്കണ്ടിളകി,

"ബാഹുവീര്യങ്ങളും ബുദ്ധിപ്രഭകളും
സ്നേഹമൊലിക്കുമുറവുകളും
അഹന്ത! എത്ര വിഫലമാക്കിത്തീർത്തു
നീ ഹിന്ദുധർമ്മമേ, ജാതിമൂലം",

എന്നിങ്ങനെ ഹിന്ദുധർമ്മത്തിനു വന്ന ധർമ്മക്ഷതിയോർത്തു വിറച്ചു,

"എത്രപെരുമാക്കൾ ശങ്കരാചാര്യന്മാ—
രെത്രയോതുഞ്ചന്മാർ കുഞ്ചന്മാരും
ക്രൂരയാംജാതിയാൽ ന്യൂനമലസിപ്പോയ്
കേരളമാതാവേ, നിൻ വയറിൽ",

എന്നീ നിലയിൽ സ്വന്തം ജന്മഭൂവിന്റെ അഭ്യുത്കർഷാപഭാരം ഏറിയകാലമായി തടയപ്പെട്ടതോർത്തു കറങ്ങി,

"തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും
വാച്ചീടും കല്ലുകൾ ഭാരതാംബേ,
താണുകിടക്കുന്ന നിൻ കുക്ഷിയിൽ ചാണ
കാണാതെ യാറേഴുകോടിയിന്നും",

എന്ന വിധത്തിൽ അനുകമ്പാഹ്രായ അനേകകോടി അധഃകൃതരുടെ ശിരസ്സുകളിൽ അമർത്തിച്ചുവിട്ടിയ യാഥാസ്ഥിതികരുടെ കാലടിക്രൌര്യം കണ്ടു ചുട്ടുനീറി,

"ഭേദങ്ങളറപൊരുളിനെക്കാഹള—
മോതിവാഴ്ത്തീടുന്ന വേദംനാലും
വൈദികമാനികൾ മർത്യരിൽഭേദവും
ഭേദത്തിൽഭേദവും ജല്പിക്കുന്നു.

എന്തൊരുവൈകൃതം ബ്രഹ്മവിദ്യേ, നിന്നി—
ലെന്താണിക്കാണുന്ന വൈപരീത്യം
നിർണ്ണയം നിന്നെപ്പോൽ പാരിലധോഗതി
വിണ്ണവർഗംഗയ്ക്കുമുണ്ടായില്ല",

എന്നിപ്രകാരം ഹിന്ദുമതത്തിനു നേരിട്ട ഇതരസാധാരണ

മല്ലാത്ത ദയനീയാധഃപതനം ഓർത്ത് ഉരുകി വിവിധരീതിയിൽ വിഷമിക്കുന്ന കരളോടുക്കൂടെ കണ്ണുനീർ വാർത്തുംകൊണ്ട്, സമരസസുന്ദരങ്ങളായ ഹൈന്ദവധർമ്മസിദ്ധാന്തങ്ങൾ പ്രായോഗികങ്ങളായി എവിടെപ്പുലരുന്നു എന്നു തിരഞ്ഞു്, സ്വതന്ത്രം സന്തതിയെന്നു കരുതപ്പെടേണ്ടുന്ന ഹിരണ്യകശിപുവിനെത്തള്ളിത്താഴത്തിട്ട് മാറ്റിടം പിളർന്ന രുധിരം കുടിച്ചു തൃപ്തിയടഞ്ഞ അവതാരമൂർത്തിയെപ്പിന്നിലാക്കി, "മാനുഷരെല്ലാരുമൊന്നുപോലെ" എന്നു കരുതി രാജ്യം ഭരിച്ചിരുന്ന മഹാബലിയെച്ചവിട്ടിത്താഴ്ത്തി അനൈക്യം വളത്തിയ അവതാരമൂർത്തിയെത്തിരിഞ്ഞുനോക്കാതെ, ഇരുപത്തൊന്നുവട്ടം ആര്യക്ഷത്രിയവീരന്മാരെ വെണ്മഴുകൊണ്ടു വെട്ടി ഭാരതമേദിനിയെ രക്തപ്പുഴയിൽ ആറാടിച്ച അവതാരമൂർത്തിയെ സ്മരിക്കാതെ, കടൽ നീന്തിക്കടന്നുചെന്നും ഭാരതസമുദ്ധരണത്തിന്നു് ആവുംവിധം വേലചെയ്ത ശബരീഗുഹസുഹൃത്തായ അവതാരമൂർത്തിയെ വിസ്മരിക്കാതെ, ജളനായ അന്ധനെക്കണ്ടാലും ഭക്തികൊണ്ടു കണ്ണുനീർ വാർക്കുന്ന അവതാരമൂർത്തിയെ സ്തുതിക്കാതെ, അനുപമകാരുണ്യപ്പൊൻമലരുകളിൽ നിന്നു് ഉദിച്ചുപൊങ്ങുന്ന വിശ്വൈകമൈത്രീപരിമളധോരണികൊണ്ടു് ആമോദഭ്രമോത്സവംകൊള്ളുന്ന അവതാരമൂർത്തിയുടെ പൊൽത്തണലിൽ പാഞ്ഞണഞ്ഞു്, ഹൈന്ദവധർമ്മവിജയംകണ്ടു പരിതൃപ്തനായി ഉപഗുപ്തനോടൊപ്പം പതിതകാരുണ്യത്തോടെ ചുടുകാടുവരെ ഓടിയെത്തുന്ന സ്നേഹഗായകമഹാകവികുമാരനാശാൻ, ചെങ്കല്ലു കണ്ട ചെമ്പല്ലുതു പൊന്നെന്നു പറയുന്ന ആശാവിധേയനായ വായനക്കാരുടെ മുന്നിൽ, പഞ്ചാ

നന്നാൽ വെറും ഒരു നാടകസൂത്രധാരനാക്കിക്കാണിക്കപ്പെട്ടാൽ ഏതൊരു സാഹിത്യസുഹൃത്തിന്റെ ഹൃദയസരസ്സാണ് തരളിതമാകാതിരിക്കുക!

"ആശാന്റെ ബുദ്ധമതത്തോടു പ്രകടമായുണ്ടായിരുന്ന പ്രതിപത്തിയും ഹിന്ദുമതത്തിനോടു് അനല്പമായുണ്ടായിരുന്ന അരോചകവും ഒടുവിൽ ഉപഗുപ്തനെ പുകഴ്ത്തുന്ന ഭാഗത്തു കവിയെ സ്പർശിക്കുന്ന രസമായി പ്രകാശിക്കുന്നുണ്ട്."

എന്ന പഞ്ചാനനപ്രസംഗം കേൾക്കുമ്പോൾ ജനസമുദായത്തിൽ ബുദ്ധമതപ്രതിപത്തിയും ഹിന്ദുമതവിപ്രതിപത്തിയും ഉളവാക്കുവാൻ പരിശ്രമിച്ച ഒരാളായിരുന്ന ആശാൻ എന്നു് ആർക്കും തോന്നിപ്പോകും. ആശാന്നു് ബുദ്ധമതത്തിനോടു് പ്രകടമായ ഒരു പ്രതിപത്തിയോ ഹിന്ദുമതത്തിനോടു് അപ്രകടമായ ഒരു വിപ്രതിപത്തിയോ ഉണ്ടായിരുന്ന എന്നു തെളിയിക്കാൻ പഞ്ചാനനനു കഴിയുമോ? ഈഴവസമുദായത്തിന്റെ ഇടയിൽ മതപരിവർത്തനബാഹളം തുടങ്ങിപ്പോൾ—ഈഴവരിൽ ചിലർ ബുദ്ധകക്ഷിയായി പ്രവർത്തനരംഗത്തിലിറങ്ങി സമുദായത്തെ ഒട്ടാകെ ബുദ്ധമതത്തിലേയ്ക്കു ക്ഷണിക്കുവാൻ മുതിർന്നപ്പോൾ—അവരെത്തടയുന്നതിനും ഹിന്ദുമതത്തിൽതന്നെസ്ഥിരപ്രതിഷ്ഠന്മാരാക്കുന്നതിനും ആശാൻ പരിശ്രമിച്ചതായിത്തെളിയിക്കുവാൻ കഴിയും. "മതപരിവർത്തനരസവാദം" എന്ന പേരിൽ അദ്ദേഹം എഴുതിയ ഉപന്യാസം ഈ സംഗതിയിൽ സാക്ഷ്യം വഹിക്കുന്നു. അതിൽ ഇങ്ങനെ പറയുന്നു:–

"രാജാ രാമമോഹനറായി മുതലായ മഹാന്മാർ ഹിന്ദുമതത്തിൽ അവക്ക് സ്ഥാനമില്ലെന്നു പറഞ്ഞതായി നിങ്ങൾ വാദിക്കുന്നു. രാമമോഹനറായി ഹിന്ദുമതത്തെ നിരസിച്ചിട്ടില്ല; വേദാന്തമതത്തെ അദ്ദേഹം ശ്ലാഘിക്കുന്നു. മഹാകവി ടാഗ്രർ ഉപനിഷത്തുക്കളിൽ വളരെ അഭിമാനമുള്ള ദേഹമാണു്. അവരെല്ലാം ഹിന്ദുമതത്തിന്റെ ചില വശങ്ങളെ മാത്രമേ ആക്ഷേപിക്കുന്നുള്ളൂ. എന്നാല്ല, ഇവരാരും ബുദ്ധമതം അംഗീകരിപ്പാൻ ജനങ്ങളോടു് ആവശ്യപ്പെടുന്നുമില്ല. ആ പണ്ഡിതന്മാർ ബുദ്ധമതത്തെപ്പറ്റി നമ്മെപ്പോലെയോ അധികമോ അറിഞ്ഞിരിക്കാമെന്നുള്ളതുമാണു്. ശ്രീവിവേകാനന്ദസ്വാമി ബുദ്ധമതത്തെപ്പറ്റി വളരെ പരിജ്ഞാനവും ബഹുമാനവും ഉള്ള മഹാനായിരുന്നില്ലേ? ജാതിശല്യത്തെപ്പറ്റി നിഷ്കരുണമായി ആക്ഷേപിക്കുകയും ഗാഢമായി അനുതപിക്കുകയുംചെയ്ത വിശാലഹൃദയനായിരുന്നില്ലേ? എന്തുകൊണ്ടു് അദ്ദേഹം ഹിന്ദുമതത്തെ പരിഷ്കരിപ്പാൻ അല്ലാതെ ബുദ്ധമതത്തെ ഉജ്ജീവിപ്പിപ്പാൻ ഉപദേശിച്ചില്ല? ഈ സംഗതികളെപ്പറ്റി നമ്മൾ നിശ്ചയമായും ചിന്തിക്കേണ്ടതാകുന്നു"...."വിശേഷിച്ചും നമ്മിൽ ചിലരുടെ അഭിപ്രായഗതി അനുസരിച്ചു്, അധ്യാത്മവിഷയത്തിൽ സ്ഥിരപ്രതിഷ്ഠയുള്ള സ്വാമിത്തൃപ്പാദങ്ങൾ മതം മാറുന്നതല്ലെന്നു് എനിക്കു തീർത്തുപറവാൻ കഴിയും. നമ്മുടെ മതഗുരുവിനെ നമ്മൾ മതം മാറ്റാൻ ശ്രമിക്കുന്നതു് ഗുരുതല്പമല്ലെന്നും പറയേണ്ടി വന്നതിൽ ഞാൻ വ്യസനിക്കുന്നു".

ഇതുയുംകൊണ്ടുതന്നെ ഹിന്ദുമതത്തിനോടു് ആശാ

നിൽ, പി. കെ. യാൽ സൂക്ഷിച്ചു വീക്ഷിക്കപ്പെട്ടന്ന അരോചകം മറ്റാരാലും കാണപ്പെട്ടുവാൻ ശക്യമല്ല. ആകയാൽ ബുദ്ധമതത്തിനോടുള്ള പ്രതിപത്തിയും ഹിന്ദു മതത്തിനോടുള്ള വിപ്രതിപത്തിയും കവിയെ സ്പർശിക്കുന്ന രസമായി പ്രകാശിക്കുന്നു എന്ന പ്രസംഗം അനാവശ്യ പ്രസംഗംതന്നെ എന്നു സിദ്ധമായി. വിശ്വത്തിന്റെ വിപരീതഗതിയെ സ്വന്തം നാടത്തിന്റെ മാറ്റൊലികൊണ്ടു മാറ്റിമറിക്കുകയും ഹൈന്ദവസനാതനധർമ്മസമുച്ചയത്തെ പുനരുജ്ജീവിപ്പിക്കുകയുംചെയ്ത വിവേകാനന്ദനെന്ന മഹാപുരുഷസിംഹം, "ലോകത്തിൽ ഇത്രവരെ ഇത്ര വലിയ ഒരു കർമ്മയോഗി ഉണ്ടായിട്ടില്ല" എന്നു ഭഗവാൻ ബുദ്ധനെക്കുറിച്ചു തീർത്തു പറയുന്നു. (അദ്ദേഹത്തിന്റെ കർമ്മയോഗം എന്ന പ്രസംഗത്തിന്റെ അന്തിമവശങ്ങൾ നോക്കുക.) ഇങ്ങനെ ഭഗവാൻ ബുദ്ധനെ പ്രശംസിച്ചതുകൊണ്ട് അത് ബുദ്ധമതത്തിനോടുള്ള പ്രതിപത്തിയും ഹിന്ദുമതത്തിനോടുള്ള അരോചകവും സ്വാമി വിവേകാനന്ദനെ സ്പർശിക്കുന്ന രസമായി ആരും കരുതീട്ടില്ല; കരുതുകയുമില്ല. വേദങ്ങളെ വിഭജിച്ചും ബ്രഹ്മസൂത്രങ്ങൾ നിർമ്മിച്ചും ഹൈന്ദവജ്ഞാനഭണ്ഡാരത്തെ അഖണ്ഡവും വ്യവസ്ഥിതവും ആക്കിത്തീർത്ത ഭഗവാൻ വ്യാസൻ,

ദുഷ്ടയജ്ഞവിഘാതായ
പശുഹിംസാനിവൃത്തയേ
ബുദ്ധരൂപം ദധൗയോസൌ
തസ്മൈ ശ്രീവിഷ്ണവേ നമഃ

എന്നു ശ്രീബുദ്ധദേവനെ സാഷ്ടാംഗം പ്രണമിക്കുന്നു. ഇതാ കട്ടെ, ഹിന്ദുമതത്തിനോടുള്ള അരോചകം വ്യാസദേവനെ സ്പർശിക്കുന്ന രസമാണെന്നു പറയുവാൻ വല്ലവരുടേയും രസനാഞ്ചലം വ്യാപരിക്കുമോ? വ്യാപരിച്ചിട്ടുണ്ടോ?

വാസവദത്ത ഒരു ഹിന്ദുമതസ്ഥയാകുന്നു എന്നാണ് ആശാൻ സൂചിപ്പിക്കുന്നതെന്നും അധമചരിതയായ വേശ്യയുടെ വേഷത്തിനു ഒരു ഹിന്ദുയുവതികൊള്ളാമെന്നാണ് ആശാനു തോന്നിയതെന്നും അവളെ ഒരു ഇസ്ലാംമതസ്ഥയെന്നു സൂചിപ്പിച്ചിരുന്നെങ്കിൽ വലിയ കുഴപ്പങ്ങളെല്ലാം സംഭവിക്കുമായിരുന്നു എന്നും പറഞ്ഞു കുറഞ്ഞൊരു ക്രോധാവേശത്തോടെയാണ് ആശാനെ തരം തിരിച്ചു താഴ്ത്തുന്ന സംരഭത്തിൽ നിന്നും പഞ്ചാനനൻ വിരമിക്കുന്നത്. എന്നാൽ ഇത്തരം സൂചനംകൊണ്ട് ഹിന്ദുക്കൾക്ക് ആശാനെറനേരേ പ്രദ്വേഷബുദ്ധി ജനിക്കുമെന്നു വിശ്വസിക്കുന്നതു് അസ്ഥാനത്തിലാകുന്നു.

ധ്യാനവ്യാജമുപേത്യ ചിന്തയസികാ—
മുന്മീല്യ ചക്ഷുഃക്ഷണം
പശ്യാനംഗശരാതുരം ജനമിമം
ത്രാതാപിനോരക്ഷസി
മിഥ്യാകാരുണികോസി നിഷ്ക്രുണതര—
സ്ത്വത്തസ്സകോന്യഃ പുമാന്
സേഷ്യം മാരവധൂഭിരിത്യഭിഹിതോ
ബുദ്ധോജിനഃ പാതുവഃ.

ഇതു് നാഗാനന്ദനാടകത്തിലെ നാന്ദിയാണു്. സന്യാസിയായ ഭഗവാൻ ബുദ്ധന്റെ അരികിൽ ചെന്നു കാമപാര

വശ്യം അറിയിക്കുന്ന ഇതിലെ വേശ്യകൾ വാസവദത്തയെപ്പോലുള്ള മാനുഷികളല്ല; ഹിന്ദുക്കളുടെ ദേവന്മാരുടെ വേശ്യകളാണ്. ശ്രീ ഹർഷദേവകവി ഇങ്ങനെ കാണിച്ചിട്ടും ഹിന്ദുക്കളിൽ ആരുംതന്നെ വ്യാകോപിക്കാതെ നാഗാനന്ദനാടകത്തെ ആദരിച്ചുപോരുന്നു എന്നതു ശരിയാണെങ്കിൽ പഞ്ചാനനന്റെ പ്രസ്തുത സൂചനം അസ്ഥാനസ്ഥമെന്നല്ലാതെ മറെറന്തു പറയാനാണ്! എന്നാൽ ഹിന്ദുക്കളുടെ ഇടയിൽ ഇങ്ങനെ വല്ല വിദ്വേഷപ്രകടനങ്ങളും ഉണ്ടായേയ്ക്കുമെന്നു ശങ്കിച്ചിട്ടായിരിക്കുമോ സൂക്ഷ്മാവലോകനശക്തിയോടുകൂടിയ മഹാകവി

"നിതംബഭൂരുതയാൽതാൻ നിലംപിടാൻ കഴിയാതി—
സ്ഥിതിയിൽതങ്ങുമീക്ഷോണീരംഭതാനത്തേ
"വാസവദത്താ"ഖ്യയായ വാരസുന്ദരി—മധുരാ—
വാസികളിലറിയാതില്ലിവളെയാരും".

എന്നിങ്ങനെ രംഭയെന്ന ഹൈന്ദവദേവവേശ്യ എന്നുള്ളേഖിച്ചുകൊണ്ട് വാസവദത്തയെ അവതരിപ്പിക്കുന്നതു്?

രസദർശനം.

കരുണയിൽ ഒന്നാമത്തെ ഭാഗത്തിൽ ശൃംഗാരരസത്തെയാണു് പ്രതിപാദിക്കുന്നതു്. അതു് എത്രയും കമനീയമായ നിലയിൽ തന്നെ നിർവ്വഹിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഉപഗുപ്തനിൽ അനുരാഗം വളർന്നുകൊണ്ടിരിക്കവേ വാസവദത്തയ്ക്കു് വണിഗ്വരനെ ആലംബിച്ചു രതിയുളവായി എന്ന പ്രതിപാദനം ഉചിതമായോ എന്ന ശങ്ക അങ്കുരിക്കാവുന്നതാണു്. പക്ഷേ വാസവദത്ത

സാമാന്യനായികയാകയാൽ ഇവിടെ ആ അനൌചിത്യ ശങ്കയ്ക്ക് അവകാശമില്ല. ശൃംഗാരരസത്തെ പ്രതിപാ ദിക്കുന്ന പ്രസ്തുത രംഗത്തിൽതന്നെ

"കുണ്ഠിതയായതുകേട്ട പുരികംകോട്ടിയുംകളി—
ച്ചെണ്ടുചെറുചൊടിച്ചുടൻ വലിച്ചെറിഞ്ഞും
മട്ടൊഴുകുംവാണിയവഠചൊല്ലിനാഠമനമുഴറി—
യൊട്ടതോഴിയോടായൊട്ട സ്വഗതമായും
സമയമായില്ലപോലും സമയമായില്ലപോലും
ക്ഷമയെന്റെഹൃദയത്തിലൊഴിഞ്ഞുതോഴീ!"

എന്നു തുടങ്ങിയ അംശങ്ങഠംകൊണ്ട് ഹാസ്യരസത്തെ ധ്വ നിപ്പിക്കുന്നു. ഹാസ്യം ശൃംഗാരരസത്തിന്നു വിരോധിയല്ല എന്നതു് പ്രത്യേകം സ്മരണീയമാകുന്നു. പ്രകൃതത്തിൽ അ തിന്റെ പ്രതിപാദനം ഏറ്റവും ആകർഷകമായിട്ടും ഇരി ക്കുന്നു. രണ്ടാമത്തെ ഭാഗത്തിൽ ചുട്ടകാടിന്റെ വർണ്ണ നത്തിൽ

"ചികഞ്ഞെടുത്തെന്തോചിലഭിക്കിൽനിന്നു ശാപ്പിടുന്നു
പകലെന്നോക്കാതെ ക്രൂരൻകരുനരികഠം,
കറിയോരങ്കുശംപോലെ ക്രുത്തുവളഞ്ഞുള്ള കൊക്കു
നിറയെക്കൊത്തിവലിച്ചും നഖമൂന്നിയും
ഇരയെടുക്കുന്നപെരുംകഴുകകഠംചിലഭിക്കിൽ
പരിഭ്രമിയാതിരുന്ന ഭയങ്കരങ്ങഠം".

എന്നു തുടങ്ങുന്ന ചില വരികഠംകൊണ്ടു് ബീഭത്സരസത്തെ യാണു് ധ്വനിപ്പിക്കുന്നതു്. രണ്ടാമത്തെ ഭാഗത്തിൽതന്നെ

ചുടലയിലേയ്ക്ക് ഓടിയെത്തുന്ന ഉപഗുപ്തനെക്കുറിച്ചുള്ള വർണ്ണനത്തിലെ

"ഝടിതിയങ്ങിതാപാരംചാരുവായ് പ്രാംശുവായ് നിഴൽ
പടിഞ്ഞാറുവീഴുമൊരുഭാസുരാകൃതി
നടയ്ക്കാവുടേവരുന്നു, ഭാനുമാനിൽനിന്നുകാറിൽ
കടപൊട്ടിപ്പറന്നെത്തും കതിരുപോലെ".

എന്ന വരികൾകൊണ്ട് അദ്ഭുതരസോദ്ഘടനമാണ് സാധിതമാകുന്നത്. അടുത്തുതന്നെയുള്ള

"പാവനമാംമുഖപരിവേഷമാന്മുഗ്ധയുവ—
ഭാവമോടുംക്രമേഴുംവാർമിഴികളോടും
ആവരുംവ്യക്തിനൂനമൊരാഹ്ലാദനാം, മെയ്യിൽമഞ്ഞ-
ച്ചീവരംകാണുന്നു, കൈയിൽ ചട്ടികാണുന്നു.
ഭിക്ഷതേടിവരികയില്ലിവിടെയിവനെന്നല്ലി—
ബ്ഭിക്ഷുപാത്രപതനല്ല ചുടലപൂകാൻ;
ഇക്ഷണം മുങ്ങുമാക്കോകൈയേകുവാൻപോന്നൊന്നും
[തോന്നും
ദക്ഷതയുംത്വരയുംദാക്ഷിണ്യവുംകണ്ടാൽ."

എന്ന വരികൾകൊണ്ട് ദയാവീരരസം വ്യഞ്ജിപ്പിക്കപ്പെടുന്നു.

"മടുത്തുനില്ക്കുന്നു, പിന്നമ്മഹിളമാഴ്കിവാണീടു—
മിടത്തെത്തുന്നു, കണ്ടവൾസംഭ്രമിക്കുന്നു,
'വാസവദത്തതാനോയീവിപന്നമാംപ്രിയജനം?
നീസദയംചൊല്ലുഭദ്രേ, ഉപഗുപ്തൻഞാൻ'"

എന്ന വരികൾകൊണ്ട് കരുണരസത്തെ വെളിപ്പെടുത്തുന്നു. ഈ രണ്ടാംഭാഗത്തിൽതന്നെയുള്ള

പരമസാധ്വിയിൽപോലും പുരുഷന്നുശങ്കതോന്നാം
പുരഗണികയിൽപിന്നെപ്പറയേണമോ?
കുപിതനാക്കിയാലവൻ കലക്കമുണ്ടാക്കും, ഭാവി
വിപൽക്കരമായുംതീരുമവർക്കാകയാൽ
മുഖംതെല്ലുകറുക്കുമാമുഖ്യജാരനെക്രമേണ
പുകയുമഗ്നിബാണംപോലവർപേടിച്ചു
പരിജനങ്ങളുമായിപ്പരിഭ്രമിച്ചുഹോ! തനുവി
തിരഞ്ഞു രക്ഷായുധങ്ങൾബുദ്ധിശാലയിൽ",

ഈ വരികൾകൊണ്ട് ഭയാനകരസത്തെ സ്ഫുടിപ്പിക്കുന്നു. അടുത്തുതന്നെ കാണുന്ന

"ഒറ്റുകാർകൂഴിച്ചവന്റെ വികൃതപ്രേതമെടുത്തു
കുറവാളിയായവളെബ്ബന്ധനംചെയ്തു"

എന്നുതുടങ്ങി

"കരചരണശ്രവണനാസികകളംമുറിച്ചു ഭ്രമ—
നരകമാംചുടുകാട്ടിൻനടുവിൽതള്ളി"


എന്നുവരെയുള്ള വരികൾകൊണ്ട് രൌദ്രരസത്തെ അവതരിപ്പിക്കുന്നു. മൂന്നാംഭാഗത്തിലുള്ള

"യമുനയിലിളംകാറ്റു തിരതല്ലി,ശാഖചലി—
ച്ചുമരസല്ലാപംകേൾക്കായരയാലിന്മേൽ;
താണുടനെരണ്ടുനീണ്ടഭാനുകിരണങ്ങളുടെ
ചേണിയന്നകനകനിശ്രേണിയുണ്ടാക്കി;

അതുനോക്കിക്കരുതുകമാന്മമലവിസ്മയസ്മേര—
വദനയാമവധംക്കഹോ! ശാന്തശാന്തമായ്,
അദ്ധ്നിമീലിതങ്ങളായുപരിപൊങ്ങിമിഴിക—
ള്ളദ്ധ്വലോകദിദൃക്ഷയാലെന്നപോലെതാൻ
പാവക,നീ ജയിക്കുന്നു പാകവിജ്ഞാനത്താൽ,നശ്യ-
ജ്ജീവലോകംതേടുമിന്നോനാളെയോനിന്നെ".

ഈ വരികൾകൊണ്ട് ശാന്തരസത്തെ ഉളവാക്കുന്നു. ഇങ്ങനെ ഈ ചെറുകാവ്യം നവരസരുചിരമെന്നു സൂചിപ്പിക്കുവാനല്ലാതെ വിശദമായ വിവരണത്തിന്ന് ഈ അവസരത്തെ വിനിയോഗിക്കുവാൻ നിവൃത്തിയില്ല.

നിരൂപണത്തിന്റെ ആരംഭത്തിലും ഇടയ്ക്കിടയ്ക്കും സംക്ഷിപ്തമായിക്കാണിക്കപ്പെട്ടിട്ടുള്ള വസ്തുധ്വനി, അലങ്കാരധ്വനി എന്നിവയുടെ വൈശിഷ്ട്യത്തേയും വിസ്മരിക്കാതിരിക്കണം. ഈവിധം വസ്ത്വലങ്കാരധ്വനികളാൽ മഹിതമായും, രസധ്വനികളാൽ അത്യന്തം സുന്ദരമായും, വിശിഷ്യ ശാന്തരസപ്രധാനമായും പരിശോഭിക്കുന്ന "കരുണ"യുടെ ചുവ്വണദശയിൽ അവിച്ഛിന്നാധാരം ഉളവാകുന്ന രസാമൃതത്തെ ആസ്വദിച്ചാസ്വദിച്ചു് മതിവരാതെ കഴിയുന്ന വിബുധലോകത്തിൽ ആക്ഷംതന്നെ കുചേലവൃത്തത്തെക്കുറിച്ചു് അവജ്ഞയുണ്ടായിരിക്കേണ്ട ആവശ്യമില്ല.



Printed at
The Jayaram Printing Works, Alleppey.

1-ാം പതിപ്പു കാപ്പി 1000.

1111.